MR. J. E. A. PEREIRA: Sir, I desire to draw the attention of Government for affording some encouragement to the leper asylum established at Shertallai by Rev. Father Thomas. As far as I know, it is a well-organised one and conducted on proper lines and therefore my submission is that some encouragement should be shown provided Government are satisfied that it is run on correct lines. If the Surgeon General feels that it is run on efficient lines and if Government approve of that, the question of giving encouragement may be considered. After all, it is only very few who take courage to look after the welfare of the lepers. There was an appeal from Rev. Father Thomas to the Dewan who also assured that sympathetic consideration will be shown by Government. For these reasons, I earnestly plead that some thing may be done to that institution, provided the Government are thoroughly satisfied about the working of that institution.

MR. T. T. KESAVAN SASTRI: സർ, ഞാൻ ഈ ഉപക്ഷേപത്തിന്റെ തത്വത്തെ അനുകൂലിച്ചുകൊള്ളുന്നു. ഈ ഉപക്ഷേപം കൊണ്ടു നിർദ്ദേശിക്കപ്പെടുന്ന കാര്യങ്ങളുടെ സത്വരമായ നടത്തിപ്പ് തികച്ചും പൊതുജനോപയോഗത്തെ ഇവിടെ സാരമായി സഹായിക്കുമായിരിക്കും.

PRESIDENT: I am very loath to interrupt honourable members. But the honourable members will remember that there are only 40 minutes more for the discussion of this demand within which time the demand has to be statutorily put to vote and if they have any big immediate matters of policy to consider, they may put a limit on representing local grievances so as to enable full discussion on the bigger matters of policy. This is purely a suggestion.

MR. T. T. KESAVAN SASTRI: സർ, മെഡിക്കൽ ഡിപ്പാർട്ടുമെന്റ് നമ്മുടെ രാജ്യത്തെ ധർമ്മസ്ഥാപനങ്ങളുടെ മുമ്പിൽ സ്ഥിതിചെയ്യുന്നു. തന്നിമിത്തം പൊതുജനങ്ങൾ എവിടെയും ഈ ഡിപ്പാർട്ടുമെന്റു മുഖേന ഇന്ന് കൂടുതൽ സഹായം മാർജ്ജിക്കുന്നു. മെഡിക്കൽ ഡിപ്പാർട്ടു

[Mr. T. T. Kesavan Sastri.]

മെൻറുകൊണ്ട് മഹാരാജാവുതിരുമനസ്സിലെ ബഹുമാനപ്പെട്ട ഗവണ്മെൻറ് രാജ്യവാസികളുടെ പൊതുആരോഗ്യസംരക്ഷണം നടത്തിപ്പോരുന്നു. ആതുരരായ ജനസഞ്ചയം ഗവണ്മെൻറിൻേറയും ഡിപ്പാർട്ടുമെൻറിൻേറയും ഈ സഹായത്തെ കൃതജ്ഞതാപൂർവ്വം അനുസ്മരിക്കാതിരിക്കുന്നില്ല. ഡിപ്പാർട്ടുമെൻറധികൃതർ, ഈ വകുപ്പിൻെറ നിലയും വിലയും പ്രയോജനവും അറിഞ്ഞു പ്രവർത്തിക്കാൻ തല്പരരായിരുന്നാൽ ഉണ്ടാകാവുന്ന സമാധാനം, ഒന്നു പ്രത്യേകംതന്നെ ആയിരിക്കും. എന്നാൽ ഈ ഡിപ്പാർട്ടുമെൻറ് ഡാക്ടർമാരിൽ അധികവും പ്രസ്തുത ഡിപ്പാർട്ടുമെൻറിൻെറ ധാർമ്മികവശത്തെപ്പററി സ്മരണയില്ലാത്തവരായിട്ടാണ് കാണുന്നതു്. ഇങ്ങനെ സംഭവിക്കാനിടയാകുന്നതു് മിക്കവാറും പ്രതിഫലേഛകൊണ്ടാണെന്ന് ഇവിടെ വിശേഷിച്ച് പറയേണ്ടതായിട്ടില്ല. പണം കൊടുക്കുന്ന രോഗികളുടെ കാര്യത്തിൽ ഡോക്ടറന്മാർ കൂടുതൽ ശ്രദ്ധിക്കുന്ന വിവരവും, കൈമടക്ക് കൊടുക്കാത്ത സാധുക്കളായ രോഗികളുടെ കാര്യത്തിൽ അശ്രദ്ധ കാണിക്കുന്ന വിവരവും പരസ്യമായിട്ടുള്ള ഒരു പരമാർത്ഥമാണ്. ആശുപത്രികളെ അഭയം പ്രാപിക്കുന്ന സാധുക്കളായ രോഗികളെ സംബന്ധിച്ച്, ഡിപ്പാർട്ടുമെൻറദ്ധ്യക്ഷൻെറ സവിശേഷമായ ശ്രദ്ധ പതിയേണ്ടതായിട്ടാണിരിക്കുന്നതു്. സർജൻ ജനറൽ എപ്പോഴും മുന്നറിവുകൾ നൽകാതെ തന്നെ ആശുപത്രികൾ പരിശോധിക്കേണ്ടതാണ്.

സർ, ഉപക്ഷേപംകൊണ്ട് നിർദ്ദേശിച്ചിട്ടുള്ള ട്രിവാൻഡ്രം ജനറൽ ഹോസ്പിററൽ കാര്യം, പ്രത്യേകം ഈ സന്ദർഭത്തിൽ ശ്രദ്ധാർഹമാണ്. ജനറൽ ഹോസ്പിററൽ തിരുവിതാംകൂറിലെ ഒന്നാമത്തെ ഹോസ്പിററലാണ്. എല്ലാ സ്ഥലങ്ങളിൽനിന്നും ഇവിടെ രോഗികൾ വന്നുചേരുന്നു. ഇവർ ചികിത്സയിലും, ശസ്ത്രക്രിയകളിലും, സംരക്ഷണകാര്യങ്ങളിലും, കൂടുതൽ വിശ്വാസം ഉള്ളവരാകുന്നു. ഇപ്പോൾ ഇവിടെ ഹാജരാകുന്ന രോഗികൾക്കു മതിയായ സ്ഥലസൌകര്യങ്ങൾ തീരെ ഇല്ലെന്നു കാണുന്നു. ഗവണ്മെൻറ് ഇതിനു വേണ്ട പരിഹാരം സമയം ഉണ്ടാക്കേണ്ടതായിട്ടാണിരിക്കുന്നതു്.

സർ, ൧൧൧൯ ചിങ്ങമാസം ൧-ാംനു-മുതൽ ൧൧൧൯ മിഥുനം ൩൦-ാംനു-വരെ ജനറലാശുപത്രിയിൽ ൮൭,൦൦൦-പേരെ ചികിത്സിപ്പിച്ചിട്ടുള്ളതായി ഒരു മറുപടിയിൽ കാണുന്നു. ഇവരിൽ ൧൧൬൭൧ പേരെ ആശുപത്രിയിൽ കിടത്തി ചികിത്സിപ്പിച്ചിട്ടുള്ളതായും കാണുന്നു. ഈ സ്ഥിതിക്ക് ജനറലാശുപത്രിയിൽ രോഗികൾക്ക് വേണ്ട സ്ഥലസൌ

കയ്യുങ്ങളും കിടക്കകളും മററും കഴിയുന്നതും വേഗം ഉണ്ടാക്കുന്നതിലേക്ക് വേണ്ടതു ചെയ്യേണ്ടതാണ്.

അവസാനമായി ഒരു കാര്യംകൂടി പ്രസ്താവിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് ആശുപത്രികളിൽനിന്നും മരുന്നു നൽകി വില വാങ്ങുന്ന രീതിയെപ്പററി ആണറബിൾ മെമ്പർ, മി. ചാഴിക്കാടൻ, ഇവിടെ ഉന്നയിച്ച അഭിപ്രായത്തെപ്പററിയാണ്.

അൻപതു രൂപയ്ക്കുമേൽ ആദായമുള്ളവരിൽനിന്നു മാത്രമാണ് ഒരു നിശ്ചിത മരുന്നു വില ഈടാക്കുവാൻ ഗവണ്മെൻറ് ഇപ്പോൾ നിർദ്ദേശിച്ചിട്ടുള്ളത്. പാവങ്ങളുടെ കാര്യത്തിൽ ഗവമ്മെൻറ് ദാക്ഷിണ്യം അനുവദിച്ചിട്ടുള്ളത് പ്രത്യേകം സ്മരണീയവുമാണ്. യുദ്ധകാലപരിതസ്ഥിതിയിൽ നിശ്ചയമായും പണക്കാരിൽനിന്നും വില വാങ്ങുന്ന നയവും, സാധുക്കൾക്കു സൌജന്യമായി മരുന്നുകൾ നൽകുന്ന ഇന്നത്തെ നയവും, തുടൎന്നുകൊണ്ടുപോകുന്നതു നന്നായിരിക്കുമെന്നാണ് എൻെറ അഭിപ്രായം. ഉപക്ഷേപത്തിൻെറ തത്വത്തെ അനുകൂലിച്ചുകൊണ്ട്, വിരമിക്കുന്നു.

MR. P. K. KURIAKOSE (*Muvattupuzha cum Devicolam*): സർ, എനിക്ക് ബഹുമാനപ്പെട്ട ഗവമ്മെൻറിൻെറ ദൃഷ്ടിയിൽ കൊണ്ടുവരാനുള്ളത്, മൂവാററുപുഴയ്ക്കും തൊടുപുഴയ്ക്കും മദ്ധ്യേ വാഴക്കുളം എന്ന് ഒരു സ്ഥലമുണ്ട്. ഒട്ടുവളരെ ജനങ്ങൾ അധിവസിക്കുന്ന ഒരു സ്ഥലമാണ് അതു്. അവിടെ ഒരു ആശുപത്രി സ്ഥാപിക്കുന്നതിനുവേണ്ടിയുള്ള ആവശ്യകത നിമിത്തം ഒരു ഡെപ്യൂട്ടേഷൻതന്നെ ഈ തലസ്ഥാനനഗരിയിൽ വന്ന് പല ഉദ്യോഗസ്ഥന്മാരെ കാണുകയും പരാതികൾ ബോധിപ്പിക്കുകയും കൂടാതെ രേഖാമൂലമുള്ള തെളിവുകൾ കൊടുക്കുകയും ചെയ്തിട്ടുള്ളതാണ്. എന്നിട്ടു യാതൊരു നടപടിയും അതിനേപ്പററി നടത്തിയിട്ടില്ല. ആകയാൽ ഗവമ്മെൻറിൻെറ ദയാദൃഷ്ടി ഈ കാര്യത്തിൽ പതിയേണ്ട കാലം വളരെ ആസന്നമായിരിക്കുന്നു. രണ്ടാമതായി, കോതമംഗലം ആശുപത്രി ഇപ്പോൾ ഇട്ടിരിക്കുന്നതു ഒരു വാടകക്കെട്ടിടത്തിലാണ്. തന്നിമിത്തം വളരെ സൌകര്യക്കുറവുണ്ട്. ഒരവസരത്തിൽ സർജൻ ജനറൽ അവിടെ വന്നപ്പോൾ കെട്ടിടത്തിൻെറ സൌകര്യക്കുറവിനേപ്പററി ബോദ്ധ്യപ്പെടുത്തുകയും, അദ്ദേഹം അതു ശരിയാണെന്നു സമ്മതിക്കയും ചെയ്തിട്ടുണ്ട്. തൽഫലമായി, കോതമംഗലം റെയിഞ്ചാഫീസിനു

[Mr. P. K. Kuriakse]

സമീപമായി ഒരു സൌകൎയ്യപ്രദമായ സ്ഥലം കാണിച്ചുകൊടുക്കുകയും അദ്ദേഹം സമ്മതിച്ച് ആ സ്ഥലത്തിനും കെട്ടിടത്തിനും മററുമായി ഗവൎമ്മെൻറിനോടു വേണ്ടതരത്തിൽ ശുപാർശ ചെയ്യാമെന്നും പറഞ്ഞിട്ടുള്ളതാണ്. വൎഷം ഒന്നു കഴിഞ്ഞിട്ടും യാതൊരു നടപടിയും എടുത്തു കാണുന്നില്ല. സ്ഥലവും തടിയും അനുവദിച്ചാൽ തടിയും മററും റിസർവിൽ നിന്നും എടുക്കുന്നതിനു വലിയ പണച്ചിലവില്ല. ആയതിനാൽ അവിടെ അധിവസിക്കുന്ന ജനങ്ങളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി, ഈ ഒരു സൌകൎയ്യം ചെയ്തുകൊടുക്കുന്നതിൽ, ഗവൺമെൻറിൻെറ ദയാദൃഷ്ടി, പതിയണമെന്ന് അഭ്യർത്ഥിച്ചുകൊള്ളുന്നു.

MR. G. PARAMESWARAN PILLAI (*Ambalapuzha cum Shertallai*): സർ, ആശുപത്രികൾ സ്ഥാപിച്ചുകൊടുക്കുന്നതിനെപ്പററി ബഹുമാനപ്പെട്ട പല മെമ്പറന്മാരും ഇവിടെ സംസാരിക്കയുണ്ടായി. ആ കൂട്ടത്തിൽ ആലപ്പുഴ പട്ടണത്തിൽ, സ്ത്രീകൾക്കും കുഞ്ഞുങ്ങൾക്കുമായുള്ള ഒരു ആശുപത്രിയുടെ അത്യാവശ്യത്തെപ്പററി മി. പി. എസ്സ്. മഹമ്മദ് വിശദീകരിക്കയും ചെയ്തു. സർ. എനിക്ക് ഒരു സംഗതി ബഹുമാനപ്പെട്ട ഗവൺമെൻറിൻെറ സശ്രദ്ധയിൽ കൊണ്ടുവരുവാനുണ്ട്. അമ്പലപ്പുഴതാലൂക്കിൽപ്പെട്ട കുട്ടനാടൻ പ്രദേശങ്ങളിൽ ആകെ കൂടി നോക്കിയാൽ പുളിംകുന്നിലും ഇതോപായിലും രണ്ടു ചെറിയ ആശുപത്രികളാണ് ഇപ്പോൾ ഉള്ളത്.

The House adjourned for lunch at 2 P. M, and met again at 3 P. M. with the Dewan-President in the Chair.

NEW MEMBERS.

Mr. E. G. Salter, Director of Transport, took the oath and signed the rolls.

PRESIDENT: I need not remind the honourable members that there is only 39 minutes more for this grant. So honourable members may adjust themselves accordingly.

MR. G. PARAMESWARAN PILLAI: സർ, കുട്ടനാട്ടിലെ ഭൂരിഭാഗവും വെള്ളക്കെട്ടുള്ള സ്ഥലങ്ങളാണ്. കരയായിട്ടു കിടക്കുന്ന സ്ഥലങ്ങളിൽ തന്നെ സഞ്ചാരസൌകൎയ്യം വളരെ കുറവാണ്. പുഞ്ചകൃഷിക്കാലത്തു നല്ല വെള്ളം കിട്ടുന്നതിനുപോലും അവിടെ സൌകൎയ്യമില്ല. ഇങ്ങനെയെല്ലാമിരിക്കുന്നതുനിമിത്തം അവിടെ രോഗങ്ങൾ ഉണ്ടാകുന്നതിനു എളുപ്പമുണ്ട്. എന്നാൽ അതിനു തക്കവണ്ണമുള്ള ആശുപത്രികളോ വൈദ്യസഹായം കിട്ടുന്നതിനുള്ള ഇതരമാൎഗ്ഗങ്ങളോ ഇല്ല. കുട്ടനാടൻ

പ്രദേശങ്ങളിൽ ഒ സഞ്ചാര ആശുപത്രി എങ്കിലും കിട്ടണമെന്നു ഈ സഭയിൽ ഇതിനു മുൻപു മെമ്പറന്മാരായിരുന്ന പലർ മുഖേനയും പലപ്രാവശ്യവും നിവേദനം സമപ്പിച്ചിട്ടുള്ളതാണ്. ഇതുവരെ ആ സങ്കടത്തിനു യാതൊരു പരിഹാരവും ഉണ്ടാക്കിയിട്ടില്ല. അന്യനാട്ടുകാരായ പല സാധുതൊഴിലാളികളും ഇവിടെ വിളവെടുപ്പുകാലത്തു് വന്നു താമസിക്കുന്നുണ്ടു്. വിളവെടുപ്പുകാലത്തു പല പകർച്ചവ്യാധികളും ഇവരുടെ ഇടയിൽ ഉണ്ടാകാറുണ്ടു. അങ്ങനെ ഇവിടെവന്നു താമസിക്കുന്ന അന്യനാട്ടുകാരായ ആളുകൾക്കും അവിടെ സ്ഥിരതാമസക്കാരായ ആളുകൾക്കും വൈദ്യസഹായം ആവശ്യമുള്ളതുപോലെ കിട്ടുന്നില്ല. അതിനാൽ സഞ്ചാര ആശുപത്രികൾ സ്ഥാപിക്കുന്ന സംഗതിയിൽ ഏററവും വേഗത്തിൽ ശ്രദ്ധിക്കണമെന്നു അപേക്ഷിച്ചുകൊള്ളുന്നു. ആലപ്പുഴക്കും ചേർത്തലക്കും ഇടയ്ക്കു് സേതുലക്ഷ്മിപുരം എന്നൊരു സ്ഥലമുണ്ടു്. അതൊരു വ്യവസായപ്രാധാന്യമുള്ള സെൻററാണ്. അവിടെ ഒരു ഡിസ്പൻസറി സ്ഥാപിച്ചുകിട്ടണമെന്നും അതിനു തല്ക്കാലം വാടകകൂടാതെ കെട്ടിടംവിട്ടുകൊടുക്കാമെന്നും ആ സ്ഥലവാസിയായ ഒരു ബഹുമാന്യ പൌരൻ ഗവണ്മെൻറിൽ നിവേദനം സമപ്പിച്ചിട്ടുണ്ടു്. അതു ശരിയാണെങ്കിൽ ഉടനടി അതിനു വേണ്ട ഏപ്പാടുകൾ ചെയ്തുകൊടുക്കേണ്ടതാണ്. പ്രാദേശികാവശ്യങ്ങളായി മററു പല അത്യാവശ്യസംഗതികളും ഉണ്ടെങ്കിലും അതിൽ പ്രധാനമായുള്ളതു് സേതുലക്ഷ്മിപുരത്തു് ഒരു ഡിസ്പൻസറി ഉടനെ കൊടുക്കണമെന്നുള്ളതും കുട്ടനാടൻ പ്രദേശങ്ങളിലേക്കു് കുറഞ്ഞതു രണ്ടു സഞ്ചാര ആശുപത്രികളെങ്കിലും അനുവദിച്ചുകൊടുക്കണമെന്നുള്ളതുമാണ്. ഈ കാര്യങ്ങളിലേക്കു് ബഹുമാനപ്പെട്ട സർജൻ ജനറലിൻെറ സത്വര ശ്രദ്ധയുണ്ടാകുമെന്നു വിശ്വസിക്കുന്നു. ഇപ്പോൾ നിലവിലിരിക്കുന്ന ആശുപത്രികളെ കൂടാതെ പുതുതായി തിരുവിതാംകൂറിലുള്ള നാലു പ്രധാനനഗരങ്ങളിൽ ഓരോ വലിയ ആശുപത്രികൾ സ്ഥാപിക്കുന്നതു്.........

PRESIDENT: Order, order. That matter may be left over for general discussion.

MR. G. PARAMESWARAN PILLAI. ഈ അഭിപ്രായത്തോടുകൂടി ഞാൻ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. S. JOHN: Sir, the declared policy of Government is to raise the District hospitals at Quilon, Kottayam and Alleppey into first class well-equipped hospitals and provision has already been made in the

[Mr. S. John.]

budget for 1120 to take up this work immediately. When this is completed, the question of other hospitals which really require improvements will be taken up. The hospital at Alwaye is now in charge of an Assistant Surgeon under whom there are two assistants, of whom one is a lady doctor.

MR. R. MADHAVAN NAIR : ഈ നാലാശുപത്രികളും എന്നുകൊണ്ട് പൂർത്തിയാകുമെന്നുള്ള വിവരം സദയം ഈ സഭയെ അറിയിക്കാമോ ?

MR. S. JOHN : അഞ്ചുകൊല്ലംകൊണ്ട് പൂർത്തിയാകും.

There is a maternity ward in the hospital at Alwaye. A pay ward and an out-patient building will soon be completed. In addition to this the Alwaye Municipality has promised to construct a contageous disease ward also. As soon as the three district hospitals, at Quilon, Kottayam and Alleppey have been brought to the standard of the General Hospital, with E. N. T. X—Ray and Eye services complete, the question of making further improvements to the other hospitals will be taken into consideration. But all this does not mean that the other hospitals will be closed. Necessary improvements will be made with regard to them also.

As regards the question of my honourable friend, who enquired about the conditions of hospitals like the Tuberculosis hospital at Nagercoil, I may say that there are already 80 beds. This year Government have sanctioned an addition to the number and the total number of beds will then be 180 and 8 pay wards. When these are completed, I do not think there will be any necessity for patients remaining outside the hospitals and be a regular nuisance to the town.

One of my friends said that Haripad wants a lady doctor. Haripad is only a few miles from Mavelikara where there is a Government hospital with a lady Assistant Surgeon. The present Medical officer at Haripad is an M. B. and B. S. who has also taken the diploma in Gynaecology and obstetrics whereby he has earned more special knowledge in the diseases peculiar to women than an ordinary medical graduate.

I am sure that a lot of persons who are getting admission to the hospitals are those who suffer from want of food. When they are given food for a couple of days, and when they see that they can steal something from the hospital they clear out. (Laughter.) It is really the fault of the patients and the management of a hospital cannot be blamed.

Regarding the Parur hospital, I may say that when the Alwaye hospital is made into a first grade hospital, I do not think there will be any necessity to make the Parur hospital into a first grade one. The question remains that there are no dispensaries around Parur. The Surgeon General will make a tour of the place and if he sees any necessity he will recommend accordingly. 12 years ago, in a place called Puthenchira, a dispensary was proposed to be opened but due to financial difficulties the idea was then dropped. If in my tour I see it is necessary for the place I shall recommend to Government.

MR. P. O. THOMAS : പുത്തൻചിറയ്ക്ക് ഈ മാസം തന്നെ പോകാൻ ദയവുണ്ടാകുമോ ?

MR. S. JOHN : ഉടൻതന്നെ പോകും, അടുത്തമാസത്തിൽ തന്നെ പോയേക്കും.

About Thodupuzha taluk. I have been there twice or thrice and I have travelled over the rotten roads in a rotten car. If the representatives of the public come forward with the proposal to put up a building at the place, I shall recommend to Government for a dispensary.

MR. R. MADHAVAN NAIR : പൊതുജനങ്ങൾ കൊണ്ടുവരുന്ന ആക്ഷേപങ്ങൾ പരിഹരിക്കേണ്ട ആവശ്യമില്ലെന്നാണോ സർജൻ ജനറൽ വിചാരിക്കുന്നത്.

MR. S. JOHN : അന്വേഷിച്ചാണ് ചെയ്യുന്നത്?

Motion No. 7.

MR. K. R. NARAYANAN : Sir, I beg to move the following motion.

To reduce the allotment of Rs. 19,805 for superintendence by Re. 1.
(To discuss about the necessity of establishing a medical College in Travancore.)

സർ, മെഡിക്കൽ ഡിപ്പാർട്ടുമെൻറിൻെറ പാളിസിയെപ്പററി പ്രസ്താവിക്കുമ്പോൾ അതിലെ രണ്ടു പ്രധാനപ്പെട്ട സംഗതികളെപ്പററി പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മെഡിക്കൽകാളേജ് തിരുവിതാംകൂറിൽ സ്ഥാപിച്ച് വൈദ്യസഹായം കൂടുതൽ ലഭ്യമാകുന്നതിനു വേണ്ട ഏപ്പാടുകൾ ചെയ്യേണ്ട ആവശ്യത്തെപ്പററി സംഗ്രഹിച്ചു പറയണമെന്നു ഞാൻ വിചാരിക്കുന്നു. സർ, ഇൻഡ്യയിൽ ഇപ്പോൾ മൊത്തത്തിൽ നാൽപതിനായിരം ഡാക്ടർമാരാണുള്ളത്. ജപ്പാനിലെ കണക്കു നോക്കുകയാണെങ്കിൽ നാലുലക്ഷം ഡാക്ടർമാർ വേണം. ഇംഗ്ലണ്ടിലെ കണക്കു നോക്കുകയാണെങ്കിൽ അഞ്ചരലക്ഷം ഡാക്ടർമാരുടെ ആവശ്യമുണ്ട്. ഇപ്പോൾ ഇവിടെ രണ്ടായിരം ആളുകൾക്ക് ഒരു ഡാക്ടരവീതമാണുള്ളത്. അതു തീരെ മതിയാകുന്നില്ല. ആരോഗ്യപരമായ ഈ കാരണങ്ങളെ എങ്ങനെ നേരിടാമെന്നുള്ളതാണ് ഈ സഭയുടെ ചിന്തയ്ക്കു വിഷയമാക്കാൻ ഞാൻ ആഗ്രഹിക്കുന്നത്.

മെഡിക്കൽ കാളേജിലേക്ക് ആണ്ടുതോറും തിരുവിതാംകൂറിൽനിന്നും അയച്ചുവരുന്ന ആളുകളുടെ എണ്ണം ഇപ്പോൾ നാലുമാത്രമാണു. അവരിൽതന്നെ പലവിധമുള്ള കാരണങ്ങളാൽ പഠിക്കാൻ സാധിക്കുന്നതു ധനവാന്മാരുടെ കുട്ടികൾക്കുമാത്രമാണ്. പാവപ്പെട്ടവരുടെ കുട്ടികൾക്ക് മെഡിക്കൽ കാളേജിൽപോയി പഠിക്കുന്നതിന് മുൻപ്

[Mr. K. R. Narayanan]

സ്റ്റൈപ്പൻഡു കൊടുത്തുവന്നിരുന്നു. ഗവൺമെൻറിൽനിന്നും മൊത്തംകൊടുക്കുന്ന ആയിരം രൂപ വീതിച്ചു ഓരോ കുട്ടിക്കുമായി കൊടുക്കുമ്പോൾ അതു വളരെ കുറഞ്ഞുപോകുന്നു. ഇതിനു പുറമേ കൂടുതൽ രൂപാ ചെലവാക്കാൻ പാവപ്പെട്ടവരുടെ കുട്ടികൾക്കു സാധിക്കാതെ വരുന്നതു നിമിത്തം ആ പ്രിവിലേജ് ധനവാന്മാരുടെ കുട്ടികൾക്കു ലഭിച്ചുപോകുന്നു. ഫീസ്സായി ഒരു വലിയ തുക അഡ്വാൻസായിട്ടു കൊടുക്കേണ്ടതുകൂടാതെ വെളിയിൽപോയി താമസിച്ചു പഠിക്കുന്നതിനുള്ള വലിയ ചെലവും നിമിത്തം സാധുക്കൾക്കു അതിനു സംഗതിയാകാറില്ല. ഇവിടെ നല്ല രീതിയിലുള്ള ഒരു മെഡിക്കൽ കാളേജു ഏർപ്പെടുത്താമെങ്കിൽ ഈ ദുർഘടം പരിഹരിക്കാവുന്നതാണ്. എന്നാൽ ഇതു പറയുമ്പോൾ ഗവൺമെൻറ് യുക്തിയുക്തവും ശക്തിപൂർവ്വവുമായ ഒരു മറു ചോദ്യം ചോദിച്ചേക്കാം. ആ ചോദ്യമെന്തായിരിക്കുമെന്നു എനിക്കറിയാം. പ്രതിവർഷം പത്തോ ഇരുപതോ അൻപതോ ഡാക്ടർമാരെ യൂണിവേഴ്സിററിയിൽ നിന്നും പുറത്തുവിട്ടാൽ അവർ എന്തുചെയ്യുമെന്നുള്ളതായിരിക്കും ആ ചോദ്യം. അതിനു എനിക്കു പറയാനുള്ള സമാധാനം ഇതാണ്. മനുഷ്യർക്കു അത്യാവശ്യം വേണ്ടതു് ആരോഗ്യമാണ്. അതിനു വൈദ്യസഹായം അത്യാവശ്യവുമാണ്. തിരുവിതാംകൂറിൽ ഒരു മെഡിക്കൽകാളേജു് സ്ഥാപിച്ചു് ഡാക്ടർമാരെ വെളിക്കു വിടുന്നപക്ഷം തിരുവിതാംകൂറിലെ ജനങ്ങൾക്കു കൂടുതൽ വൈദ്യസഹായം ലഭിക്കുമെന്നു മാത്രമല്ല, വെളിയിലും അവർക്കു തൊഴിൽ കിട്ടുമെന്നുള്ളതു തീർച്ചയാണ്. കാരണം, മൈസൂർ മെഡിക്കൽകാളേജിന് ഇതുവരെ ആൾ ഇൻഡ്യാ മെഡിക്കൽ അസ്സോസ്സിയേഷൻെറ അംഗീകാരം സിദ്ധിച്ചിട്ടില്ല. മററുചില സ്ഥലങ്ങളിൽ ഉള്ള കാളേജുകൾക്കും അംഗീകാരം സിദ്ധിച്ചിട്ടില്ല. അങ്ങനെയിരിക്കെ ഇൻഡ്യയുടെ പല ഭാഗത്തും വലിയ ഒരു സ്വാധീനശക്തിയുള്ള അങ്ങു തിരുവിതാംകൂർ ദിവാൻജിയായിരിക്കുമ്പോൾ ഇവിടെ ഒരു മെഡിക്കൽകാളേജ് സ്ഥാപിച്ചു് അതിന് അംഗീകാരം ലഭിക്കുന്നതായാൽ തിരുവിതാംകൂർ സർവ്വകലാശാലയിൽ നിന്നും പുറത്തിറങ്ങുന്ന ഡാക്ടർമാർക്കു വെളിയിലും ജോലികിട്ടുന്നതിന് യാതൊരു പ്രയാസവുമില്ല. ഇതുപോലെ അതിനു പററിയ മറെറാരവസരം വേറെ ഇല്ലെന്നുള്ളതും തീർച്ചയാണു. അതിനാൽ തിരുവിതാംകൂറിൽ ഒരു മെഡിക്കൽകാളേജ് ഏർപ്പെടുത്തണമെന്നുള്ള എൻെറ നിർബന്ധം ഒന്നുകൂടി ആവർത്തിച്ചുകൊള്ളട്ടെ. മറെറാരുകാര്യം എനിക്കു പറയുവാനുള്ളതു് ഇപ്പോൾ വാർസർവീസിലിരിക്കുന്ന ഡാക്ടർമാരെക്കുറിച്ചാണ്. ഇപ്പോൾതന്നെ

൧൭൦ പേരോളം ഡാക്ടർമാർ വാർസർവീസിലേക്ക് ഇവിടെനിന്നും പോയിട്ടുണ്ടു. ഇപ്പോഴത്തെ യുദ്ധപരിതസ്ഥിതി കുറേക്കൂടി നീണ്ടുനിൽക്കുന്നപക്ഷം ഇൻഡ്യ ഒരു മിലിട്ടറിസെൻററാകാനാണെളുപ്പം. നേവിയിലും മററും പോയിരിക്കുന്നവർ ഉടൻ തിരിച്ചുവരുകയാണെങ്കിൽ തന്നെയും ഇൻഡ്യ ഒരു മിലിട്ടറിസെൻററാകുമ്പോൾ ഇനിയും ഡാക്ടർമാർ കൂടുതൽ ആവശ്യപ്പെടുമെന്നുള്ളതു് തീർച്ചയാണ്. യുദ്ധം അവസാനിച്ചുകഴിഞ്ഞാൽ വാർസർവീസിലിരിക്കുന്നവക്കു പ്രിഫറൻസ് കൊടുക്കുമെന്നു ഇൻഡ്യാ ഗവൺമെൻറു് പറഞ്ഞിട്ടുണ്ടു്. ഒന്നുകൂടി കടത്തിപ്പറയുകയാണെങ്കിൽ ഡാക്ടർ പി. സി. റായി, ഏ. പി. ഐ-ക്കു കൊടുത്ത ഒരു സ്റ്റേറമെൻറിൽ പറഞ്ഞിരിക്കുന്നതു് ഇൻഡ്യയ്ക്കു വൈദ്യസഹായം ഇനിയും ധാരാളം ആവശ്യമാണെന്നാണ്. അദ്ദേഹത്തെപ്പോലെയുള്ള ഒരാളിന്റെ അഭിപ്രായം ആദരിക്കുന്നപക്ഷം ഇപ്പോഴുള്ള ഡാക്ടർമാരെക്കൊണ്ടു് ഒരിക്കലും മതിയാകയില്ല. റൂറൽപാർട്ടിനെസംബന്ധിച്ചാണെങ്കിൽ അവിടെ വൈദ്യസഹായം വളരെ തുച്ഛമായിട്ടാണ് ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്നതു്.

ഡാക്ടർമാർ കൂടുതൽ ആവശ്യമുള്ള ഈ ഘട്ടത്തിൽ ഒരു കാര്യംകൂടി പ്രസ്താവിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്നു. മദ്രാസ് മെഡിക്കൽ കാളേജുകാർ അവരുടെ ആഭിമുഖ്യത്തിൽ കോയമ്പത്തൂരിലും തിരുനെൽവേലിയിലുമായി രണ്ടു കാളേജുകൾകൂടി സ്ഥാപിക്കുവാൻ ആലോചനയുള്ളതായി മെഡിക്കൽ മാസികയിൽനിന്നും മനസ്സിലാക്കാൻ കഴിഞ്ഞു. അതു് ഏർപ്പെടുത്തുന്നതിനു മുൻപുതന്നെ തിരുവിതാംകൂറിലും ഒരു മെഡിക്കൽ കാളേജ് സ്ഥാപിക്കുന്നതു നന്നായിരിക്കുമെന്നാണ് എന്റെ അഭിപ്രായം. ഇതിന് ഏററവും പ്രധാനമായ ഒരു പ്രതിബന്ധമായി ഗവൺമെൻറിന് പറയാനുള്ളതു് അനവധി ലക്ഷം രൂപാ ഈ കാര്യത്തിന് ചെലവാക്കേണ്ടിവരുമെന്നുള്ളതാണ്. അതെനിക്കറിയാം. ഒന്നാം തരത്തിലുള്ള ഒരു മെഡിക്കൽ കാളേജ് ഇവിടെ ഉണ്ടാക്കണമെങ്കിൽ ഏകദേശം ൭൦ ലക്ഷത്തിനും ൮൦ ലക്ഷത്തിനും മദ്ധ്യേയുള്ള ഒരു തുക ചെലവഴിക്കേണ്ടിവരും. എന്നാൽ ഈ തുക ഒരൊററദിവസംകൊണ്ടോ അല്ലെങ്കിൽ ഒരു കൊല്ലംകൊണ്ടോ ചെലവാക്കേണ്ടതല്ല. അഞ്ചു കൊല്ലംകൊണ്ടു് ചെലവുചെയ്യേണ്ട ഒരു കാര്യമാണിതു്. ഒരു മെഡിക്കൽ കാളേജ് ഇവിടെ നടത്തണമെങ്കിൽ നമുക്ക് ഒരു ഒന്നാംക്ലാസു ജനറൽ ഹാസ്പിററൽ ഉണ്ടാകണം. ഈ ആണ്ടിൽതന്നെ നമ്മുടെ ജനറൽഹാസ്പി

[K. R. Narayanan.]

ററൽ പരിഷ്കരിക്കുന്നതിനായി അഞ്ചു ലക്ഷം രൂപാകൂടി ബഡ്ജററിൽ കൊള്ളിച്ചിട്ടുണ്ട്. ഒരഞ്ചു ലക്ഷംരൂപാകൂടി ബഡ്ജററിൽ കൊള്ളിക്കുമെങ്കിൽ ജനറൽ ഹാസ്പിററലിനെ ഒന്നാംതരം ഒരു ഹാസ്പിററലാക്കി രൂപാന്തരപ്പെടുത്താവുന്നതാണ്. പിന്നെയുള്ള വൈഷമ്യം മെഡിക്കൽ വിഷയങ്ങൾ എല്ലാം പഠിപ്പിക്കുന്നതിന് മതിയായ അദ്ധ്യാപകന്മാർ ഇല്ലാ എന്നുള്ളതാണ്; അതിലേക്ക് പല ആളുകളേയും പുറത്തുനിന്നും വരുത്തേണ്ടിവരുമെന്നുള്ളതാണ്. ഒന്നാമത്തെ കാര്യത്തിൽ ഫിസിക്സ്, കെമിസ്ട്രി, മെററീരിയാ മെഡിക്കാ മുതലായവ പഠിപ്പിക്കുന്നതിന് ഇവിടെത്തന്നെ ആളുകളെ സമ്പാദിക്കാവുന്നതാണ്. ഫിസിക്സ്, കെമിസ്ട്രി മുതലായവ യൂണിവേഴ്സിററിയോടു ചേർത്തു പഠിപ്പിക്കാം. അതിന് പ്രത്യേക ചെലവു വരികയില്ല. രണ്ടാമത്തു് സർജറി മുതലായവയെപ്പററിയാണ്. അതിലേക്ക് അതിവിദഗ്ദ്ധരായ ആളുകൾ ഇവിടത്തന്നെയുണ്ട്. പബ്ളിക്ക് ഹെൽത്തിനെപ്പററി അഭ്യസനങ്ങൾ നൽകുവാൻ ഡാക്ടർ ഗോപാലപിള്ള, ഡാക്ടർ തമ്പി, ഡാക്ടർ കരുണാകരൻ മുതലായവർ ആ ഡിപ്പാർട്ടുമെൻറിൽ തന്നെയുള്ളതു് രാജ്യത്തിൻെറ സമ്പത്തുതന്നെയാണ്. അപ്പോൾ അതിനും പ്രയാസമില്ല. അപ്പോൾ ഏററവും പ്രയാസമായി വരാവുന്നതു് മെഡിസിനെ സംബന്ധിച്ചും മിഡ്വൈഫറിയെ സംബന്ധിച്ചും ഉള്ള പരിശീലനത്തിനു പററിയ ആളുകളെ നിയമിക്കുന്നതിലേക്കാണ്. അതു് മൂന്നാമത്തെ കൊല്ലത്തിലെ കാര്യമാണ്. ഈ വക കാര്യങ്ങൾ വച്ചു നോക്കുമ്പോൾ ഇത്രയും സംഖ്യ അഞ്ചു കൊല്ലംകൊണ്ടു് സാധിച്ചാൽ മതിയെന്നുള്ളതുകൊണ്ടു് ഇവിടെ ഒരു മെഡിക്കൽ കാളേജ് സ്ഥാപിക്കുന്നതിൻെറ സാദ്ധ്യതയെപ്പററി ഗവമെൻറ് പുനരാലോചന നടത്തണമെന്നു ഞാൻ അപേക്ഷിക്കുന്നു. അഥവാ, ഏതെങ്കിലും വിഷമങ്ങൾ കൊണ്ടു് അതിന് സാദ്ധ്യതയില്ലെന്നുകണ്ടാൽ ഇപ്പോൾ മദ്രാസ് യൂണിവേഴ്സിററിയിലുള്ള മെഡിക്കൽ കാളേജിൽ പ്രവേശനം വാങ്ങുന്നതുപോലെ ബാംബേ കാളേജിൽനിന്നോ അല്ലെങ്കിൽ മറേറതെങ്കിലും കാളേജിൽനിന്നോ ചുരുങ്ങിയതു് പ്രതിവർഷം ഇരുപതു് ആളുകൾക്കെങ്കിലും പ്രവേശനം വാങ്ങേണ്ടതാകുന്നു.

MR. M. L. JANARDHANAN PILLAI: Sir, I wish to take this opportunity to express my appreciation of the reorganization proposed to be effected by Government in the Medical Department. In regard to the establishment of four major hospitals at Alleppey, Kottayam, Quilon and

Trivandrum, I find from the Financial Secretary's speech that a sum of rupees five lakhs has been sanctioned for the purpose. I am afraid that in the meanwhile the development in regard to other hospitals is not likely to be made. That is an unfortunate situation. As was pointed out by Mr. P. S. Mahomed and by the Dewan-President four years ago in this House that whatever may be the commercial and industrial importance of Alleppey it is a very unhealthy place and nobody is willing to go and live there for a long time. That fact cannot be controverted. In view of that circumstance and the general importance of the place, I would request Government that while they concentrate their attention on the general hospital in Trivandrum, they should also provide for expenditure for the other four hospitals also so that all institutions will be equally benefited.

PRESIDENT: That is the idea.

MR. A. P. UDAYABHANU: The Financial Secretary was saying that the Government was trying to convert the present first grade hospitals into four big hospitals in important centres with dispensaries in other places. A press note has also been recently published on that subject, in which it is stated that there will be four first-class hospitals in Trivandrum, Alleppey, Kottayam and Quilon and that Government will be providing ambulance cars to take patients from mofussil places to these important hospitals. In other places there will be only dispensaries. If the policy in respect of the Medical department is, as suggested by the Surgeon General, Government is going to equip four hospitals on up to date lines and treat the others as minor hospitals, I have no objection. But if the policy is as envisaged in the Press Note and in the speech of the Financial Secretary, I must say that it is one of the most disquieting features of the Budget. Even now we find that the doctors do not visit the hospitals properly. If the important hospitals are to be concentrated in four centres, the people are not going to be benefited. As for the ambulance car that is going to be the greatest joke on the poor man. Before he finds himself in the hands of the doctor he will find himself in the hands of his maker. It will be a poor consolation to the poor man. Therefore I am for the retention of the present hospitals. It will be very cruel to abolish the existing hospitals. We stand for the expansion and further equipment of the hospitals and dispensaries. So I must say that the present proposal is a cruel one.

Another disquieting feature is the fall in the number of out-patients. I must say that it is not because national health is improved. The out-patients in various institutions have increased where as in Government institutions the number has decreased. That is because they are not getting proper treatment in the Government institutions. The medicine, equipment, lint, everything run out before the year ends and people are not able to get medicine in Government hospitals. So it is not because they are not ailing but because they do not get medical help that they do not go to Government hospitals. In 1109

[Mr. A. P. Udayabhanu]

when our total revenue amounted to 230 lakhs, the expenditure on the medical department was 2·25 lakhs. Now when the revenue is 5 crores, we are spending only 2·75 lakhs.

PRESIDENT: We are prepared to spend 10 lakhs on medicine. But we cannot get medicine.

MR. A. P. UDAYABHANU: We can get Indian medicine.

PRESIDENT: To a large extent that is what we are doing. We were getting formerly the supplies from Germany, England, America and other places. Germany was the main supplier. One drug about which I have consulted the Surgeon-General four days ago, a tube costs Rs. 40 at present. Even then you cannot get it. Practically Germany was having in her hands the whole medical treatment of the World. There is no getting away from that fact.

MR. A. P. UDAYABHANU: I want to bring to the attention of the Government the necessity for doing the best in the circumstances.

The other thing that I want to impress upon the House is that we are having only 117 doctors for a population of 6 millions. That is why the people have to take to Ayurveda and Homeopathy. As a matter of fact we are not supplied with one doctor for 2000 persons. As such we have to be more generous and liberal in our treatment in those branches of medicine. Our medical council seems to be very hard on them.

I must bring to the notice of Government another aspect. The last day for application for registering of medical practitioners is the 16th of this month. In the mofussil they have not got even their application forms. After they get application forms they have to get themselves certified by a Tahsildar that they have 5 years' practice. So I would ask for an extension of the period.

PRESIDENT: I have got a petition asking for an extension of one more month. That matter is under consideration.

MR. A. P. UDAYABHANU: The Kartikapalli and Karunagapalli taluks, being the most thickly populated areas in the State, they have got a legitimate right to convert their dispensaries into hospitals.

MR. P. O. THOMAS (*Kunnatnad* cum *Parur*) Sir, in the Financial Secretary's speech there was a statement that provision has been made for the opening of four major hospitals in the State. When I saw that, I thought it will be an occasion for me to make a demand for a major hospital in Northern Travancore beyond Kottayam. If this scheme is put into force a patient from Alwaye or Parur will have to be taken in an ambulance for nearly 60 miles to reach Kottayam.

PRESIDENT: I do not want to make any invidious distinction. The state has an area of 7600 sq. miles within which there are four district hospitals at present. In the whole of the Madura, Ramnad

and Trichinopoly districts there are four district hospitals, and the area of all those territories taken together is double that of Travancore. I do not mean to say that we ought to adopt our standards following the British Indian standards, because we are much ahead of British India. But the principle is that you cannot have well-equipped hospitals all over the country-you can have only a few well-equipped hospitals

When I first came here I heard of a patient from the General Hospital who had some trouble in the nose. Doctors in the General Hospital told him that they cannot attend to it and asked him to go to Madras. Later on another man who had throat trouble was asked to go to Madras. There were no facilities in the General Hospital which ordinary civilised requirements need for comprehensive treatment. The amount that we are spending, that is Rs. 5 lakhs, is very small. We shall have to spend something like 35 lakhs on the General Hospital alone in order to make it up to date. Roughly a crore of rupees will be necessary for Medical treatment for the whole of Travancore. The question is how many district hospitals of that kind we can have. Members will know that the same thing in regard to ambulance is being done in all other places. In London there are only three first grade hospitals with eight millon people. People come there from 50 or 100 miles away by ambulance cars. That is the case in France and America. You cannot get away from that. You will not be able to provide many absolutely first grade hospitals. Moreover it has to be borne in mind that in this war surgery has been improved beyond computation. Honourable members will have to bear all these matters in mind before they make up their mind. Government will open four or five first-grade hospitals. Alwaye will have to be added because it is going to be the biggest industrial centre in South India. There will be five hospitals which will be first-grade, and there will be a number of dispensaries and ambulance cars. That is a matter which the House has now to decide.

MR. J. E. A. PERIERA: Is it beyond our means to have half a dozen well-equipped hospitals?

PRESIDENT: It is a matter of arithmetic. The honourable member will make his own computation.

MR. P. O. THOMAS: There is provision for 4 or 5 first grade hospitals for the whole State. My prayer is that one of them may be situated at Alwaye and the work of the hospital at Alwaye may be begun first to remedy the present backward condition of North Travancore regarding medical aid. Though it is very nice to have 4 or 5 major hospitals, the policy of reducing the importance and the territorial jurisdiction of the present important hospitals is a great injustice to the people of the State.

PRESIDENT: Will he be content to have one big hospital with all possible conveniences at Trivandrum and allow it to be run as it is?

MR. P. O. THOMAS I do not mean that.

PRESIDENT: I want the position to be made perfectly clear. To a very large extent this is a matter on which the people are entitled to decide for themselves. The question is whether there should be 3 or 4 major district hospitals, first-rate, and others being dispensaries or do they want one first grade hospital in Trivandrum and the rest being more or less imperfect institutions as they are now.

MR. P. O. THOMAS: I would like to have a first grade hospital somewhere in Central Travancore and 15 or 20 important hospitals in different centres and several dispensaries which may provide for the Medical aid of the villagers of North Travancore and other places. Medical aid is a primary need of every citizen. When the State is having nearly six crores of rupees as revenue it is worthwhile spending at least 5 per cent. of that income every year on Medical aid for the people. It can be seen that for the last few years no progress is made as regards Medical aid to the villagers.

PRESIDENT: The honourable member should realise that there are other honourable members who wish to speak.

MR. P. O. THOMAS: It is pitiable to note that even at present there is no provision made for rural midwives. It is a most pressing necessity to have at least one rural midwife for every pakuthi in the State so that the great suffering in maternity cases may be avoided, and the large number of child- mortality reduced.

MR. VARKALA K. MADHAVAN: Sir, I also support the motion. There is great difference between the practice obtaining in Great Britain and India in the matter of Hospital organisation. In Great Britain almost all the hospitals are run by private agencies. In India it is not so. In South Travancore the missionaries have set up two very big and well equipped hospitals and I think South Travancore will rest content with the present system existing there.

With regard to the Medical College, the honourable mover of the motion has no idea of the cost involved in establishing a Medical College. If it is to be run on efficient lines, my information is that it will cost more than a crore of rupees. I think it will be a very great commitment on the part of Government if we are to embark upon a Medical College.

MR. K. R. NARAYANAN: മൈസൂർ മെഡിക്കൽ കാളേജ് ൨൫ ലക്ഷം രൂപകൊണ്ടാണ് നടത്തിവരുന്നതെന്ന് മെംബർക്കറിയാമോ?

MR. VARKALA K. MADHAVAN: The honourable member must know that the All-India Medical College has not yet recognised that institution.

So, if a Medical College has to be organised we must have efficient staff also. Then only it will be recognised by other civilized countries.

As trained nurses and compounders are not available in sufficient numbers, I have to submit that a permanent institution should be run

in the General Hospital for training Nurses, Midwives and Compounders.

MR. N. D. PARAMESWARAN NAMBOODRI (*The Travancore Jenmies, North*): Sir, I support the motion.

PRESIDENT: The honourable member has one and a half minutes.

MR. N. D. PARAMESWARAN NAMBOODRI: Sir, our medical department requires some thorough overhauling, a quantitative as well as a qualitative improvement. As to the former, I suggest a threefold improvement, *viz.*, an improvement in its personnel, an improvement in its equipment and an improvement in its conveniences for accommodation. Sir I am not going to examine the question in its details. It would suffice for me to say that we want more doctors, more hospitals and more convenient arrangements.

PRESIDENT: The time for the Grant having expired it is my duty to put the Grant to vote.

The question that Government be granted a sum of Rs. 17,63,385 under Demand XXV—Medical was put and carried.

The motion was passed and the Grant was made.

PRESIDENT: I would appeal to the honourable members to realise what has happened with regard to the last Demand. From time to time I have entreated honourable members to cut short their remarks so that the Surgeon General may have an opportunity to reply. No doubt the Surgeon General and Government will take note of all the observations which have been made by the honourable members on the floor of the House. In fairness it will be more convenient and expedient that both the sides should be heard on the floor of the House. I would once again very strongly press upon the attention of honourable members, whether they have formed into organised parties or not, some how to come into contact with each other and see that the number of members who speak on a particular matter is reduced. If there is a subject of very great local importance let it be talked out fully, if there is a public grievance of very great importance let that also be talked out. Let one or two chosen members from each party talk on these matters. It is not possible to give each honourable member 5 or 10 minutes. Such an arrangement will enable the House to deal with the Demands more expeditiously. Some more important Demands are coming up. I do not want that what has happened with regard to the Police and Medical Demands should be repeated. I hope and trust that there will be some co-ordination and consultation among the honourable members so that those honourable members who feel very strongly on some local grievance or public grievance, may have an opportunity of ventilating their grievance. I am prepared to sit half an hour more today and half an hour tomorrow.

The motion was put and carried.

DEMAND XXVI—AYURVEDA.

MR. C. P. GOPALA PANICKER: Sir, I rise to move for a grant of Rs. 1,20,802 under Demand XXVI—Ayurveda.

Motion No. 1.

MR. VARKALA K. MADHAVAN: Sir, I beg to move

"To reduce the allotment of Rs 2,352 for Vaidyans etc. by Re. 1,

(To urge the necessity of appointing two more physicians in the Ayurveda Hospital, Trivandrum.)

Sir, the Dewan-President said that allopathic medicines are not available in sufficient quantities at the present time. So, the only way of obtaining medical aid is by appointing more Ayurvedic physicians in the existing hospitals. Sir, last year, there were three physicians attending to the out-patients in the local Ayurveda hospital. Due to some reason or other the number was reduced to one this year. There is no justification for the reduction.

In the coastal villages sufficient medical aid is not obtainable to the villagers and epidemics such as typhoid, malaria etc., occur year after year in these villages and if allopathic treatment is not possible to be given I suggest that at least Ayurvedic treatment should be provided. My suggestion is that itinerary Ayurvedic dispensaries should be organised with the help of the villagers. With these words, I place the motion for the acceptance of the House.

MR. K. G. KESAVAN NAIR (*Changanacherry* cum *Peermade*): I have also introduced a motion to discuss about the necessity of establishing more hospitals and the measures to be adopted for the better administration of the Ayurveda Department. The policy adopted by the Government in regard to the Ayurveda Department is, in my opinion, not at all satisfactory. It would appear that the Government do not bestow any serious attention to the improvement and development of this system of treatment. The Ayurveda system of treatment is a precious treasure that we have inherited from our ancestors, and in my opinion, it is our duty to do everything that is in our power to improve this system of treatment. The Government Ayurveda Hospital in Trivandrum and the Sachivottama Sashtiabdapurthi Memorial Ayurveda Hospital in Neyyattinkara are the only two Ayurveda Hospitals in the whole of this country. The number of hospitals existing under the Medical Department is I think more than 110 and the amount allotted to the Medical Department is more than Rs. 17 lakhs while the amount allowed to the Ayurveda Department is only about Rs. 1½ lakhs. That our people have absolute faith in the Ayurveda system of treatment is borne out by the fact that wherever there are Ayurveda hospitals, people resort to take aid from those hospitals. The number of patients treated in the Ayurveda hospital in Trivandrum in 1118 is 76,581 and in 1117 it is 98,201. The out-patients who were treated in the Neyyattinkara Ayurveda hospital which was established only in 1118 was

5,399. These figures, in my opinion, illustrate in unmistakable terms that our people take very great interest in this system of treatment. Therefore what I submit is that more Ayurveda hospitals should be established in at least all the important centres of the State. I would also like to say that there are certain kinds of disease which would yield to this system of treatment only for instance, rheumatism. One advantage of this system is that we need not depend upon the foreign countries and the foreign companies for the supply and distribution of medicines and we can prepare our own medicines in the State; it would be thus a very great advantage. I think the establishment of more Ayurveda hospitals is of the utmost importance at this juncture because the operation of the Medical Practitioners' Act will have the effect of driving out of the scene at least a good number of quacks whose service the people are receiving at present. I think nobody will seriously deny the fact that ever since the departure of Mr. Kolatheri Sankara Menon from the Directorship of this Department, the administration of this Department was not properly conducted. There are about 166 grant-in-aid vaidyasalas in the whole of Travancore and in my opinion, these Ayurveda vaidyasalas are not rendering such service to the people as is intended for. In most cases, these Ayurveda vaidyans will be absent in these vaidyasalas. The medicines that are distributed from these vaidyasalas are not the best of their kind. I think it is due to the fact that there is no proper direction. There is no proper control or supervision over these vaidyasalas. I think there is something fundamentally wrong somewhere as is evident from the Administration Report for this Department for the year 1118. The visha vaidyasala class which is so important and which was begun in 1114 had to be abolished in 1118. The strength of the Ayurveda College fell to 143 in 1118 from 163 in 1117. The percentage of attendance of the pupils of the college also fell in 1118. The number of recognized high schools also fell from five to four. The number of outpatients treated in the Aurveda hospitals in 1117 was 98,201. In 1118 the number fell to 76,581. Thus it can be seen that the Ayurveda Department has not been functioning properly since the past few years. My suggestion, therefore, is that a capable, young and energetic person must some how or other be found to occupy the position of Director of Ayurveda. More Ayurveda hospitals ought to be established in atleast all the important centres of the State and more Ayurveda vaidyasalas ought to be given grant and more inspecting officers ought to be appointed. If the establishment of Ayurveda hospitals in several parts of the State is found to be inexpedient or impossible at this juncture, my humble suggestion is that in the hospitals now under the Medical Department an Ayurveda Section may be opened. If it is done, the Government can save much time, labour and money involved in the construction of separate Ayurveda hospitals. That is only a suggestion. Whatever may be the methods adopted by the Government, I want that the Ayurveda system of treatment must be more popularized and must be established on a solid basis. I submit these aspects for the consideration of Government and of this House.

MR. V. K. VELAPPAN NAIR (*Vaikom-cum Kottayam*): സർ, മി. കെ. ജി. കേശവൻനായർ ഇവിടെ അവതരിപ്പിച്ച ഉപക്ഷേപത്തെ ഞാൻ അനുകൂലിക്കുന്നു. ആയുർവേദ ഡിപ്പാർട്ടുമെൻറിന് ഗവണ്മെൻറു നൽകുന്ന പ്രോത്സാഹനം തീരെ മതിയാകുന്നില്ലെന്ന് ആദ്യമായി പറഞ്ഞുകൊള്ളട്ടെ. ൧൫ ലക്ഷം രൂപാ ചെലവുചെയ്തു നടത്തുന്ന അലോപ്പതി ചികിത്സാസമ്പ്രദായത്തിൽ തിരുവിതാംകൂറിലെ എല്ലാ ആശുപത്രികളിലുംകൂടി ചികിത്സാസഹായം സിദ്ധിച്ചിട്ടുള്ളവരുടെ സംഖ്യ ൨൨ ലക്ഷം എന്ന് മെഡിക്കൽ ഡിപ്പാർട്ടുമെൻറിലെ ഭരണറിപ്പോർട്ടിൽ കാണുന്നു. എന്നാൽ ഒരു ലക്ഷം രൂപാ ചെലവുചെയ്തു നടത്തുന്ന ആയുർവേദാശുപത്രികളിലും വൈദ്യശാലകളിലും കൂടി ൫ ലക്ഷത്തിലധികം ജനങ്ങളെ ചികിത്സിച്ചതായിട്ടും കാണുന്നു. തുച്ഛമായ ഒരു സംഖ്യ ചെലവുചെയ്തു ഇത്ര വലിയ ഒരു ജനവിഭാഗത്തിന് ഉപയോഗപ്രദമാക്കി അവരുടെ വിശ്വാസം സമാർജിച്ചിട്ടുള്ള ഈ ചികിത്സാരീതി പ്രോത്സാഹിപ്പിക്കേണ്ടതു ഗവണ്മെൻറിൻെറ കർത്തവ്യങ്ങളിൽ ഒന്നാണ്. ഇവിടെ മെഡിക്കൽ ഡിപ്പാർട്ടുമെൻറിനെ സംബന്ധിച്ചുള്ള ഉപക്ഷേപങ്ങൾക്കും വാദപ്രതിവാദങ്ങൾക്കും സർജൻ ജനറൽ സഭ മുമ്പാകെ സമർപ്പിച്ചിട്ടുള്ള മറുപടികളിൽ ഇംഗ്ലീഷ് ചികിത്സാസമ്പ്രദായത്തിലുള്ള പൂർണ്ണമായ സൗകര്യങ്ങളോടുകൂടി നാലോ അഞ്ചോ ഡിസ്ട്രിക്ററു ആശുപത്രികൾ മാത്രമെ തിരുവിതാംകൂറിൻെറ പല ഭാഗങ്ങളിലുമായി സ്ഥാപിക്കുന്നതിനു ഗവണ്മെൻറു ഉദ്ദേശിക്കുന്നുള്ളു എന്നും പ്രസ്താവിച്ചുകഴിഞ്ഞു. കൂടാതെ ഇന്നുള്ള ആശുപത്രികൾ തുടർന്നുപോകുന്നതിന് പല വിധത്തിലുള്ള വൈഷമ്യങ്ങളുണ്ടെന്നു ദിവാൻപ്രസിഡൻറു അവർകളും ഈ സഭയെ അറിയിച്ചു. ഈ പരിതഃസ്ഥിതിയിൽ തിരുവിതാംകൂറിൻെറ ഗ്രാമപ്രദേശങ്ങളിലുള്ള ഒട്ടധികം ആളുകളുടെ വൈദ്യസഹായാർത്ഥം വൈദ്യശാലകൾക്കു കൂടുതൽ ഗ്രാൻറു കൊടുക്കുന്ന കാര്യം ഈ സഭയുടേയും തദ്വാരാ ഗവണ്മെൻറിൻെറയും ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണ്. ഇപ്പോൾ ഗവണ്മെൻറിൽനിന്നും ൧൩൩ വൈദ്യശാലകൾക്കു മാത്രമെ ൧൨൦-ൽ സഹായധനം കൊടുക്കുന്നതിനു ബഡ്ജററിൽ ഇനം നീക്കിവച്ചിട്ടുള്ളു. കഴിഞ്ഞകൊല്ലത്തിൽ അതായതു ൧൧൫-ൽ ൧൩൬ ഗ്രാൻറു വൈദ്യശാലകൾ ഉണ്ടായിരുന്നതു ൧൧൯-ൽ ൧൩൩ ആയി കുറയുകയാണു ചെയ്തിട്ടുള്ളതു. ഈ നയം ഒരിക്കലും ആശാസ്യമായിട്ടുള്ളതാണെന്നു പറയാൻ നിവൃത്തിയില്ല. വൈദ്യശാലയ്ക്കു ഗ്രാൻറു നൽകുന്നതുതന്നെ ൪ തരമായി വൈദ്യന്മാരെ തരംതിരിച്ചിട്ടാണ്. ഏററവും കുറഞ്ഞതോതിൽ വൈദ്യന്മാർക്കു നൾ

കുന്ന പ്രതിമാസ സഹായധനം ൧൭ രൂപാ മാത്രമാണ്. ഇങ്ങനെയുള്ള വൈദ്യശാലകൾ നാട്ടിന്റെ നാനാഭാഗങ്ങളിലും എന്നതന്നെയല്ല ഓരോ കരകളിലും ഉണ്ടായിരിക്കത്തക്കവണ്ണം ഒരു പദ്ധതി ആയുർവേദ ഡിപ്പാർട്ടുമെന്റിൽനിന്നും വാങ്ങി ഗവണ്മെന്റു ഏററവും അടുത്തഭാവിയിൽ അതായതു് യുദ്ധാനന്തരപുനഃസംവിധാനപദ്ധതിയോടു് ചേർത്തു് വൈദ്യസഹായാർത്ഥം ഗ്രാമപ്രദേശങ്ങൾക്കു് ഈ മാർഗ്ഗങ്ങളിൽകൂടി വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കേണ്ടതാണ്. വൻതുകകൾ മററാവശ്യങ്ങൾക്കുവേണ്ടി ചെലവുചെയ്യുന്ന ഗവണ്മെൻറിൽനിന്ന് തിരുവിതാംകൂറിലെ രണ്ടോ നാലോ കരകൾക്കു് ഉപയോഗപ്പെടത്തക്കവണ്ണം പകുതികൾ തോറും ഓരോ വൈദ്യശാലയ്ക്കു സഹായധനം കൊടുക്കേണ്ടിവന്നിരുന്നാൽ തന്നെയും അതിലേയ്ക്കു ഒരു ലക്ഷം രൂപ മതിയാകുന്നതാണ്. ഈ തുക കൊണ്ടു് മിക്കവാറും എല്ലാ പകുതിക്കും വൈദ്യസഹായം കൊടുക്കാൻ കഴിയുന്നതാണ്. മുമ്പു് ഇവിടെ പ്രസ്താവിച്ചിട്ടുള്ളതുപോലെ പുതിയ ആശുപത്രികളുടെ കഥ പ്രതിപാദിച്ചു കേട്ടപ്പോൾ വയ്ക്കത്തിന്റെ സ്ഥിതി മററുപല കാര്യങ്ങളിലും എന്നപോലെ ഇക്കാര്യത്തിലും വളരെ പരിതാപകരമായി വന്നേക്കുമല്ലോ എന്നു് ഞാൻ ക്ലേശത്തോടുകൂടി ചിന്തിക്കാതിരുന്നില്ല. ഉത്തരതിരുവിതാംകൂറിൽ ഉയർന്നതോതിൽ ഡിസ്ട്രിക്ററു് ആശുപത്രികൾ ആയി ഉയർത്തുവാൻ ഉദ്ദേശിക്കുന്നതു് ആലപ്പുഴയിലും കോട്ടയത്തും ആലുവായിലും ഉള്ള ആശുപത്രികളെ ആണെന്നു പ്രസ്താവിച്ചുകേട്ടു. ഈ മൂന്നു സ്ഥലങ്ങൾക്കും മദ്ധ്യേ സ്ഥിതിചെയ്യുന്ന വയ്ക്കത്തിനു മററുപല സംഗതികളിലുമെന്നപോലെ ഈ ആശുപത്രിക്കാര്യത്തിലും വലിയ വൈഷമ്യത്തിനാണ് ഇടവരുന്നതു്. ഏറക്കുറെ ഇതിന് ഒരു പ്രതിവിധിയായി എനിക്കു് ഈ സഭയുടെ മുമ്പാകെ കൊണ്ടുവരുവാനുള്ള ഒരു ചെറിയ വൈദ്യസഹായാപേക്ഷയാണ് ഒരു ആയുർവേദാശുപത്രിയുടെ സ്ഥാപനകാര്യം. ഒരു ആയുർവേദാശുപത്രിക്കു് ഗണ്യമായ ഒരു തുക ചെലവുവരുന്നതല്ലെന്നു ആ ഡിപ്പാർട്ടുമെൻറിന്റെ ഭരണറിപ്പോർട്ടിൽനിന്നും വ്യക്തമാകും. ഈ സ്ഥിതിക്കു് തീരപ്രദേശങ്ങളിൽ വാതരോഗസംബന്ധമായ ചികിത്സകൾക്കു് ആയുർവേദ വൈദ്യസഹായം ലഭിക്കത്തക്കവണ്ണം ഒരാശുപത്രി വൈക്കത്തു സ്ഥാപിക്കണമെന്നുള്ള വസ്തുത ഈ സഭയുടേയും ഗവണ്മെൻറിന്റേയും ദൃഷ്ടിയിൽ പെടുത്തിക്കൊള്ളുന്നു. ആയുർവേദചികിത്സയിൽ ജനസാമാന്യത്തിനുള്ള വിശ്വാസത്തിന്റെ ഒരു തോതു് തിരുവനന്തപുരം ജനറൽ ആശുപത്രിയിൽ ൧൧൦൯-ൽ ചികിത്സിച്ചിട്ടുള്ള ആളുകളുടെ എണ്ണം ൭൧൦൦൦ ആയിരിക്കെ ഇവിടത്തെ ആയുർവേദാശുപത്രിയിൽ ചികി

[Mr. V. K. Velappan Nair]

ത്സിക്കാൻ ചെന്നെത്തിയ ആളുകളുടെ എണ്ണം ൧൩൦൦൦-ന് മേൽ എന്നു കാണുന്നു. ൫൦൦൦ ജനങ്ങളും പലവിധ സൗകര്യങ്ങളോടുകൂടി പല ആശുപത്രികളും ഉള്ള ഈ സ്ഥലത്ത് നാട്ടുചികിത്സയിൽ ഇത്ര കൂടുതൽ വിശ്വാസം പ്രദർശിപ്പിക്കുന്നു എന്നുള്ളതു ഈ ഡിപ്പാർട്ടുമെൻറു കൂടുതൽ ശ്രദ്ധയെ അർഹിക്കുന്നു എന്നുള്ളതിന് ഒരുത്തമ ദൃഷ്ടാന്തമാണ്. ഞാൻ ഈ ഉപക്ഷേപത്തെ അനുകൂലിച്ചുകൊള്ളുന്നു.

MR. G. PARAMESWARAN PILLAI: സർ, ഈ സഭയിലെ ബഹുമാനപ്പെട്ട ഒരംഗമായ മി: കെ. ജി. കേശവൻനായർ അവതരിപ്പിച്ചതും, മി: വേലപ്പൻനായർ അനുകൂലിച്ചതുമായ ഈ ഉപക്ഷേപത്തെ ഞാനും ഹാർദ്ദമായി പിൻതാങ്ങുന്നു. ശ്രീമൂലംതിരുനാൾ മഹാരാജാവുതിരുമനസ്സിലെ കാലത്താണ് ആയുർവേദ ഡിപ്പാർട്ടുമെൻറു രൂപീകരിച്ചതു്. അതിനുശേഷം കുറെക്കാലത്തേക്ക് അതു് അജ്ഞാതമായിത്തന്നെ കിടന്നിരുന്നു. ശ്രീ കോളത്തേരി ശങ്കരമേനോൻ അവർകളെ ആയുർവേദ ഡയറക്ടരായി ഇവിടെ കൊണ്ടുവരുകയും അദ്ദേഹത്തിൻെറ ഭരണത്തോടുകൂടി ആയുർവേദത്തിൻെറ മഹാത്മ്യം പൊതുജനങ്ങളും ബഹുമാനപ്പെട്ട ഗവൺമെൻറും മനസ്സിലാക്കുകയും ചെയ്തു. അദ്ദേഹം പെൻഷൻപററി ഇവിടെനിന്നും പോയതിനുശേഷം ഈ ഡിപ്പാർട്ടുമെൻറു വീണ്ടും അധോഗതിയെ പ്രാപിച്ചു. ഇന്നാകട്ടെ ഈ ഡിപ്പാർട്ടുമെൻറിനു നാഥനില്ലാതെയാണ് കിടക്കുന്നതു്. ബ്രിട്ടീഷ് ഇൻഡ്യയിൽ ഒരു വൈദ്യശാലക്ക് ൩൦ രൂപയാണ് ഗ്രാൻറായി കൊടുത്തുവരുന്നതു്. തിരുവിതാംകൂറിലെ ഒരു ആയുർവേദവൈദ്യന് ഒരു നല്ലവൈദ്യശാല നടത്തുവാൻ കെട്ടിട വാടകതന്നെ ൨൫ രൂപയിൽ കുറയാതെ കൊടുക്കണം. അതുകൊണ്ട് ഇവിടെ കുറഞ്ഞതു് ൧൫ രൂപാ ഗ്രാൻറുകൊടുക്കുന്ന ഒരു വൈദ്യന് ഒരു നല്ലവൈദ്യശാല നടത്താൻ സാദ്ധ്യമല്ലെന്നു അറിയാവുന്നതാണെല്ലോ. സർ, ഇങ്ങനെ ഗ്രാൻറു കിട്ടുന്ന വൈദ്യന്മാർ ഗ്രാൻറിൻെറ നാലോ അഞ്ചോ ഇരട്ടിവിലക്കുള്ള മരുന്ന് സാധുക്കൾക്ക് കൊടുത്തുവരുന്നുണ്ടെന്നുള്ള സംഗതി പ്രത്യേകം പ്രസ്താവ്യമാണ്. മനുഷ്യധർമ്മത്തെ മുൻനിർത്തി ദീനാനുകമ്പയോടുകൂടി ചികിത്സിക്കുന്നതിന് സാമാന്യേന ആയുർവേദവൈദ്യന്മാർക്ക് ഒരു പ്രത്യേകതയുണ്ട്. ആർഷസംസ്കാരത്തെ പലവിധത്തിലും ഉന്നമിപ്പിച്ചുകൊണ്ടിരിക്കുന്ന ഈ രാജ്യത്തു ആയുർവേദത്തിനു പുരോഗതിയുണ്ടാക്കാൻ വേണ്ടതു ചെയ്തുകൊടുക്കാത്തതു വളരെ കഷ്ടമാണ്. തിരുവിതാംകൂർ

മെഡിക്കൽ സർവീസിൽ ഇരുപതു ഇരുപത്തിരണ്ടുകൊല്ലം പ്രത്യേകം ഒരു വകുപ്പിൽ മേധാവിയായിരുന്നു പെൻഷൻ പററിയതിനുശേഷം ഇപ്പോൾ ആയുവ്വേദ ഡയറക്ടരായിട്ടും ആയുവ്വേദകാളേജ് പ്രിൻസിപ്പാളായിട്ടും പരിവത്തനം ചെയ്തിരിക്കുന്ന അദ്ദേഹത്തിന് ആയുവ്വേദത്തെ ഏതുവിധത്തിലും പരിപോഷിപ്പിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടായിരുന്നിട്ടും ഗവമ്മെൻറിൽനിന്നും വേണ്ടപോലെയുള്ള ആനുകൂല്യങ്ങൾ ഈ ഡിപ്പാർട്ട്മെൻറിനു നൽകുന്നില്ലെന്നു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഇപ്പോൾ ഉന്നത വൈദ്യശാലകൾക്കാണു ഗ്രാൻറു കൊടുക്കുന്നതെന്നു തോന്നുന്നു. ഇന്ന് ഈ ഡിപ്പാർട്ടുമെൻറിൻെറ ഡിമാൻറുവരുമെന്നു അറിഞ്ഞിട്ടില്ലായിരുന്നതുകൊണ്ടു ഇതിനെ സംബന്ധിച്ചുള്ള പൂണ്ണവിവരങ്ങൾ ഇവിടെ പ്രസ്താവിക്കാൻ നിവൃത്തിയില്ലാതെയാണു വന്നിരിക്കുന്നതു്. ശരിയായ വിധത്തിൽ വൈദ്യശാലനടത്തുന്നു എന്നു ബോദ്ധ്യംവരുന്നവക്കു കൂടുതൽ ഗ്രാൻറുകൊടുത്തു പ്രോത്സാഹിപ്പിക്കണം. തിരുവനന്തപുരത്തുള്ള ആയുവ്വേദാശുപത്രിപോലെതന്നെ മററു പ്രധാനപ്പെട്ട സ്ഥലങ്ങളിലെല്ലാം ആയുവ്വേദാശുപത്രികൾ ഉണ്ടാക്കുന്നതിനു വേണ്ട ഏപ്പാടുകൾ ചെയ്യുകയും ആയുവ്വേദ ഔഷധങ്ങൾക്കു ഐകരൂപ്യം വരുത്തുന്നതിന് ഒരു പ്രത്യേകനിയമം ഉണ്ടാക്കുകയും ചെയ്യണമെന്നു പ്രത്യേകം അപേക്ഷിക്കുന്നു. ഇപ്പോൾ ഡിപ്പാർട്ടുമെൻറിൻെറ കീഴിലുള്ള ഫാർമസി സാധ്യങ്ങളായ രോഗികൾക്കു പ്രയോജനകരമാകത്തക്കവിധത്തിലും കുറേക്കൂടി വിപുലമായതോതിലും കൂടുതൽ ഔഷധങ്ങൾ ഉണ്ടാക്കി ന്യായമായ രീതിയിൽ രോഗികൾക്കും വൈദ്യന്മാക്കും മററാവശ്യക്കാക്കും കിട്ടത്തക്കവണ്ണം ഈ വ്യവസായത്തെ അഭിവൃദ്ധിപ്പെടുത്തിയും ഈ ഡിപ്പാർട്ടുമെൻറിനെ പരിഷ്കരിക്കേണ്ടതു് ഏററവും അത്യാവശ്യമാണെന്നു ഉൽബോധിപ്പിച്ചുകൊള്ളുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI: സർ, സാധാരണ ഇംഗ്ലീഷു സംപ്രദായങ്ങളിലുള്ള മോടി അതിൻെറ പകിട്ട് അതിൽ ആളുകൾക്കു കൗതുകം അനുകരണഭ്രമം ഇതെല്ലാം ഒരു വിധത്തിലും പഴയ നാടൻ സംപ്രദായങ്ങളിലുള്ള അനാസ്ഥ അല്ലെങ്കിൽ അനാദരവും ഇതു മറെറാരു പ്രകാരേണയും ആണെന്നുള്ള പരമാർത്ഥം നമുക്കു തികച്ചും അനുഭവവേദ്യമാണല്ലോ. ഈ മനോഭാവം പൌരസ്ത്യസംപ്രദായത്തിലുള്ള ആയുവ്വേദചികിത്സാസമ്പ്രദായത്തെ സംബന്ധിച്ചു യഥാത്ഥമാണെന്നു നമുക്കു പ്രത്യക്ഷമായി കാണാൻ കഴിയുന്നതാണ്. ൧൦൯൩-ൽ ആരംഭിച്ച് ഇപ്പോൾ ൮൩ വർഷങ്ങൾ കഴിഞ്ഞിട്ടും ഭരണസംബന്ധമായി നോക്കി

[Mr. Puliyoor T. P. Velayudhan Pillai.]

യാലും സ്ഥാപനങ്ങളുടെ എണ്ണം സംബന്ധിച്ചു നോക്കിയാലും കാര്യക്ഷമതയെ ആസ്പദമാക്കിനോക്കിയാലും എല്ലാവിധത്തിലും ഈ ആയുർവേദഡിപ്പാർട്ടുമെൻറു ക്രമപ്രവൃദ്ധമായ അഭിവൃദ്ധിക്ക് പകരം ദിനംപ്രതി അധഃപതനം കൈക്കൊണ്ടുതന്നെ ഇരിക്കുന്നു എന്ന് നിഷ്പ്രയാസം കാണാൻ കഴിയുന്നതാണ്. സർ, ൧൧൧൮-ലെക്കാരം ൧൧൧൯-ൽ ൧൫ അല്ലോപ്പതി ഡിസ്പെൻസറികൾ ഈ തിരുവിതാംകൂറിൽ സ്ഥാപിച്ചിരുന്നിട്ടും ആ സ്ഥാപനങ്ങളിൽനിന്നും വൈദ്യസഹായം ലഭിച്ചിട്ടുള്ള രോഗികളുടെഎണ്ണം വളരെ വളരെ കുറഞ്ഞിട്ടുണ്ടെന്നു കാണാൻകഴിയും. എന്നാൽ ഗ്രാൻറു-ഇൻ-എയിഡ് ആയുർവേദവൈദ്യശാലകളുടെ എണ്ണം ൧൧൧൯-ൽ കുറഞ്ഞിട്ടുണ്ടെങ്കിലും ഈ വൈദ്യശാലകളിൽ ചികിത്സിച്ചിട്ടുള്ള രോഗികളുടെ എണ്ണം സാരമായി വർദ്ധിച്ചിട്ടുണ്ടെന്നു കാണാം. ഇതിൽനിന്നും സ്പഷ്ടമാകുന്ന ഒരു കാര്യം സാമാന്യജനതയ്ക്കു ഇംഗ്ലീഷ് വൈദ്യസമ്പ്രദായത്തേക്കാൾ കൂടുതൽ വിശ്വാസവും ദീററുമെൻറു നടത്തുന്നതിനുള്ള കൂടുതൽസൗകര്യവും ഈ ആയുർവേദസമ്പ്രദായത്തിനാണെന്ന് സ്പഷ്ടമാകുന്നുണ്ട്. ഇപ്രകാരമുള്ള ഒരു ഡിപ്പാർട്ടുമെൻറിനെ കഴിയുംവിധം സർവതോന്മുഖമായി അഭിവൃദ്ധിപ്പെടുത്തേണ്ടതു് ഗവമ്മെൻറിൻെറ അപരിത്യാജ്യമായ ഒരു കടമയാണെന്നാണ് എൻെറ അഭിപ്രായം. സർ, ൧൧൧൯-ലെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടുനോക്കുന്നപക്ഷം ചില കാര്യങ്ങൾ വളരെ അതിശയകരമായി തോന്നുന്നുണ്ട്. ൧൧൧൯-ൽ ൧൩൯-ഗ്രാൻറു-ഇൻ-എയിഡ് വൈദ്യശാലകൾ ഉണ്ടായിരുന്നതായി കാണുന്നു. എന്നാൽ അതോടുകൂടി അനുബന്ധിച്ചുതന്നെ ൧൩൩ വൈദ്യശാലകൾ മാത്രമെ ആ വർഷത്തിൽ പ്രവർത്തനം നടത്തിയിട്ടുള്ളതായി കാണുന്നുള്ളു. അങ്ങനെയാണെങ്കിൽ ബാക്കി ആറു വൈദ്യശാലകളുടെ സ്ഥിതി എന്തായിരുന്നു. അതു് യഥാർത്ഥത്തിൽ ഉണ്ടായിരുന്നോ അതോ പിശകായി ചേർത്തിരുന്നതാണോ എന്ന് ഡിപ്പാർട്ടുമെൻറു തന്നെ ഉത്തരം പറയേണ്ടിയിരിക്കുന്നു. ഭരണറിപ്പോർട്ടിൽനിന്നും മറെറാരുകാര്യംകൂടി സ്പഷ്ടമാകുന്നുണ്ട്. ൧൧൧൯ മിഥുനമാസത്തിനുശേഷം യാതൊരു ആയുർവേദവൈദ്യശാലയ്ക്കും കൂടുതലായി റക്കഗ്നിഷൻ (അംഗീകാരം) അനുവദിച്ചിട്ടില്ലെന്ന് കാണുന്നു. മെഡിക്കൽപ്രാക്ടീഷണേഴ്സ് ആക്ററു നടപ്പിൽവന്നതുകൊണ്ടാണ് കൂടുതലായി റക്കഗ്നിഷൻ നൽകാത്തതെന്നാണ് പറയുന്നതു്. സർ, ഇതിൻെറ അർത്ഥം എന്താണ്. ഈ ആക്ററും വൈദ്യശാലകൾക്ക് റക്കഗ്നിഷൻ കൊടുക്കുന്നതും ആയിട്ട് യാതൊരു ബന്ധവുമില്ലെന്നുകാണാം. രജിസ്ട്രേഷൻ രണ്ടു വിധത്തിലാണ്. പാർട്ട് ഏ രജിസ്ട്രേഷനും പാർട്ട ബി രജിസ്ട്രേ

ഷനും, അതായത് ക്വാളിഫിക്കേഷൻ ഇല്ലാത്ത ആളുകൾക്കും ക്വാളിഫിക്കേഷൻ ഉള്ളവർക്കും ൨ തരത്തിൽ രജിസ്ട്രേഷൻ നിർബന്ധിതമാക്കുന്നുണ്ടെന്നല്ലാതെ ഗ്രാൻറു അനുവദിക്കുന്നതിനോ റക്കഗ്നിഷൻ അനുവദിക്കുന്നതിനോ ഈ ആക്ററുഎങ്ങനെ ബാധകമായിത്തീരുന്നു എന്നു എനിക്ക് മനസ്സിലാക്കാൻ പ്രയാസമായിത്തീർന്നിരിക്കുന്നു. ഈ അവസരത്തിൽ ഒന്നു രണ്ടു സംഗതികൾ അങ്ങയുടെ ആലോചനയ്ക്കു വിഷയീഭവിപ്പിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഏതാണ്ടു ൪ വർഷങ്ങൾക്ക് മുമ്പ് അന്നത്തെ ഈ അസംബ്ലിയിൽ ബഹുഭൂരിപക്ഷത്തോടുകൂടി പാസ്സാക്കിയ ഒരു പ്രമേയം തിരുവിതാംകൂറിന്റെ എല്ലാ കേന്ദ്രങ്ങളിലും ആയുർവേദാശുപത്രികൾ സ്ഥാപിക്കണമെന്നുള്ളതായിരുന്നു. അന്ന് ഇതു സംബന്ധിച്ചു വളരെപ്രബലമായ ചോദ്യോത്തരങ്ങൾക്കും വാദപ്രതിവാദങ്ങൾക്കുംശേഷം അവസാനത്തിൽ ബഹുഭൂരിപക്ഷത്തോടുകൂടി ആ പ്രമേയം ഇവിടെ പാസ്സാക്കുകയാണുണ്ടായത്. ഇപ്രകാരം പാസ്സാക്കപ്പെടുന്ന പ്രമേയങ്ങൾ നടപ്പിൽവരുത്തേണ്ടതു് ഗവൺമെൻറിന്റെ കടമയാണ്. ഗവൺമെൻറിൽനിന്നും ഇതുവരെയും ഇതിനെ സംബന്ധിച്ചു യാതൊന്നും ചെയ്തിട്ടില്ലെന്നു വ്യസനസമേതം പ്രസ്താവിക്കേണ്ടിയിരിക്കുന്നു. മറെറാരു കാര്യം അങ്ങയുടെ ദൃഷ്ടിയിൽ കൊണ്ടുവരുവാനുള്ളതു് വൈദ്യശാലകൾക്ക് ഗ്രാൻറു നൽകുന്നതിനെ സംബന്ധിച്ചാണ്. ഈ രാജ്യത്ത് ൩൦ താലൂക്കുകളിലായി ൪൨൧ പകുതികൾ ഉണ്ടെന്ന് ഇവിടത്തെ അഡ്മിനിസ്ട്രേഷൻ റിപ്പോർട്ടിൽനിന്നും കാണുന്നു. എന്റെ വിനീതമായ അഭിപ്രായം എല്ലാ പകുതികളിലും ഓരോ ആയുർവേദഗ്രാൻറു വൈദ്യശാലകൾഎങ്കിലും അങ്ങയുടെ കാലത്തു് സ്ഥാപിക്കണമെന്നാണ്. ഇപ്പോൾ നടപ്പിൽ വരുത്താൻ ഉദ്ദേശിക്കുന്ന മെഡിക്കൽഡിപ്പാർട്ടുമെൻറിലെ പരിഷ്കാരത്തെസംബന്ധിച്ച് സാമ്പത്തികമായ കാരണങ്ങളാലും പ്രാധാന്യം വഹിക്കുന്ന ആശുപത്രികൾക്കു സംഭവിക്കാൻപോകുന്നഅധഃപതനത്താലും മററും പല അഭിപ്രായവ്യത്യാസങ്ങൾക്കും ഇടയായേക്കാം. എന്നാൽ ഓരോ പകുതിയിലും ഓരോ ഗ്രാൻറുവൈദ്യശാലകൾ സ്ഥാപിക്കണമെന്ന് ആവശ്യപ്പെടുമ്പോൾ അതിലേക്കുണ്ടാകുന്നചിലവും ഏററവും നാമമാത്രമാണെന്നു ഞാൻ പ്രത്യേകിച്ചു പറയണമെന്നില്ലല്ലോ. ഇപ്പോൾ ആകപ്പാടെ ൧൩൬ ഗ്രാൻറു-ഇൻ-എയിഡ് വൈദ്യശാലകളെ ഉള്ളു. ഓരോ പകുതിയിലും വൈദ്യശാലകൾ സ്ഥാപിക്കണമെന്നു വരുമ്പോൾ ആകെ ൪൨൧ വൈദ്യശാലകൾ വേണ്ടിയിരിക്കുന്നു. ഒരു വർഷത്തിൽ ൧൦ വൈദ്യശാലകൾക്കു ഗ്രാൻറു കൊടുക്കുക എന്നുള്ള ഒരു സ്ഥിരമായ

[Mr. Puliyoor T. P. Velayudhan Pillai.]

ന്നയം ഗവണ്മെൻറു സ്വീകരിക്കുന്നപക്ഷം സാമ്പത്തികമായ യാതൊരു വിഷമവും വരാനില്ല. ഇതിലേയ്ക്കു പ്രതിവർഷം കൂടുതലായി വ. ൧൦൦ രൂപാ മാത്രമേ വേണ്ടിവരുന്നുള്ളു. അല്ലാതെ സ്ഥലംവേണ്ടാ, കെട്ടിടംവേണ്ടാ, സാമഗ്രികൾവേണ്ടാ, ആയതിലേക്കു മററു യാതൊരു ധനവും ഗവണ്മെൻറിൽനിന്നും ചിലവു ചെയ്യേണ്ടതായിട്ടില്ല.

സർ, അങ്ങനെ ഏഴ് വൈദ്യശാലകൾക്കു ഗ്രാൻറുകൊടുക്കുന്ന പക്ഷം വ. ൭൦൦ രൂപാ മാത്രമേ ആകുന്നുള്ളു. മറെറാരു തരത്തിൽ പറയുകയാണെങ്കിൽ ഞാൻ ഈ സഭയുടെ ആലോചനയ്ക്കു ഇടയാക്കുന്നതു അങ്ങയുടെ അര മാസത്തെ ശമ്പളം മാത്രമേ വേണ്ടിവരുകയുള്ളു എന്നുള്ളതാണ്. ഏററവും ജനോപകാരപ്രദമായ ഈ കാര്യത്തിനു ഇങ്ങനെ ഒരു നിസ്സാരമായ സംഖ്യ മാത്രമേ വേണ്ടിവരികയുള്ളു എന്നുള്ളതു അങ്ങയുടെ ദയാദൃഷ്ടിയിൽ കൊണ്ടുവരുന്നതിനു മാത്രമാണു ഞാൻ ഇപ്രകാരം പറഞ്ഞതു. ഇതിലേക്കു നിർദ്ദിഷ്ടമായ ഒരു പദ്ധതി സ്വീകരിച്ചു ഓരോ പകുതിയിലും കുറഞ്ഞതു ഓരോ വൈദ്യശാലകൾ എങ്കിലും ഉണ്ടാകുന്നതുവരെ ഈ പദ്ധതി തുടർന്നുകൊണ്ടുപോകുന്നതു ഏററവും ഉപകാരപ്രദമായിരിക്കുമെന്നു ഞാൻ പ്രത്യേകം പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ ജനാധിവാസമില്ലാത്ത ദേവികുളം, പീരുമേടു മുതലായതാലൂക്കുകളിലെ ചില പകുതികളിൽ ഇതു ആവശ്യമാണെന്നു ഞാൻ അഭിപ്രായപ്പെടുന്നില്ല.

സർ, മറെറാരുകാര്യം പറയുവാനുള്ളതു, ആയുർവേദകാളേജു ഇപ്പോൾ പരിഷ്കരിച്ചതുകൊണ്ടു, ഇംഗ്ലീഷു സമ്പ്രദായത്തിലുള്ള ശാസ്ത്രീയമായ അഭ്യസനംകൂടി കാളേജിൽനിന്നും പാസ്സായിപുറത്തു വരുന്ന യുവവൈദ്യന്മാർക്കു സിദ്ധിക്കുന്നുണ്ടു. അതു ഏററവും പ്രയോജനകരപ്രദമായ ഒരു കാര്യമാണു. ഈ വിധമുള്ള അഭ്യസനത്തിനുശേഷം കാളേജിൽനിന്നും വിജയികളായി വെളിയിലിറങ്ങുന്ന വൈദ്യന്മാരുടെ സേവനഫലമായി പല ഗുണങ്ങളും പൊതുജനങ്ങൾക്കു ഉണ്ടാകുന്നുണ്ടു. അതുകൊണ്ടു ജനബാഹുല്യമുള്ള പ്രദേശങ്ങളിലെല്ലാം അവരുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടി ആയുർവേദആശുപത്രികളും നിവൃത്തിയുള്ളിടത്തോളം എല്ലാ പകുതികളിലും ഗ്രാൻറു-ഇൻ-എയിഡു വൈദ്യശാലകളും സ്ഥാപിക്കുന്നതിനുള്ള നടപടികൾ എത്രയും വേഗത്തിൽ ആരംഭിക്കുകയും അതിലേക്കു അനുയോജ്യമായ ഒരു നിർദ്ദിഷ്ടനയം പ്രവർത്തിപ്പിക്കുകയും ചെയ്യുമെന്നുള്ള അപേക്ഷയോടുകൂടി ഈ ഖണ്ഡനോപക്ഷേപത്തെ ഞാൻ പിൻതാങ്ങിക്കൊള്ളുന്നു.

MR. V. MADHAVAN (*Vaikom Cum Kottayam*) സർ, ആയുർവേദചികിത്സാ സമ്പ്രദായംതന്നെ ഭാരതീയർക്കൊക്കെ ഹൃദയംഗമമായി സ്വാഗതം ചെയ്തു് അഭിനന്ദിക്കുന്ന ഒന്നാണ്. എങ്കിലും, വിദേശീയ മേധാവിത്വം വന്നതോടുകൂടി, ആയുർവേദത്തിന്റെ പ്രചാരം അസ്തമിച്ച് അതിനെ വിസ്മൃതകോടിയിൽ തള്ളുകയും, പകരം ഇംഗ്ലീഷു ചികിത്സാസമ്പ്രദായം പ്രചരിക്കയും ചെയ്തു. എന്നാൽ തിരുവിതാംകൂർ രാജ്യം ആയുർവേദചികിത്സാസമ്പ്രദായത്തിൽ മററുരാജ്യങ്ങളെ അപേക്ഷിച്ച് മുന്നണിയിൽ നിൽക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടിയായിരിക്കണം, ഒരിക്കൽ ഗവൺമെൻറു്, അതിലേക്ക് യോഗ്യനായ കോമത്തേരി മി: ശങ്കരമേനവനെ ഡയറക്ടരായി നിയമിച്ചതു്. അദ്ദേഹത്തിന്റെ ഭരണകാലത്തു് ആയുർവേദചികിത്സയ്ക്കു് ഊർജ്ജസ്വലമായ പ്രചാരവും ഫലപ്രാപ്തിയും ഉണ്ടായിരുന്നു, അദ്ദേഹത്തിന്റെ മഹൽസേവനത്തിനുശേഷം അദ്ദേഹം രൂപീകരിച്ച കാര്യപരിപാടി അനുസരിച്ച് ഏതാനും ആയുർവേദവൈദ്യന്മാർ, കാളേജിനു പുറത്തിറങ്ങിയെന്നല്ലാതെ, ചികിത്സാസമ്പ്രദായത്തിനുവേണ്ടി യാതൊരു പ്രോത്സാഹനവും ചെയ്തിട്ടില്ല. എന്നാൽ, വിശാലവീക്ഷണനും കർമ്മകുശലനുമായ അങ്ങയുടെ ഈ ഭരണകാലത്തെങ്കിലും ഈ സമ്പ്രദായത്തെ പുനർജ്ജീവിപ്പിച്ച് വേണ്ടതരത്തിലുള്ള പ്രോത്സാഹനം കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. സർ, ചികിത്സാസമ്പ്രദായത്തിൽ വളരെ നൈപുണ്യമുള്ള വൈദ്യരത്നങ്ങൾ ഉൾക്കൊള്ളുന്ന അപൂർവ്വം ചില കുടുംബങ്ങൾ നമ്മുടെ രാജ്യത്തുണ്ട്. ഒരു ഒററമൂലികപ്രയോഗംകൊണ്ട് അവർ ഏതു സുഖക്കേടിനേയും അത്ഭുതകരമാംവണ്ണം ഭേദപ്പെടുത്തും. പക്ഷേ അവർക്കു മററൊരുദൂഷ്യാംശമുള്ളതു്, വിശേഷവിധിയായിട്ടു വല്ല പ്രയോഗവും അറിയാമെങ്കിൽ അതു് ആർക്കും ഉപദേശിച്ചുകൊടുക്കുന്ന കാര്യത്തിൽ വളരെ വിമുഖരാണ്. അങ്ങിനെ ഒരു വൈരാഗ്യബുദ്ധി ഇവർക്കുള്ളതുകൊണ്ട് അവരുടെ കാലശേഷം ഈ ഒററമൂലിക പ്രയോഗം നഷ്ടപ്പെട്ടുപോകയാണ് ചെയ്തിട്ടുള്ളതു്. എങ്കിലും പരമ്പരയായി അവരുടെ കുടുംബാംഗങ്ങൾ ഇന്നും വൈദ്യവൃത്തി തുടർന്നുകൊണ്ടുതന്നെ ഇരിക്കുന്നുണ്ട്. പക്ഷെ, പ്രോത്സാഹനം അശേഷം ഇല്ല. ആയതിനാൽ അങ്ങിനെയുള്ള കുടുംബാംഗങ്ങളെ കണ്ടുപിടിച്ച് അവരെ പ്രോത്സാഹിപ്പിച്ചാൽ പൊതുജനങ്ങൾക്ക് വളരെ ഉപകാരപ്രദമായിരിക്കും. മററൊരുകാര്യം പറയുവാനുള്ളതു് ചിലർ പണത്തിനായി മാത്രം വൈദ്യ

[Mr. V. Madhavan]

ന്മാരാണെന്നും പറഞ്ഞു നടക്കുന്നുണ്ടു്. അവർ മനുഷ്യക്കു പലവിധത്തിൽ ഉപദ്രവം ഉണ്ടാക്കുന്നുണ്ടു്. അതുകൊണ്ടു് അവരെ നിയന്ത്രിക്കാൻ ഒരു ചുമതലയുള്ള ഉദ്യോഗസ്ഥനെ നിയമിക്കുന്നതു് നന്നായിരിക്കും. മി: ടി. പി. വേലായുധൻപിള്ള പറഞ്ഞതുപോലെ ഈ വക സംഗതികൾക്കു വളരെ അധികം ചെലവു വരുമെന്നു തോന്നുന്നില്ല. അഥവാ അല്പം ചെലവു കൂടിയാൽ തന്നേയും അതു് രാജ്യത്തുള്ള ജനസഞ്ചയങ്ങളുടെ ആരോഗ്യസംരക്ഷണത്തിനുവേണ്ടിയായതിനാൽ ബഹുമാനപ്പെട്ട ഗവൺമെൻറു് ഈവക കാര്യങ്ങളിൽ വേണ്ട ശ്രദ്ധ പതിപ്പിക്കണമെന്നു അപേക്ഷിച്ചുകൊണ്ടു് ഉപക്ഷേപത്തെ പിൻതാങ്ങുന്നു.

MR. C. K. SANKARA PILLAI : സർ, ആയുർവ്വേദ വൈദ്യശാലകളുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള വാദമുഖങ്ങൾ പല ബഹുമാന്യ മെമ്പറന്മാരും ഇവിടെ അവതരിപ്പിക്കുകയുണ്ടായി. സർ, എന്റെ അഭിപ്രായത്തിൽ ആയുർവ്വേദചികിത്സ ശാസ്ത്രീയരീത്യാ പ്രയോഗിക്കുകയാണെങ്കിൽ തീർച്ചയായും ഫലപ്രദമാകും. എന്നാൽ അതിന്റെ പ്രയോഗത്തിൽ ഇന്നത്തെ വൈദ്യശാലകൾ കാട്ടിക്കൂട്ടുന്ന അപാകതനിമിത്തം ജനങ്ങൾക്കു് വളരെ ഉപയോഗശൂന്യമായിത്തീർന്നിട്ടുള്ളതിനും പുറമേ ചില അവസരത്തിൽ അവരുടെ ആരോഗ്യത്തെക്കൂടി ഹനിക്കുന്നു എന്നാണു എനിക്കു പറയാനുള്ളതു്. ഇങ്ങനെയുള്ള വൈദ്യന്മാരുടെ വൈദ്യശാലയിൽനിന്നും, ഏതെങ്കിലുമുള്ള എണ്ണയോ കുഴമ്പോ വാങ്ങിച്ചു തേച്ചുപോയാൽ അന്നു കിടപ്പാകും. വിലകൊടുത്തു ഇവരിൽനിന്നും വാങ്ങിക്കുന്ന മരുന്നിൽ ൧൦൦-ന് ൯൯-ം ഈ വിധത്തിലാണു് അനുഭവം കണ്ടുവരുന്നതു്. എനിക്കു് ഈ സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരാനുള്ള സംഗതി ഇവർ ലാഭത്തിനുവേണ്ടി മാത്രം പ്രവർത്തിക്കുന്ന ഒരു സംഘം ആളുകളാണെന്നാണു്.

MR. G. PARAMESWARAN PILLAI : ബഹുമാനപ്പെട്ട മെമ്പർ, വൈദ്യന്മാരെപ്പററി പറയുന്നോ, അതോ, മരുന്നു വില്പനക്കാരെപ്പററി പറയുന്നോ?

MR. C. K. SANKARA PILLAI : ഞാൻ പറഞ്ഞതു് മരുന്നുഷാപ്പുകളെപ്പററിയാണു്.

MR. CHAZHIKATTU JOSEPH : ബഹുമാനപ്പെട്ട മെമ്പർ എണ്ണയും കഷായവും മററും വല്ലതും മേടിച്ചാണോ ഉപയോഗിക്കുന്നതു്?

MR. C. K. SANKARA PILLAI : നിവർത്തിയുള്ളിടത്തോളം ഇവരിൽനിന്നും വിലയ്ക്കുവാങ്ങി ഉപയോഗിക്കുന്ന ആളല്ല ഞാൻ. എന്നാലും, വളരെ അത്യാവശ്യമായ ചില സന്ദർഭങ്ങളിൽ വാങ്ങി ഉപയോഗിച്ചിട്ടുണ്ട്. അതിന്റെ ഫലമാണ് ഞാൻ മുൻപു പറഞ്ഞതു്. ഇപ്പോൾ വൈദ്യന്മാർക്ക് ലൈസൻസ് ഏർപ്പെടുത്തിയതുനിമിത്തം ഈ വരുന്ന ൧൫-ാംതീയതിക്കകം അതിലേയ്ക്കു പണം കെട്ടേണ്ടതുകൊണ്ട് അനവധി വൈദ്യന്മാർ ഓടിനടക്കുന്നു. എന്നാൽ അവർക്കു ലൈസൻസിനുവേണ്ടി സർട്ടിഫൈ ചെയ്യാനുള്ള ആളുകൾ ആരാണെന്ന് അറിഞ്ഞുകൂടാ. എങ്ങിനെ അപേക്ഷിക്കണമെന്നും അറിഞ്ഞുകൂടാ. ഇങ്ങനെ ഇരിക്കുന്ന സ്ഥിതിയിൽ, ചില പ്രത്യേക വിധിയനുസരിച്ച് പാകം ചെയ്തിട്ടുള്ള മരുന്നുകളും ഒററമൂലികളും ഗുളികകളും കൊണ്ടുനടന്ന് ഉപജീവിക്കുന്നവരുടെ കാര്യം വളരെ കഷ്ടത്തിലാകും. അഥവാ അവർക്ക് ലൈസൻസ് ഏതെങ്കിലും പ്രകാരത്തിൽ നൽകിയാൽതന്നെയും ഗവണ്മെന്റ് അവരെ നിയന്ത്രിക്കേണ്ടതാണ്.

PRESIDENT : Will the honourable member address himself to another aspect of the matter as he has apparently made a study of ,the subject? Supposing one were to get the oils and medicaments from pharmacies in Bombay or Calcutta or anywhere else is the honourable member aware of the ingredients, the proportion of the mixture of those ingredients and the prescription? In other words, is it not the real defect inherent in the system so that the scheme of things the honourable member has in mind has not come into operation?

MR. C. K. SANKARA PILLAI: Yes, Sir. ബോംബേ, കൽക്കട്ട മുതലായ സ്ഥലങ്ങളിൽനിന്നും വരുന്ന ഔഷധങ്ങളിലും ചിലപ്പോൾ അപകടങ്ങൾ സംഭവിക്കാറുണ്ട്.

PRESIDENT: What I am saying is that it is not an infirmity peculiar to the Ayurvedic pharmacies of Travancore. The real difficulty is that the prescriptions and standards and proportions are not wellknown.

MR. C. K. SANKARA PILLAI:Yes, Sir. ഇവിടത്തെ ഗവണ്മെന്റു നിയന്ത്രണത്തിലുള്ള ആശുപത്രികളിലും സംഭവിക്കാവുന്ന ഒരു കാര്യമാണ് ഇതു്. അതുകൊണ്ട് ഈ ഔഷധങ്ങൾ ഉണ്ടാക്കുന്ന വിഷയത്തിൽ ഗവണ്മെന്റ് ഏതെങ്കിലും തരത്തിലുള്ള ഒരു നിയന്ത്രണത്തോടുകൂടി, ഒരു ചുമതലയുള്ള ഉദ്യോഗസ്ഥനെ ഭരമേല്പിച്ചു നടത്തുന്നതായാൽ ഇന്ന് ആയുർവേദത്തിനു ഉണ്ടായിട്ടുള്ള ദോഷവശങ്ങളെ പരിഹരിക്കാൻ കഴിയുന്നതാണ്. പ്രത്യേകം ചില ഒററമൂലികളും മററും ഉണ്ടെങ്കിലും അതിന്റെ

[Mr. C. K. Sankara Pillai]

പ്രയോഗമോ മററോ നോക്കാതെ അതു പഠിച്ചെടുത്തു് മററു മരുന്നുകളുമായി കൂട്ടിച്ചേർത്തു ഇഷ്ടംപോലെ വൈദ്യന്മാർ കൊടുക്കുകയും രോഗികൾ അതു വാങ്ങിച്ചുപയോഗിക്കുകയും ചെയ്യുന്നതുനിമിത്തം പല പുതിയ രോഗങ്ങളും ഉണ്ടാവുകയാണു ചെയ്യുന്നതു്. അതിനാൽ, വൈദ്യശാലകൾക്കു് അംഗീകാരവും വൈദ്യന്മാർക്കു ചികിത്സിക്കുന്നതിനുള്ള അനുവാദവും കൊടുക്കുന്നതിനുമുൻപു് അവരുടെ മരുന്നുകളും മററും പരിശോധിക്കണമെന്നും അല്ലാത്തവക്കു് അനുവാദം കൊടുക്കാതിരിക്കണമെന്നുമുള്ള സംഗതി ഈ അസംബ്ലിയുടെ ശ്രദ്ധയിൽ കൊണ്ടുവന്നുകൊണ്ടു് ഉപക്ഷേപത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. CHAZHIKATTU JOSEPH : ആയുർവേദത്തെപ്പററി പ്രത്യേകിച്ചു് ഒന്നും പറയണമെന്നു വിചാരിച്ചിരുന്നില്ലെങ്കിലും മി: ശങ്കരപ്പിള്ള മൊത്തത്തിൽ ആയുർവേദവൈദ്യത്തേയും വൈദ്യന്മാരെയും ആക്ഷേപിച്ചു പറഞ്ഞതുകൊണ്ടു് എന്തെങ്കിലും പറയാതെ തരമില്ല. ഇംഗ്ലീഷുമരുന്നുകൾ ധാരാളം വാങ്ങി ഉപയോഗിച്ചിട്ടും ശമിക്കാത്ത പല രോഗങ്ങളും ആയുർവേദഔഷധങ്ങളുടെ സേവനം നിമിത്തം ശമിക്കുന്നതായി കാണുന്നുണ്ടു്. ആ മരുന്നുകൾ സേവിക്കുകയും എണ്ണകൾ തേയ്ക്കുകയും ചെയ്താൽ പഴയ രോഗങ്ങൾ മാറുകയില്ലെന്നു പറയുന്നതു ശരിയല്ല. രോഗങ്ങൾ ഭേദപ്പെടുന്നതായി എനിക്കനുഭവമുണ്ടു്. ആയുർവേദ ഔഷധങ്ങൾ സേവിച്ചാൽ രോഗങ്ങൾ മാറുകയില്ലെന്നുമാത്രമല്ല, പുതിയ രോഗങ്ങൾ ഉണ്ടാകയും കൂടി ചെയ്യുമെന്നു മി. ശങ്കരപ്പിള്ള പറഞ്ഞതിൽ അത്ഭുതം തോന്നുന്നു. അതു കഷ്ടവുമാണു്. ആയുർവേദവിധിപ്രകാരം തയാറാക്കിയിട്ടുള്ള ഔഷധങ്ങൾ സേവിച്ചാൽ ശരിയായവിധത്തിലുള്ള രോഗശമനം ഉണ്ടാകുമെന്നുള്ളതു പരമാത്ഥമാണു്. അതു എനിക്കനുഭവപ്പെട്ടിട്ടുമുണ്ടു്.

PRESIDENT : He did not say that new ailments do come into existence. He said that old ailments are not being cured.

MR. C. K. SANKARA PILLAI : I did not say that. I protest.

MR. CHAZHIKATTU JOSEPH : ബഹുമാനപ്പെട്ട മെമ്പറുടെ സ്ഥലത്തിനടുത്തുള്ള വല്ല ഒരു മരുന്നുവില്പനക്കാരനും ചീത്ത എണ്ണയോ മരുന്നുകളൊ ഉണ്ടാക്കിത്തന്നു മെമ്പറെ പററിച്ചിരുന്നേക്കാമെങ്കിലും മൊത്തത്തിൽ അങ്ങനെ പറയുന്നതു ശരിയല്ല. മി. ടി. പി. വേലായുധൻപിള്ള പറഞ്ഞതുപോലെ ഓരോ പകുതിയിലും ഓരോ ആശുപത്രിവീതം സ്ഥാപിക്കുന്നതു വളരെ അത്യാവശ്യമെന്നാണു എനിക്കു പറയുവാനുള്ളതു്.

MR. A. P. UDAYABHANU : Sir, I support the motion. We are faced with a situation in which we are not able to procure English medicines. As such, we must turn our attention to other systems of medicines which are indigenous. The war situation must be fully exploited in developing the Ayurveda system of medicine. It is clear that for a long time we may not be in a position to give our people most of the medicines prescribed by the Allopathic system. It is a costly system and the training required to produce efficient doctors under that takes a long time. As such, we must encourage the indigenous system of medicine and allow that to play a very effective rôle in the country. In this state of affairs, what we have to do is to give generous grants to the Ayurveda hospitals in all important centres. The Government are now contemplating the establishment of hospitals on the basis of four important centres in the State and it is only legitimate that we provide people with Ayurvedic hospitals in all important centres where there are no medical institutions now. Sir, the Ayurveda system is a system in which the people have an instinctive faith and faith often cures and as such, we must give the greatest possible assistance to the Ayurveda system and make Ayurveda play an important part in our life. It is well that we institute an important research section in our University to conduct research work in this branch of medicine. However much Mr Joseph may refute it, I am of opinion that there is no system or standard observed in the medicines prepared by the physicians. The Government must see to it that the Ayurvedic medicines are made in a responsible manner. It is now often only a question of difference in labelling. To prevent this we must introduce some law by which the oils, etc. will be prepared scientifically. Those who prepare these medicines should be held responsible for the damages if in case the medicines turn out to be deleterious. With these aspects in view, I plead for a generous treatment of the Ayurvedic system of medicine in the State.

MR. P. R. ACHUTHAN (*Nominated*) : സർ, മെഡിക്കൽ വകുപ്പിനെ പരിഷ്കരിക്കുവാനുള്ള പദ്ധതി അവലംബിച്ചുകൊണ്ട് അതിലേക്ക് ആവശ്യമുള്ള ധനാഭ്യർത്ഥന ഈ ബഹുമാനപ്പെട്ട സഭ മുൻപാകെ അവതരിപ്പിക്കുകയും അതിനെ സഭ സാമാന്യേന പാസാക്കുകയും ചെയ്തിരിക്കുന്ന ഈ ഘട്ടത്തിൽ ആ ചികിത്സാസമ്പ്രദായത്തെക്കുറിച്ച് യാതൊന്നും പറയണമെന്നു വിചാരിക്കുന്നില്ല. എനിക്ക് അൽപമായി പറയുവാനുള്ളതു ആയുർവേദസമ്പ്രദായത്തെക്കുറിച്ചാണ്. ആയുർവേദമെന്ന പദം സംസ്കൃതപദമാണെന്നും ആ ചികിത്സാസമ്പ്രദായം പാശ്ചാത്യ ചികിത്സാസമ്പ്രദായത്തിൽ നിന്നു വ്യത്യസ്തമാണെന്നും പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. മനുഷ്യരുടെ അല്ലെങ്കിൽ ഈ ലോകത്തിന്റെ തന്നെ നിലനിൽപ്പിനു അത്യന്താപേക്ഷിതമായിരി

[Mr. P. R. Achuthan]

ക്കുന്നതു് ആരോഗ്യവും ആയുസ്സുമാണു്. ആയുസ്സെന്ന പദത്തിന്റെ അർത്ഥം ഗമിച്ചുകൊണ്ടിരിക്കുന്നതു് എന്നാണു്. അതിനെപ്പററി പ്രതിപാദിക്കുന്ന വേദമാണു് ആയുർവ്വേദം. ആരോഗ്യവാനായി ദീർഘായുസ്സായിരിക്കുന്ന ഒരാൾക്കു് അതിനേക്കാൾ പരമമായ വേറെ ഒരു ഭാഗ്യം ഉണ്ടാകാനില്ല. രോഗം കൂടാതെയുള്ള ആ അവസ്ഥയാണു് ആരോഗ്യമെന്നു പറയുന്നതു്. ഈ ആരോഗ്യപരിപാലനമാണു് ഇംഗ്ലീഷു വൈദ്യം മുഖേനയായാലും ശരി, ആയുർവേദവൈദ്യം മുഖേനയായാലും ശരി ഏററവും അത്യാവശ്യമായിരിക്കുന്നതു്. അതിനു് ഉപകരിക്കുന്ന ഒരു വകുപ്പാണു് മെഡിക്കൽ വകുപ്പു്. അതിനെ ബഹുമാനിക്കേണ്ടതു് നമ്മുടെ അവകാശവും കടമയുമാണു്. കൂടുതലായി അതിനെക്കുറിച്ചു് ഒന്നും പറയണമെന്നു ഞാൻ വിചാരിക്കുന്നില്ല. എങ്കിലും അതിനെ യാതൊരു വിധത്തിലും ആക്ഷേപിക്കാൻ പാടില്ലെന്നുള്ള സംഗതി പറയാതിരിക്കുവാൻ തരമില്ല. ഞാൻ എന്തുകൊണ്ടാണു് അപ്രകാരം പറയുന്നതെന്നു ചോദിച്ചാൽ,— ഒരു മനുഷ്യനു് ഒരു സുഖക്കേടു് വന്നു എന്നിരിക്കട്ടെ. അയാൾ ഇംഗ്ലീഷു് ഡാക്ടർമാരെ അന്വേഷിച്ചു് പോകുകയാണെങ്കിൽ ആ സമയം അസമയമാണെങ്കിൽ ആശുപത്രി അടച്ചുപോയി എന്നോ മററാ വല്ല സമാധാനവും പറഞ്ഞു് രോഗപരിശോധനയും മററും മാററിവച്ചേക്കാം. പിന്നെ പോകുകയാണെങ്കിൽ ചേർക്കാനുള്ള മരുന്നുകൾ എല്ലാം ഇല്ല, പിറേറദിവസം വരണം എന്നുള്ള സമാധാനം പറയും. ഇതു് മരുന്നിന്റെ വില കൂട്ടാനുള്ള ഒരു സംപ്രദായമാണു്. മണിക്കൂറുതോറും രോഗിക്കു് രോഗം വർദ്ധിച്ചുകൊണ്ടിരിക്കും. എന്നാൽ നേരേ മറിച്ചു് ഒരു നാട്ടുവൈദ്യനെയാണു് സമീപിക്കുന്നതെങ്കിൽ അയാൾ ഏതു പരിതസ്ഥിതിയിലും രോഗശമനം ഉണ്ടാക്കിത്തരും. ആശുപത്രി അടച്ചുപോയാൽ തുറന്നു മരുന്നെടുത്തു തരും. അയാൾ നില്ക്കുന്ന ഭൂമിയുടെ അടുത്തുതന്നെ അങ്ങോട്ടോ ഇങ്ങോട്ടോ മാറി വല്ല പച്ചിലകളോ മറെറാ പറിച്ചു എങ്ങനെഎങ്കിലും രോഗത്തിനു ആശ്വാസമുണ്ടാക്കാതിരിക്കയില്ല. അതിനു അയാൾക്കു സാധിക്കും. അതുകൊണ്ടാണു് പുരാതന കാലംമുതൽതന്നെ ഋഷീശ്വരന്മാർ ആയുർവേദത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു വർണ്ണിച്ചിട്ടുള്ളതു്. ഭാരതീയരായ ഋഷീശ്വരന്മാരിൽനിന്നും അമൂല്യമായി നമുക്കു ലഭിച്ചിട്ടുള്ളതാണു ആയുർവേദസിദ്ധാന്തമെന്നു ഞാൻ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. വിദഗ്ദ്ധനായ ഒരു വൈദ്യനു് രോഗശമനം ഉണ്ടാക്കിക്കൊടുക്കുന്നതിനു് അയാൾ

നില്ക്കുന്ന ഭൂമിയിൽ നിന്നുകൊണ്ടുതന്നെ സാധിക്കും. ഇൻഡ്യയിലെന്നല്ല ലോകത്തിന്റെ നാനാഭാഗത്തും വലിയ സ്വാധീന ശക്തി പ്രയോഗിക്കാൻ കഴിയുന്ന അവിടുത്തെപ്പോലെയുള്ള ഭരണവിശാരദനായ ഒരാളിന്റെ കാലത്ത് ഭാരതീയമായ ഈ ആയുർവേദകലക്ക് വേണ്ടത്ര പ്രോത്സാഹനം ലഭിക്കുന്നില്ലെങ്കിൽ അത് തിരുവിതാംകൂറിലെ ജനങ്ങളുടെയും പ്രസ്തുതകലയുടെയും നിർഭാഗ്യവും ഈ സങ്കടം മററാരാലും പരിഹരിക്കാൻ അശക്യവുമാണെന്ന് അവിടുത്തെ അറിയിച്ചുകൊള്ളുന്നു. പരമാർത്ഥത്തിൽ ഇപ്പോൾ കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം മുതലായ തിരുവിതാംകൂറിലെ പ്രധാനപ്പെട്ട നഗരങ്ങളിൽ ഓരോ ഇംഗ്ലീഷ് ആശുപത്രി വലിയതോതിൽ സ്ഥാപിക്കാൻപോകുന്നുവെന്ന് പറഞ്ഞിരിക്കുന്നതിനാൽ അതിനോടുകൂടിത്തന്നെ അവിടെയെല്ലാം അതേതോതിലുള്ള ഓരോ ആയുർവേദആശുപത്രിയും സ്ഥാപിക്കണമെന്ന് പ്രത്യേകം അപേക്ഷിക്കുന്നു. ചുക്ക് മുതലായ ഔഷധങ്ങൾ ഓരോന്നും പ്രത്യേകംപ്രത്യേകം കഷായമാക്കി സൂക്ഷിച്ച് യുക്തിയനുസരിച്ച് അവയെക്കൂട്ടിച്ചേർത്തു,ആശുപത്രി സമ്പ്രദായമനുസരിച്ചുതന്നെ രോഗികൾക്കു കൊടുക്കാവുന്നതും അതിന്റെ ഫലം അനർഘവുമാണ്. ഞാൻ ഏതാനും വർഷങ്ങൾ ഏററുമാന്നൂർ ആയുർവ്വേദഹൈസ്കൂളിൽ അദ്ധ്യാപകനായിരുന്നിട്ടുണ്ട്. മി: കോളത്തേരി ശങ്കരമേനോനാണ് അപ്പോൾ അതിന്റെ മേധാവിത്വം വഹിച്ചിരുന്നത്. അദ്ദേഹവുമായി ആലോചിച്ച് പല പരീക്ഷണങ്ങളും നടത്തിയിട്ടുള്ളതിന്റെയും മററും പരിചയം വച്ചുകൊണ്ടാണു ഞാൻ ഇതെല്ലാം പറയുന്നതു. ഏതായാലും ഇന്നത്തെ അനുഭവം അതു തെളിയിക്കുന്നുമുണ്ടു. ഇതൊന്നുമറിയാതെ— ആയുർവേദത്തിന്റെ പരമമായ മാഹാത്മ്യമറിയാതെ — അതിനെപ്പററി ദോഷാരോപണം ചെയ്യുന്നതു് പോരായ്മയാണ്. ഋഷിപ്രോക്തമായ ആയുർവേദകലയെ ആസ്പദമാക്കി തയാറാക്കിയിട്ടുള്ള ഔഷധങ്ങൾ സേവിക്കുന്നതായാൽ ഏതു രോഗത്തിനും ശമനമുണ്ടാകുന്നതാണ്. അതിനാൽ നമ്മുടെ നാട്ടിൽ ഈ കലക്കു വേണ്ടപ്രോത്സാഹനം നൾകി ജനങ്ങളെ ആയുരാരോഗ്യ സമ്പന്നന്മാരാക്കിത്തീക്കണമെന്നും ബഹുമാനപ്പെട്ട ഗവണ്മെൻറിനോടും ഈ സഭയോടും അപേക്ഷിച്ചുകൊണ്ടു ഈ പ്രമേയത്തെ പിൻതാങ്ങിക്കൊള്ളുന്നു.

MR. C. P. GOPALA PANICKER (*Secretary to Government*) : സർ, മി. ടി. പി. വേലായുധൻപിള്ളയുടെ ഉപക്ഷേപത്തെ പിൻതാങ്ങിക്കൊണ്ടു ബഹുമാന്യസ്നേഹിതനായ • മി, മാധവൻ തിരുവനന്തപുരത്തെ വൈദ്യ

[C. P. Gopala Panicker]

ശാലയിൽ രണ്ടു വൈദ്യന്മാരെ കൂടുതലായി നിയമിക്കണമെന്നു പറഞ്ഞിരിക്കുന്നതിനെപ്പററി ആദ്യമായി പ്രസ്താവിക്കാമെന്നു വിചാരിക്കുന്നു. ഇപ്പോഴുംതന്നെ അവിടെ ൨ വൈദ്യന്മാരുണ്ടെന്നുള്ള വിവരം ആദ്യമായി പറഞ്ഞുകൊള്ളട്ടെ. അതിൽ ഒരാൾ രോഗികളെ പരിശോധിച്ചുവരുന്നു. ശരാശരി ൭൫ പേരാണ് ഒരു ദിവസം തിരുവനന്തപുരത്തെ ആയുർവേദാശുപത്രിയിൽ വരുന്നതു്. ഒരാൾക്ക് ഒരു ദിവസം ൧൫൦ രോഗികളെ പരിശോധിക്കുവാൻ സാധിക്കും. അതിനു യാതൊരു വിഷമവുമില്ല. അതിനാൽ അവിടെ കൂടുതൽ വൈദ്യന്മാരെ നിയമിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

MR. M. K. MAHOMED (*Kunnatnad cum Parur*): ഒരു വൈദ്യന് ഒരു രോഗിയെ പരിശോധിക്കാൻ എത്ര ടൈം വേണം

MR. C. P. GOPALA PANICKER: അതു് രോഗത്തിന്റെ അവസ്ഥപോലെ ഇരിക്കും. എന്തായാലും നൂററമ്പതോ ഇരുന്നൂറോ അതിൽ കൂടുതലോ രോഗികളെ ഒരാൾക്കു പരിശോധിക്കാൻ സാധിക്കുന്നതാണ്.

MR. V. MADHAVAN: കഴിഞ്ഞകൊല്ലത്തിൽ എത്രവൈദ്യന്മാരായിരുന്നു അവിടെ ഉണ്ടായിരുന്നതു്.

MR. C. P. GOPALA PANICKER: കഴിഞ്ഞ കൊല്ലത്തിൽ ഉണ്ടായിരുന്ന വൈദ്യന്മാരിൽ ഒരാൾ അവിടെയിരിക്കുന്നതുകൊണ്ടു കൂടുതൽ പ്രയോജനമില്ലെന്നു കാണുകയാലാണ് ഒരാളെ വൈദ്യശാലയിലേയ്ക്കു മാററിയതു്.

അടുത്തതായി പറയാനുള്ളതു് കൂടുതൽ ആയുർവേദ ആശുപത്രികളെ സ്ഥാപിക്കുന്നതിനെപ്പററിയാണ്. കഴിയുന്നിടത്തോളം ആശുപത്രികൾ സ്ഥാപിക്കുന്നതിൽ ഗവണ്മെന്റ് എപ്പോഴും ജാഗരൂകമായിരിക്കുന്നതാണ്. എന്നാൽ ഇതിനു ചില വൈഷമ്യങ്ങൾ ഇല്ലാതില്ല. ഒന്നാമതു്, പരീക്ഷായോഗ്യതയുള്ള വൈദ്യന്മാരെ ധാരാളം കിട്ടുകയില്ല. രണ്ടാമതു് മരുന്നുണ്ടാക്കി ഈ ആശുപത്രികളിലേക്ക് അയച്ചുകൊടുക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസംകൊണ്ടു മരുന്നുകൾ പുളിച്ചു് നാശപ്പെടുവാനും അങ്ങിനെ ഉപകാരപ്പെടാതെയിരിക്കുവാനും ഇടവരുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI: ആയുർവേദ ആശുപത്രികളിൽ നിയമിക്കുന്ന വൈദ്യന്മാർക്ക് എന്തു പരീക്ഷായോഗ്യതയാണു ഉണ്ടായിരിക്കേണ്ടതു്?

MR. C. P. GOPALA PANICKER : കുറഞ്ഞതു് വൈദ്യകലാനിധി പരീക്ഷയാണു്.

MR. PULIYOOR T. P. VELAYUDHAN PILLAI : അവരെ കിട്ടാൻ അത്ര വളരെ പ്രയാസമാണെന്നാണോ ബഹുമാനപ്പെട്ട മെമ്പർ പറയുന്നതു്?

MR. C. P. GOPALA PANICKER : ആവശ്യമുള്ളിടത്തോളം കിട്ടുവാൻ പ്രയാസം തന്നെയാണു്.

ഇപ്പോൾ രണ്ടുസർക്കാർ ആശുപത്രികൾ നടത്തുന്നുണ്ടു്. കൂടാതെ ഏന്നൂർ ഗ്രാൻറവൈദ്യശാലകളും നാലു് ഗ്രാൻറ-ഇൻ-എയിഡ് ഹാസ്പിററൽസും തിരുവിതാംകൂറിൽ ഉണ്ടു്. സാഹചര്യങ്ങൾ വേണ്ടവിധം അനുകൂലിക്കുകയാണെങ്കിൽ കൂട്ടതൽ ആശുപത്രികൾ സ്ഥാപിക്കുന്നതിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിക്കുന്നതാണു്.

ഡിപ്പാർട്ടുമെൻറിൻെറ പൊതുഭരണത്തെപ്പററി ഏതാനും മെമ്പറന്മാർ വിമർശിക്കുകയുണ്ടായി. മഹാരാജാവു തിരുമനസ്സിലെ എല്ലാ പ്രജകൾക്കും കഴിയുന്നിടത്തോളം വൈദ്യസഹായം ചെയ്തുകൊടുക്കുകയെന്നുള്ളതാണു് ഗവണ്മെൻറിൻെറ നയം. എന്നാൽ അതിനു ചില പ്രയാസങ്ങളുണ്ടു്. മി. കോളത്തേരി ശങ്കരമേനോൻെറ കാര്യങ്ങളെപ്പററി ഇവിടെ ചിലർ പറയുകയുണ്ടായി. അദ്ദേഹം പോയതിനുശേഷം നാലഞ്ചു കൊല്ലങ്ങൾക്കുമുമ്പു് അഷ്ടവൈദ്യന്മാരിൽ വയസ്സരമൂസ്സ് അവർകളെ ഗവണ്മെൻറിൽനിന്നും ക്ഷണിക്കുകയും ആ ക്ഷണത്തെ സ്വീകരിച്ചു് അദ്ദേഹം ആയുർവേദ ഡിപ്പാർട്ടുമെൻറിൻെറ ആണററിഡയറക്ടർ ഉദ്യോഗം വഹിക്കാമെന്നു സമ്മതിക്കുകയും അതനുസരിച്ചു് കുറെനാൾ ആ ജോലി നിർവഹിക്കുകയും എന്നാൽ ചില അസൌകര്യങ്ങൾ നിമിത്തം അതിൽനിന്നു് അദ്ദേഹം പിൻതിരിഞ്ഞുപോകുകയും ചെയ്തു. തക്കതായ ആവശ്യങ്ങൾ ഉള്ളപ്പോൾ അതിനു പററിയ ആളുകളെ കിട്ടാത്തതുകൊണ്ടു് ഗവണ്മെൻറിൻെറ പരിപാടികൾ എപ്പോഴും മുൻപോട്ടു കൊണ്ടുപോയില്ലാ എന്നു വരാം. എന്നാൽ ഇപ്പോൾ തക്കതായ ഒരു മേധാവിയെ ആയുർവേദ ഡിപ്പാർട്ടുമെൻറിനു ലഭിച്ചിട്ടുണ്ടു്.

സർ, മെഡിക്കൽ ബില്ലിനെപ്പററി ഇവിടെ ഉണ്ടായ ചില പ്രസ്താവനകൾ കേട്ടതിൽ ബഹുമാനപ്പെട്ട മെമ്പറന്മാരിൽ ചിലക്കു ചില തെററിദ്ധാരണകൾ ഇതിനെപ്പററി ഉണ്ടായിട്ടുണ്ടെന്നു തോന്നുന്നു. ഒരു മെമ്പർ ചോദിക്കുകയുണ്ടായി, ഇപ്രകാരമുള്ള നിയന്ത്രണങ്ങൾ കർക്കശമായി ഏർപ്പെടുത്തുന്നപക്ഷം അതു് ആയുർവേദ വൈദ്യസമ്പ്രദായത്തിൻെറ പ്രചാരത്തെത്തന്നെ സാരമായി ബാധിക്കുകയില്ലേ എന്നു്,

[Mr. C. P. Gopala Panicker.]

ഏതു പരിശീലനത്തിനും യോഗ്യതയുള്ളവരും യോഗ്യതയില്ലാത്തവരും കൂടി ഒരുമിച്ചു് ഏർപ്പെടുമ്പോൾ ആ പരിശീലനസമ്പ്രദായത്തിനുതന്നെ ദോഷം സംഭവിക്കുന്നു എന്നുള്ളതു് ഒരു പരമാർത്ഥമാണല്ലോ. അതു കൊണ്ടാണു് മെഡിക്കൽ ബില്ലിൽ എല്ലാത്തരം വൈദ്യസമ്പ്രദായങ്ങൾക്കും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതു്. മി. ററി. പി. വേലായുധൻപിള്ള വൈദ്യശാലകൾക്കുള്ള അംഗീകാരം ഇപ്പോൾ നിറുത്തിയിരിക്കുകയാണല്ലോ എന്നു പറയുകയുണ്ടായി. അങ്ങനെ ചെയ്തതു ആയുർവേദത്തെ പ്രോത്സാഹിപ്പിക്കാതിരിക്കുവാൻവേണ്ടിയല്ല. മെഡിക്കൽബില്ലിലെ ചില വകുപ്പുകൾ നോക്കിയാൽ ഈ അംഗീകാരത്തിന്റെ ആവശ്യംതന്നെ ഉണ്ടാകുകയില്ലെന്നു മനസ്സിലാക്കുവാൻ കഴിയും. വിദ്യാഭ്യാസയോഗ്യതയും മററു യോഗ്യതകളും ഉള്ള എല്ലാവർക്കും ബില്ലിലെ വ്യവസ്ഥകളനുസരിച്ചു രജിസ്റ്റർ ചെയ്യാൻ കഴിയും. പരീക്ഷായോഗ്യത ഇല്ലാത്തവർക്കും പരിചയമുണ്ടെങ്കിൽ പേർ രജിസ്റ്റർ ചെയ്യിക്കാം. അതിലേക്കു് സർട്ടിഫിക്കെററുകൾ വേണമെന്നതേയുള്ളൂ. അങ്ങിനെ പരീക്ഷായോഗ്യതയോ പരിചയമൊ പഠിപ്പോ ഉള്ളവർക്കു് എല്ലാവർക്കും വൈദ്യശാലകൾ സ്ഥാപിക്കുവാനും ചികിത്സകൾ നടത്തുവാനും ഉപകരിക്കുന്ന വ്യവസ്ഥകൾ ഇപ്പോഴത്തെ മെഡിക്കൽ ബില്ലിൽ ഉൾപ്പെടുത്തിയിരിക്കുന്നതു കൊണ്ടു് അതു യഥാർത്ഥയോഗ്യതയുള്ളവരെ സഹായിക്കുകയും യോഗ്യതയില്ലാത്തവർക്കു അതിൽ സ്ഥാനമില്ലാത്തതുകൊണ്ടു് മുറി വൈദ്യന്മാർ എന്നു പറയുന്നവരുടെ ചികിത്സാസമ്പ്രദായത്തെ ഇല്ലാതാക്കിത്തീർക്കുകയും അങ്ങിനെ ആയുർവേദ വൈദ്യസമ്പ്രദായത്തെ കുറെക്കൂടി ഉയന്നതോതിൽ ആക്കിത്തീർക്കുകയും ചെയ്യും എന്നു് എല്ലാവർക്കും കാണുവാൻ കഴിയും.

ചില മെമ്പറന്മാർ മെഡിക്കൽ കൌൺസിലിൽ ആയുർവേദത്തിനു വേണ്ടിടത്തോളം സ്ഥാനം കൊടുത്തിട്ടില്ലെന്നു പറയുകയുണ്ടായി. അതു ശരിയല്ല. ആകെ പതിനേഴു മെമ്പറന്മാരാണു് കൌൺസിലിൽ ഉള്ളതു്. ഇതിൽ നാലുപേർ ആയുർവേദത്തെ പ്രതിനിധീകരിക്കുന്നവരാണു്.

MR. G. PARAMESWARAN PILLAI : മെഡിക്കൽ ബോർഡിലെ ആയുർവേദ മെമ്പറന്മാരായി ഗവണ്മെൻറു സർവീസിൽ ഇല്ലാത്തവരായി എത്ര പേർ ഉണ്ടു്.?

MR. C. P. GOPALA PANICKER : സർ, മെഡിക്കൽ ബില്ലിന്റെ മൂന്നാം വകുപ്പിൽ ഈ കാര്യത്തെപ്പററി വ്യക്തമായി പറഞ്ഞിട്ടുണ്ടു്. അതനുസ

രിച്ച് ആയുർവേദത്തിനും അനുദ്യോഗസ്ഥമെമ്പറന്മാരെ ഈ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഞാൻ ഇത്രയും പറഞ്ഞതിൽനിന്നും മെഡിക്കൽ ബോർഡിൽ ആയുർവേദത്തിനു നൽകിയിട്ടുള്ള സ്ഥാനം ഒട്ടുംതന്നെ കുറഞ്ഞിട്ടില്ലെന്നു ബഹുമാനപ്പെട്ട മെമ്പറന്മാർക്ക് മനസ്സിലാക്കാൻ കഴിഞ്ഞിരിക്കുമല്ലോ.

MR. V. S. KRISHNA PILLAI (*Thovala cum Agastiswaram*): സിദ്ധവൈദ്യത്തിനു മെമ്പറുണ്ടോ?

MR. C. P. GOPALA PANICKER: സിദ്ധവൈദ്യത്തിനും മെമ്പറുണ്ട്.

MR. V. S. KRISHNA PILLAI: എത്രപേരുണ്ട്?

MR. C. P. GOPALA PANICKER: ഒരാളുണ്ട്.

ആയുർവേദകാളേജ് പരിഷ്കരണത്തെപ്പററിയും ഇവിടെ ചില പ്രസ്താവനകൾ ഉണ്ടായി. ഇതിനെപ്പററി ചിലക്ക് ചില തെററിദ്ധാരണകൾ ഉണ്ടെന്നു തോന്നുന്നു. ആയുർവേദ കാളേജുപരിഷ്കരണത്തെപ്പററി ചിരട്ടമൺ മൂസ്സ്, വയസ്കരമൂസ്സ്, പരപ്പനാട്ടുവലിയരാജാ തുടങ്ങിയ വൈദ്യപ്രമുഖന്മാരെ വരുത്തി ആലോചനകൾ നടത്തുകയും ആയുർവേദ കാളേജു പരിഷ്കരിക്കണമെന്നു അവർ തീരുമാനിക്കുകയും അതിലേക്കു ഒരു കമ്മിററിയെ ഏർപ്പെടുത്തുകയും ചെയ്തു. കമ്മിററിയുടെ നിർദ്ദേശമനുസരിച്ച് സ്കൂൾ ഫൈനൽ പരീക്ഷ പാസ്സായിട്ടുള്ളവരിൽനിന്നു സംസ്കൃതത്തിനു നാല്പതു മാർക്കുള്ളവരെയും ശാസ്ത്രി പരീക്ഷ പാസ്സായിട്ടുള്ളവരിൽനിന്നു ഇംഗ്ലീഷിനു നാല്പതു മാർക്കുള്ളവരെയും മാത്രം തിരഞ്ഞെടുത്തു ഒരു എൻടൻസ്കോഴ്സ് ഒരു കൊല്ലത്തേയ്ക്കു നടത്തുക, അവിടെവച്ച് കെമിസ്ട്രി, ബയാളജി, ഫിസിക്സ്, സുവോളജി തുടങ്ങിയ വിഷയങ്ങൾ പഠിപ്പിക്കുക; അതിൻശേഷം ആയുർവേദ കാളേജിൽ ചേർത്തു് നാലു കൊല്ലത്തെ പരിശീലനം നടത്തുക; പിന്നീടു ഒരു കൊല്ലത്തെ പ്രായോഗികപരിശീലനം നൽകുക; ഇങ്ങനെ എല്ലാ വിധത്തിലുമുള്ള പരിശീലനങ്ങളും നടത്തി വിജയികളാകുന്നവരെ മാത്രമെ കലാനിധികളാക്കാവൂ എന്നു വ്യവസ്ഥ ചെയ്തിരിക്കയാണ്. ഈ കാളേജിൽ പഠിപ്പിക്കുവാൻ ഇംഗ്ലീഷ് വൈദ്യസമ്പ്രദായം പഠിച്ചിട്ടുള്ളവരായ രണ്ടു ഡാക്ടർമാരെ ഫുൾടൈം ജോലിക്കാരായി നിയമിച്ചിട്ടുണ്ട്.

റിസർച്ച് ഇല്ലാതെ ഒരു ചികിത്സാസമ്പ്രദായവും ശരിപ്പെടുന്നതല്ലാ. ആയുർവേദ ചികിത്സാപദ്ധതികൾക്കു റിസർച്ച് നടത്തുന്നതിൽ സഹായകമായി ഒരു സെൻട്രൽ ഹെർബേറിയവും ഒരു "Garden ofliving specimens"-ം കൂടി സ്ഥാപിക്കുന്നതിനു—

[Mr. C. P. Gopala Panicker.]

ഗവണ്മെൻറ് ഉത്തരവു കൊടുത്തുകഴിഞ്ഞു. കലാനിധി പരീക്ഷ നടത്തുന്നതിനെപ്പററിയുള്ള മെമ്പർമാരുടെ സംശയങ്ങളെല്ലാം ഇതിനകം പരിഹരിക്കപ്പെട്ടിരിക്കുമെന്നു വിശ്വസിക്കുന്നു.

MR. PULIYOOR T. P. VELAYUDHAN PILLAI : "ആയുർവേദാചാര്യ" എന്ന ഒരു പരീക്ഷ ഉണ്ടോ?

MR. C. P. GOPALA PANICKER : ഇല്ല. റിസർച്ച് തീസിസ് സംബന്ധിച്ച് നല്ല ഉപന്യാസങ്ങൾ എഴുതുന്നതിനെ ബഹുമാനിച്ച് "ആയുർവേദാചാര്യ" എന്ന ടൈട്ടിൽ കൊടുക്കുന്നതാണ്.

MR. K. K. CHELLAPPAN PILLAI : റിസർച്ചിനെ സംബന്ധിച്ചുള്ള ഈ രണ്ടു പദ്ധതികളും ആരുടെ മേൽനോട്ടത്തിലാണ് നടത്തുന്നതു്?

MR. C. P. GOPALA PANICKER : ഈ നടപടികൾ എല്ലാം നടത്തുന്നതു് ആയുർവേദ ഡയറക്ടരുടെ ശ്രദ്ധയിലും പ്രത്യേക മേൽനോട്ടത്തിലുമാണ്. ആയുർവേദം ഉണ്ടായകാലം മുതൽ കഴിഞ്ഞ കൊല്ലംവരെ ഈ സ്ഥാപനങ്ങളെല്ലാം വാടകക്കെട്ടിടത്തിലാണ് നടത്തിയിരുന്നതു്. എന്നാൽ ഇപ്പോൾ ആശുപത്രി, ഫാർമസി, കാളേജ് തുടങ്ങിയ എല്ലാം സ്ഥാപനങ്ങളും മെയിൻറോഡിൽ പഴയ ജില്ലാക്കോടതി കിടന്ന സ്ഥാനത്തു് ഒരിടത്തുതന്നെ സ്ഥാപിച്ചിരിക്കുന്നു. ആണ്ടോടാണ്ടു് കെട്ടിടങ്ങൾ മാററുക എന്ന ഒരു വൈഷമ്യം വാടകക്കെട്ടിടത്തിൽ ഇട്ടിരുന്നതുകൊണ്ടു ഉണ്ടായിരുന്നു. ഇപ്പോഴാകട്ടെ അതില്ലാ. വൈദ്യശാലയും ഫാർമസിയും ഒരിടത്തുതന്നെ ഇട്ടിരിക്കുന്നതുകൊണ്ടു് കൂടുതൽ പ്രയോജനമായിരിക്കുന്നുണ്ടു്.

ഫാർമസിയെപ്പററിയും ചില അഭിപ്രായങ്ങൾ ഇവിടെ പറയുകയുണ്ടായി. തിരുവനന്തപുരം ഫാർമസിയെപ്പററി ആർക്കും അഭിപ്രായവ്യത്യാസം ഉള്ളതായി കേട്ടിട്ടില്ല. ഈ ഫാർമസിയുടെ ഉത്തമവാദിത്വത്തിലുള്ള വിശ്വാസക്കൂടുതലിന് വേണ്ടിടത്തോളം തെളിവുകൾ ഉണ്ടു താനും. ബിക്കാനിർ മഹാരാജാവു തിരുമനസ്സിലെ ഗവണ്മെൻറ് ഇവിടത്തെ ഗവണ്മെൻറിനോടപേക്ഷിച്ചു, മലേറിയായ്ക്കു മരുന്നുകൾ അയച്ചുകൊടുക്കാമോ എന്നു. ഒരു കാൺഫിഡൻഷ്യൽ നോട്ടോടുകൂടി അതിലേക്കുള്ള മരുന്നുകൾ ഇവിടെനിന്നും അയച്ചുകൊടുക്കുകയും അവർ

അവിടെ പ്രയോഗിച്ച് ഫലപ്രദമെന്ന് കണ്ടതായി ഇവിടെ എഴുതി അറിയിക്കുകയും ചെയ്തിരിക്കുന്നു. കൂടാതെ ടാററാ കമ്പനി ആണ്ടു തോറും ൨,൦൦൦ ക്രുപ്പയുടെ മരുന്നു അയച്ചുകൊടുക്കാമോ എന്ന് ഈ ഗവണ്മെൻറിനോട് എഴുതിച്ചോദിച്ചു. മരുന്നിന് സ്റ്റാൻഡർഡൈസേഷൻ വരാതിരിക്കുന്നിടത്തോളംകാലം മരുന്നുകൾ അന്യനാട്ടുകളിലേക്കു അയച്ചുകൊടുക്കുവാൻ വിഷമമുണ്ട്. അതുകൊണ്ടു ഈ കാര്യത്തെപ്പററി ഖണ്ഡിതമായ ഒരു മറുപടി ഇതുവരെ കൊടുത്തിട്ടില്ല.

MR. PULIYOOR T. P. VELAYUDHAN PILLAI : ഗ്രാൻറ്-ഇൻ-എയിഡ് വൈദ്യശാലകൾ കൂടുതലായി സ്ഥാപിക്കാതിരിക്കുവാനുള്ള കാരണം എന്താണ്?

MR. C. P. GOPALA PANICKER : അതിനെപ്പററി ഞാൻ ആദ്യമെ പറഞ്ഞുകഴിഞ്ഞു. മുൻപറഞ്ഞ രീതിയിൽ ആയുർവേദ കാളേജിൽ അഞ്ചു വർഷത്തെ അഭ്യസനം കഴിഞ്ഞ് വൈദ്യകലാനിധി പരീക്ഷ പാസ്സായി ആളുകൾ പുറത്തുവന്നു തുടങ്ങുമ്പോൾമാത്രമേ ഗ്രാൻറു വൈദ്യശാലകൾ കൂടുതലായി ഏർപ്പെടുത്തുവാൻ നിവൃത്തിയുള്ളു. ഗവണ്മെൻറിൻെറ നയം നാട്ടിൻെറ ഏതെങ്കിലും ഭാഗത്തു ഏതെങ്കിലും തരത്തിലുള്ള വൈദ്യസഹായം ലഭിക്കുവാനുള്ള സൌകര്യം നൽകുക എന്നുള്ളതാണ്. അല്ലാതെ എല്ലാത്തരം വൈദ്യസഹായങ്ങളും ഒരിടത്തു തന്നെ നൽകുക എന്നുള്ളതല്ല. ആ നയം അനുസരിച്ച് ആയുർവേദ വൈദ്യശാലകൾ സ്ഥാപിക്കുന്നതായിരിക്കും. ആയുർവേദ ആശുപത്രികൾ കൂടുതലായി സ്ഥാപിക്കുന്നതിനെപ്പററി ഉപക്ഷേപം അവതരിപ്പിച്ച ബഹുമാനപ്പെട്ട മെംബർ മി. ററി. പി. വേലായുധൻപിള്ള തന്നെ ഏതെങ്കിലും സുഖക്കേടു വരുമ്പോൾ ആയുർവേദാശുപത്രിയും അലോപ്പതി ആശുപത്രിയും ഒരുമിച്ചു ലഭിക്കുന്ന സന്ദർഭത്തിൽ അലോപ്പതി ആശുപത്രിയെ അഭയം പ്രാപിക്കുകയെന്നുള്ളതാണല്ലൊ സാധാരണ പതിവ്

MR. PULIYOOR T. P. VELAYUDHAN PILLAI : ഈ മനോഭാവത്തോടു കൂടിയാണോ ഗവണ്മെൻറ് ആയുർവേദ ആശുപത്രികൾ സ്ഥാപിക്കുന്നത്?

MR. C. P. GOPALA PANICKER : ഗവണ്മെൻറിൻെറമനോഭാവം ശരിയായിട്ടുള്ളതാണ്. എന്നാൽ ജനങ്ങൾക്കു ലഭിക്കുന്ന സൌകര്യവും അവർക്കു പരക്കെ കിട്ടുന്ന പ്രയോജനവുംകൂടി ഈ ഘട്ടത്തിൽ പര്യാലോചിച്ചേതീരു.

PRESIDENT : There are certain important points which have not emerged from the discussion which have to be kept in view before we embark upon any great spread of Ayurvedic Hospitals. Let me put the position in this form. Government have always been anxious to spread the Ayurveda and to give encouragement to the practitioners of the Ayurvedic system of medicine in as much as they are convinced, in the first place, that at the present moment a large number in fact the largest proportion of the people in the State has recourse to Ayurveda in preference to other modes of treatment. Whether this is not welcomed by the exponents of other systems of medicine or whether this is right or wrong is beside the point. But, the fact remains that all systems of medicine depend for their success on the mental attitude of the patient. That is the foremost element in curing ailments and there is no question that the mental aspect of the people at large here is in favour of the Ayurvedic system, so much so, that the honourable members may perhaps remember that when there was a severe malarial epidemic not far from Trivandrum some years ago, on account of the pressure of public opinion Ayurvedic treatment was conducted side by side with the Allopathic system and it was claimed that one system was practically as efficacious as the other. If the matter stood there there would not have been any difficulty. Under the old system, the Ayurveda was a hereditary profession or a profession proceeding from generation to generation. It was essentially a hereditary and occult doctrine and practice. Most of the medicines were secret remedies and as a matter of fact, having had acquaintance with some of the most eminent exponents in India, I may say that the foremost among them still place their belief very strongly on the concurrence of the three factors viz., "mani", *manthra* and *oushadu*.

They still believe that it is not possible to succeed solely by medicine unless mantra and "mani" also are added to it. That is one aspect.

Another aspect is that the practice of Ayurveda in the old days was largely a matter of personal influence and prestige. Whatever an Ashta Vaidya or any of the great exponents of the Siddha or Unani vaidyam gave was accepted with blind and unquestioning faith and once it was accepted with blind and unquestioning faith its efficacy increased considerably. But as Mr. Sankara Pillai pointed out, we are not at the present moment living in an age of the Ashta Vaidyans in their pristine glory. Supposing, let us say some pills are given to a man, let it be Kasturi pills or Makaradhwaja, and if he finds that one pill is four times as big as the other, he has, perhaps on account of the evil influence of the Allopathic system, this sceptical belief coming into him that it may be some mistake in the standardisation; perhaps he is taking an over-dose in the matter of one pill and an underdose in the matter of another pill. And then these strange drugs are not known; the standards are not known. The question of purities is not undoubted. Honourable members know that Ayurveda takes its efficacy

from certain minerals, for instance for nervous diseases, from gold etc. Each one of these preparations demands a certain standard of purification, but there has been no standard fixed. The difficulty therefore, in accepting Ayurveda side by side with Allopathy is this. You must either proceed on the old lines of a great tradition of hereditary or Gurusishyaparamparya system of medicines, or you must be prepared to acclimatize these doctrines to the scientific standards of modern times. Taking the balance of all the factors into consideration, and also the fact that the race of the Vaidyans was not on the increase or at the most was stationary, this Government arrived at the conclusion that the methods of modern scientific procedure should, as far as practicable, be applied to Ayurveda. These methods involve the following consequences;

(a) Remedies cannot be secret;

(b) The component parts of each medicine have to be made known;

(c) It should be possible to frame prescriptions; and

(d) There should be mechanical appliances for testing the purity, standard, strength and size of the dozes. Dosages also have to be regulated.

In order to make all these possible, the Ayurveda College has been re-organised under the supervision and according to the advice of one who has a great knowledge of the Allopathic system and who is also one of the great enthusiasts of the Ayurveda system, who, in fact, after obtaining a good deal of proficiency in Allopathy still maintains that he believes in the efficacy of the Ayurvedic system and its superiority to Allopathy. So that it may not be said that the Ayurveda students are not acquainted with the inside of the human body, the locations of the various internal organs of the body and their functions it has been considered necessary that they should be taught lessons in Anatomy and Physiology by Allopathic doctors who are competent to impart these lessons.

Government also propose to extend the scope of the Government Ayurveda Pharmacy. At one time it was thought that a private enterprise should be started which would work on commercial lines and would, as in the ease of the great drug establishments of the West, keep up the purities and standards. Certain offers were made to the Government and the Government were perfectly willing provided that the operations of the Company were supervised by Government. To encourage the formation, in the State, of a first rate Ayurvedic Pharmacy, Government were prepared to extend very large monetary and other assistance to them. It was a local concern. That concern finally found it difficult to go on with their procedure and plans. The result is that the Government have been thrown back upon themselves. They do not wish to shirk their responsibility. They, therefore, propose to manufacture Ayurvedic drugs and medicines on the basis, as far as possible, of the dosages and prescriptions which are indicated and before the year is out, that Pharmacy is hoped to be in working order.

[President.]

As the Secretary in charge of the Department has stated, Government are only too anxious to increase the number of Ayurvedic establishments in the State. I am deeply interested by what fell from one of my honourable friends on the opposite side, namely, that if we are lessening the number of first rate Allopathic institutions and increasing the number of feeder institutions, the case is stronger for the Ayurveda institutions. Government propose to do so and will do so as they get proper men for the purpose.

The question that Government be granted a sum of Rs. 1,20,802 under Demand XXVI—Ayurveda was put and carried.

The grant was made.

DEMAND X—LAND REVENUE AND TAXES ON INCOME

MR. G. NARAYANAN TAMPI : I rise to move for a grant of Rs. 13,89,617 under Demand X—Land Revenue and Taxes on Income.

PRESIDENT : This is a sensitive subject in which it would be useful, having regard to the importance of the matter, if there is a definite differentiation between local grievances and matters of policy. I would suggest that in the matter of general policy also, honourable members may concentrate on two or three important items which may be fully elucidated rather than allow the discussion to range over a wide or rather too wide a field. It is entirely left to honourable members to decide inter se. We have got one and a quarter of an hour to-day and two hours and three quarter to-morrow and it is open to honourable members to come to some kind of arrangement in the meantime.

The first motion is out of order. Nos. 2 and 3 are also strictly out of order. Mr. Velayudhan Pillai, which would you move?

MR. PULIYOOR T. P. VELAYUDHAN PILLAI : No. 4, Sir.

PRESIDENT : Let us arrange it thus: For the rest of this evening, honourable members will confine themselves to local grievances and during the 2 and odd hours to-morrow there shall be general discussion. Does that meet the wishes of the House......................?

There is a masterly silence. Anyhow I take it as the consent of the House.

Motion No. 4.

MR. PULIYOOR T. P. VELAYUDHAN PILLAI :

To reduce the allotment of Rs. 17,000 for Travelling Allowances by Re. 1.

(The object being to discuss about the sufferings and difficulties of the people on account of the present system of inequitable distribution of sugar and kerosene oil for A. B. and C. class families, due to the ignorance of the real situation as the result of want of proper travelling in different taluks of the Division.)

സർ, ഈ ഉപക്ഷേപത്തെ സഭയുടെ സ്വീകരണത്തിനായി സമർപ്പിച്ചുകൊള്ളുന്നു. പഞ്ചസാരയും, മണ്ണെണ്ണയും തിരുവിതാംകൂറിലെ

വിവിധതാലൂക്കുകളിലുമുള്ള ജനങ്ങൾക്കു വിതരണം ചെയ്യുന്നതു ഒരു നീതിക്കനുസരണമായ തോതിന്മേൽ അല്ല എന്നുള്ള സംഗതി ഗവർമ്മെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈ ഖണ്ഡനോപക്ഷേപം അവതരിപ്പിച്ചുകൊള്ളുന്നു.

MR. P. S. MAHOMED: Is it in order?

PRESIDENT: The question of order does not arise here. An agency has been set up for the distribution, which is the revenue agency. That is why it is in order.

MR. PULIYOOR T. P. VELAYUDHAN PILLAI; ആദ്യമായിട്ടു ഒരു കാര്യം തുറന്നു പ്രസ്താവിക്കേണ്ടതു എന്റെ അപരിത്യാജ്യമായ കടമയാണെന്നു ഞാൻ വിചാരിക്കുന്നു. ഇങ്ങനെയുള്ള ഒരു ഉപക്ഷേപം അവതരിപ്പിക്കുന്നതിനു ഇടയായതു് ഞാൻ പ്രതിനിധീകരിക്കുന്ന താലൂക്കിൽ ഈ സാധനങ്ങളുടെ വിതരണസംബന്ധമായി യാതൊരു വിഷമവും ഉണ്ടെന്നുള്ള കാരണത്തെ ആസ്പദമാക്കിയല്ലെന്നും പ്രത്യുത തിരുവിതാംകൂറിലെ ജനങ്ങൾക്കു പൊതുവെ ഈ വിഷയത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സങ്കടത്തെ സംബന്ധിച്ചു ഈ സഭ മുമ്പാകെ പ്രസ്താവിക്കുന്നതിനുവേണ്ടിയാണെന്നും തുറന്നു പറഞ്ഞുകൊള്ളുന്നു. സർ, കഴിയുന്നത്ര മണ്ണെണ്ണയും പഞ്ചസാരയും തിരുവിതാംകൂറിലെ ആവശ്യത്തിലേക്കായി സംഭരിക്കുന്നതിനു ഗവർമ്മെന്റു ചെയ്യുന്ന ശ്രമങ്ങളെ സംബന്ധിച്ച് ഞങ്ങൾക്കു എപ്പോഴും സന്തോഷവും ചാരിതാർത്ഥ്യവും ഉണ്ടെന്നുള്ള സംഗതി മറച്ചുവയ്ക്കുന്നില്ല. എന്നാൽ ഇങ്ങിനെ ഗവർമ്മെന്റു സദയം സംഭരിക്കുന്ന പഞ്ചസാരയും മണ്ണെണ്ണയും പൊതുജനങ്ങൾക്കു സാമാന്യേന തൃപ്തികരമായ നിലയിലും, നിരാക്ഷേപമായ തോതിലും കൊടുത്തുവരുന്നില്ല എന്നുള്ളതാണ് ഇവിടെ പ്രതിപാദിക്കണമെന്നു ഞാൻ ആഗ്രഹിക്കുന്ന വിഷയം. ആകപ്പാടെ എത്ര പഞ്ചസാരയും മണ്ണെണ്ണയും തിരുവിതാംകൂറിലുള്ള വിവിധ താലൂക്കുകളിലേക്കു പ്രതിമാസം വീതിച്ചുകൊടുക്കുന്നതിനു ലഭ്യമാകുന്നുണ്ടോ അത്രയും സാധനങ്ങൾ എല്ലാവർക്കും ഏതെങ്കിലും ഒരു നിർദ്ദിഷ്ടമായ തോതിനെ ആസ്പദമാക്കി ലഭിക്കത്തക്കവണ്ണമുള്ള മാർഗ്ഗം സ്വീകരിക്കണമെന്നാണ് എന്റെ അപേക്ഷ. തിരുവല്ലാ താലൂക്കിൽ ഒരു തോതും, ആലപ്പുഴയിൽ ഒരു തോതും, കോട്ടയത്തു വേറൊരു തോതും, തിരുവനന്തപുരത്തു മറ്റൊരു തോതും ഇങ്ങിനെ ഒരേ സാധനം തന്നെ വീതിച്ചുകൊടുക്കുന്നതിൽ യാതൊരുവിധമായ ഐക്യരൂപ്യമില്ലാത്ത പല തോതുകൾ ഗവർമ്മെന്റു സ്വീകരിച്ചിട്ടുള്ളതു വളരെ സങ്കടകരമായ ഒരവസ്ഥയാണ്. വിതരണത്തെ ഉദ്ദേശിച്ചു ജനങ്ങളെ ഏ.

[Mr. Puliyoor T. P. Velayudhan Pillai.]

ബി. സി. എന്നു മൂന്നു ക്ലാസ്സുകളായി തിരിച്ചിട്ടുണ്ടു്. ചില താലൂക്കുകളിൽ ഏ ക്ലാസ്സുകാൎക്കു ആറു കുപ്പി മണ്ണെണ്ണയും, വേറെ ചില താലൂക്കുകളിൽ ഏ ക്ലാസ്സുകാൎക്കു നാലു കുപ്പി മണ്ണെണ്ണയും, മററു ചില താലൂക്കുകളിൽ—ഏ ക്ലാസ്സുകാൎക്കു അരക്കുപ്പി മണ്ണെണ്ണയുമാണു് ഇപ്പോൾ നിലവിലിരിക്കുന്ന സമ്പ്രദായപ്രകാരം ലഭിക്കുന്നതു്. ഒരേ ഡിവിഷനിൽതന്നെയും ആ ഡിവിഷനിൽ ഉൾപ്പെട്ട പല താലൂക്കുകളിൽ പല തോതിലാണു് വിതരണം ചെയ്യുന്നതു് എന്നു വിശ്വാസയോഗ്യമായ വിധത്തിൽ പ്രസ്താവിക്കുവാൻ കഴിയുന്ന അറിവു് എന്റെ അന്വേഷണഫലമായി എനിക്കു ലഭിച്ചിട്ടുണ്ടു്. തിരുവല്ലാ താലൂക്കു ഈ സംസ്ഥാനത്തെ ഏററവും കൂടുതൽ ജനസംഖ്യയുള്ള ഒരു താലൂക്കാണു്. അവിടെ നാലു ലക്ഷത്തോളം ജനങ്ങൾ അധിവസിക്കുന്നു. മണ്ണെണ്ണയും പഞ്ചസാരയും ലഭിക്കുന്നതിനു പ്രയാസമുള്ള ഈ കാലഘട്ടത്തിൽ ഗവണ്മെന്റു കഴിയുന്നതും ന്യായമായ തരത്തിൽ അവയെ വിതരണം ചെയ്യണമെന്നാണു് എന്റെ അപേക്ഷ.

സർ, തിരുവല്ലാ താലൂക്കിൽ ഏ-ക്ലാസ്സ് ഫാമിലിക്ക് അരക്കുപ്പിയും, അമ്പലപ്പുഴ താലൂക്കിൽ ഏ-ക്ലാസ്സ് ഫാമിലിക്ക് ൰ കുപ്പിയും മണ്ണെണ്ണ കൊടുക്കുന്നതു് ഒരു താലൂക്കിനെ സംബന്ധിച്ചു് സന്തോഷിക്കാമെങ്കിലും മററൊരു താലൂക്കുകാൎക്കു അതു് കുറെ സങ്കടകരമായിട്ടാണു് ഇരിക്കുന്നതു്. ഇതുപോലെതന്നെയാണു് പഞ്ചസാരവിതരണത്തിലും കണ്ടുവരുന്നതു്. ഇതിലേയ്ക്കു് നിയന്ത്രണാധികാരമുള്ള കൊല്ലം പേഷ്കാർ അവർകളെ ഞാൻ നേരിട്ടു് കണ്ടു് ഈ സംഗതികൾ അദ്ദേഹത്തിന്റെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടു്. എന്നാൽ താലൂക്കു തഹശീൽദാരോടോ കമ്മററിക്കാരോടോ പറഞ്ഞതുകൊണ്ടു് യാതൊരു പ്രയോജനവുമില്ല. അവൎക്കു ലഭിക്കുന്നതു് ന്യായാനുസരണം വീതിച്ചു കൊടുക്കുക എന്നുള്ളതു് മാത്രമേ അവരെക്കൊണ്ടു സാധ്യമാകുകയുള്ളു. അതു് തിരുവല്ലായെ സംബന്ധിച്ചിടത്തോളം വളരെ തൃപ്തികരമായി അനുഷ്ഠിക്കുന്നുമുണ്ടു്. ഞാൻ പ്രത്യേകം ഈ സഭയുടെയും ഗവണ്മെന്റിന്റെയും ശ്രദ്ധയിൽ കൊണ്ടുവരുന്നതു് ഇപ്പോൾ അവിടെ ലഭിച്ചുകൊണ്ടിരിക്കുന്ന മണ്ണെണ്ണയും പഞ്ചസാരയും അവിടത്തെ സാധാരണ ജനങ്ങളുടെ ആവശ്യത്തിനു ഒട്ടുംതന്നെ മതിയാകുന്നില്ലെന്നും തന്മൂലം തിരുവല്ലാതാലൂക്കിലെ പൊതുജനങ്ങൾക്കു വളരെ സങ്കടങ്ങൾ നേരിട്ടിരിക്കുന്നു എന്നുമാണു്. ഈ രാജ്യത്തുള്ള എല്ലാ താലൂക്കിലുമുള്ളവൎക്കും ഈ സാധനങ്ങൾ സാമാന്യം ഒരേ

തോതിൽ ലഭിക്കത്തക്കവണ്ണം ഒരു പദ്ധതി ഗവൺമെൻറിൽനിന്നും സ്വീകരിച്ച് നടപ്പിൽ വരുത്തണമെന്നു എനിക്കഭിപ്രായമുണ്ട്. അതിലേക്കു വേണ്ടി എൻെറ ഈ ഉപക്ഷേപം ഈ സഭ മുമ്പാകെ അവതരിപ്പിച്ചു കൊള്ളുന്നു.

RAJYASEVAPRAVINA G. PARAMESWARAN PILLAI (*Chief Secretary to Government*): Sir, so far as sugar is concerned, I may submit for the information of the honourable House that the Government of India's allotment is 9,800 tons for the whole year. That has been distributed by the sugar controller, who is also the Excise Commissioner, among various taluks in accordance with the recommendations made by the respective Tahsildars and Municipal Chairmen. He has also taken into consideration the population of each taluk and also the special requirements which may have to be brought to his notice by the Land Revenue officials.

Mr. Velayudhan Pillai said that the Tahsildar of the taluk did it fairly and equitably. I find from the list forwarded to me by the Sugar Controller that the Tiruvalla Taluk has got an allotment of 250 bags per mensem and I find that it is the second highest in the State. Obviously the controller found that no more can be allotted for the taluk.

I may also state that consequent upon the recent decision of the Travancore Sugars to reopen their factory we are expecting another 150 bags also to be allotted for the Tiruvalla taluk to make the total 400 bags per mensem.

I find that in the matter of distribution certain complaints have been received from some of the taluks as to the waywardness of the officers concerned and one such glaring instance was brought to the notice of the Government and serious action has been taken against the officers. The Tahsildars of the taluk and Assistant Purchase and Rationing officer of the taluk and the Head clerk responsible for the work have been ordered to be placed under suspension pending a departmental inquiry against them in regard to the irregularities brought to the notice of the Government.

MR. K. K. CHELLAPPAN PILLAI: May I know from the honourable member which is the taluk referred to?

RAJYASEVAPRAVINA G. PARAMESWARAN PILLAI: It is the Kunnatnad taluk, which is represented by the honourable member.

As regards kerosene, the story is some what different. The supply of kerosene for the State amounts to roughly 20,000 tins. It may be noted that the basic year of allotment is 1941. The cut that has been effected by the Government of India in regard to this distribution is 50 per cent. So much so this 20,000 tins are the result after this 50 per cent. cut. Necessarily, therefore, certain limitations will have to be imposed in the rationing of kerosene.

MR. P. O. THOMAS: ൨൦൦൦൦-ടിൻ എന്നുപറഞ്ഞതു് കട്ടിനു ശേഷമുള്ളതോ, അതിനുമുമ്പുള്ളതോ, എന്നു പറയാൻ ദയവുണ്ടാകുമോ?

RAJYASEVAPRAVINA G. PARAMESWARAN PILLAI: കട്ടിന് ശേഷമുള്ളതാണ്.

Sir, in regard to this distribution, formally and technically, it is in the hands of the oil agents. But the agents are distributing to the retailers in the light of recommendations and under the control exercised by the District Magistrates of the three districts. The Tahsildars in certain areas and the police officers in certain other areas are supervising the whole distribution. It is reported by the Dewan Peishkars that both in the matter of kerosene and sugar, the distribution is effected according to the rationing cards issued by the respective Tahsildar or police officer responsible for this work.

MR. P. O. THOMAS: ആലുവാ പട്ടണത്തിലേക്ക് അനുവദിച്ചിരിക്കുന്നത് എത്ര പാട്ടയാണ് എന്നു പറയാൻ ദയവുണ്ടാകുമോ ?

RAJYASEVAPRAVINA G. PARAMESWARAN PILLAI: I have not got the figures in regard to these various taluks in detail, but the agency which makes the distribution for Parur, Shertallai and Vaikom is the Cochin agency.

We are doing our best in this matter but it is likely that there would be complaints here and there. The main basis on which distribution is effected is the number of units, the number of members, and the income of the family. It would be a great thing indeed if honourable members would advise the Tahsildar or the police officer concerned, if there are any defects that may be brought to their notice. And I am sure they will look into the matter most sympathetically.

MR. PULIYOOR T. P. VELAYUDHAN PILLAI: That is not my point. The point I raised was that the distribution is according to A, B and C classes. My complaint is that a family classified as A in Ambalapuzha gets one bottle and the family classified as A in Tiruvalla gets only half a bottle per mensem. That sort of distinction should not be allowed to take place. The question should be enquired into and something must be done immediately.

PRESIDENT: Yes.

MR. K. K. CHELLAPPAN PILLAI: Is there any special agency in the Pakuthies and Karas?

RAJYASEVAPRAVINA G. PARAMESWARAN PILLAI: I am not aware of any committee for the distribution for the pakuthies and karas.

MR. K. A. MATHEW: What is the basis for the classification?

RAJYASEVAPRAVINA G. PARAMESWARAN PILLAI: I find that the classification is not based on any meticulous standard. It is based mainly on the number of members of each family.

PRESIDENT: So far as I remember the classification was largely based on the likely need. It may be that in making the classification there has been inequality. If honourable members will point out an instance of inequality or any method they think more equitable, Government will only be glad to consider that.

MR. PULIYOOR T. P. VELAYUDHAN PILLAI: My point is that the family classed as A in Tiruvalla should get the same quantity as the A class family in Ambalapuzha.

PRESIDENT: As I said earlier this is absolutely a new business entrusted to agencies who have no experience of this business. It may be that the Tahsildar of Ambalapuzha may do the work better than the Tahsildar of Tiruvalla. If honourable members have any suggestion to make in regard to the classification they may make that now.

MR. PULIYOOR T. P. VELAYUDHAN PILLAI: According to me the total quantity allotted for the Quilon division should be distributed equitably in the several taluks according to population.

RAJYASEVAPRAVINA G. PARAMESWARAN PILLAI: I am told by the Dewan Peishkars of Quilon and Trivandrum that the classification of A, B and C classes is mainly based upon the electric light. If the house has got electric light it is classed as A. The A class gets only half a bottle. In fact I get only half a bottle for my own use here. Whereas those people in the rural areas will get more.

MR. PULIYOOR T. P. VELAYUDHAN PILLAI: It is just the reverse. In places where there is no electric light, the most respectable people are getting half a bottle only. In Alleppey and other places the A class families are getting four to six bottles. I have got information to substantiate my position.

MR. M. L. JANARDHANAN PILLAI: May I inform the honourable member that he is incorrect. It is not so. It is only in accordance with the general instructions of the Government that kerosene oil is given.

MR. PULIYOOR T. P. VELAYUDHAN PILLAI: May I ask the member the number of bottles given to a A class family in Alleprey?

MR. M. L. JANARDHANAN PILLAI: I shall ascertain the exact number and inform him.

MR. PULIYOOR T. P. VELAYUDHAN PILLAI: So the honourable member is speaking without knowing the exact figures.

RAJYASEVANIRATA K. G. PARAMESWARAN PILLAI: സർ, കൊല്ലം പട്ടണത്തിൽ ഏ ക്ലാസ്സ് ഫാമിലിക്ക് ദിവസം ൩ ഔൺസും, ബി ക്ലാസ്സിന് ൨ ഔൺസും, സി ക്ലാസ്സിന് ൧ ഔൺസും മണ്ണെണ്ണയാണ് കൊടുക്കുന്നത്.

MR. PULIYOOR T. P. VELAYUDHAN PILLAI: ആ കണക്കനുസരിച്ച് ഏ ക്ലാസ്സിന് എത്ര കുപ്പി മണ്ണെണ്ണ കിട്ടുമെന്നു പറയാൻ ദയവുണ്ടാകുമോ?

RAJYASEVANIRATA K. G. PARAMESWARAN PILLAI: ഏ ക്ലാസ്സുകാർക്ക് ൩ കുപ്പിയിൽ കുറയാതെ കിട്ടും. സർ, അതുപോലെ തന്നെ പഞ്ചസാര കൊടുക്കുന്നതും ഓരോരുത്തരുടേയും അവസ്ഥപോലെയാണ്. കടൽപ്പു

[Rajyasevanirata K. G. Parameswaran Pillai]

റുള്ള താമസിക്കുന്ന മരക്കാന്മാക്ക് പഞ്ചസാരയുടെ ആവശ്യം വളരെ കുറവാണ്. അവക്ക് ഒരു പൌണ്ടോ രണ്ടു പൌണ്ടോ ആണ് കൊടുക്കുന്നത്. ഉന്നതസ്ഥിതിയിലുള്ളവരും പഞ്ചസാര കൂടുതൽ ആവശ്യമുള്ളവരും ആയ ചില ഫാമിലിക്ക് ഒരു മണുവരെ കൊടുക്കുന്നുണ്ട്. പഞ്ചസാർ ഉപയോഗിക്കാത്ത ആളുകൾക്ക് പഞ്ചസാര കൊടുക്കുന്നതുകൊണ്ട് യാതൊരു ഫലവുമില്ല.

PRESIDENT: I cannot understand three honourable members standing up at the same time.

MR. P. O. THOMAS: In the matter of distribution of sugar and kerosene oil the Tahsildar is the sole authority. I may make a suggestion that the Tahsildar may be assisted by a non-official committee elected or nominated for the purpose. As the Tahsildar is over-burdened with other work he cannot spend much time for the supervision of the distribution of these things. It is a very important matter, and as you have stated it is a new work. So it is only proper that a committee consisting of non-officials also is constituted to assist the Tahsildar in the matter of distribution of kerosene and various other commodities. I understand that the agency at Cochin do not supply the actual quota that is required of them. That is the reason why I asked for the number of tins allotted for Alwaye town. Very often the actual quota of kerosene is not supplied. I may be enlightened on that point. The Tahsildar concerned finds it difficult to have a fair distribution because there is not adequate supply.

PRESIDENT: Is that so, Mr. Chief Secretary? It is stated that the actual quota of kerosene oil is not supplied by the Cochin agency.

RAJYASEVAPRAVINA G. PARAMESWARAN PILLAI: Complaints have been received from the taluks of Vaikom, Shertallai and Parur about this matter. I have asked the B. O. C. Agent as to how these complaints arise. He says that it is a case where the Cochin Agent has to be blamed and not the Agent in Travancore. We have already intimated to the Cochin Agents and they have informed this Government that they would look into the matter immediately and see that the supply is made without any difficulty.

MR. P. O. THOMAS: I once more emphasise the necessity for appointing non-official committees to help the Tahsildars in the matter of distribution of kerosene. I would like to know from Government whether there is any likelihood of getting a larger quota.

RAJYASEVAPRAVINA G. PARAMESWARAN PILLAI: I am afraid the quota will go down rather than go up.

PRESIDENT: There has been a lot of conversion of sugar-cane lands all over Northern India especially in Bihar and portions of the United Provinces. There is a surprise drive on the part of some Governments to take away lands planted with sugar-cane and use those

lands for other purposes, and that is one of the reasons for the high price of sugar. The quantity of sugar that we are likely to get in a year or two will probably be less than what we used to get in previous years. That is why Government are endeavouring to make an attempt here to start a sugar factory which, to a large extent, may be able to meet our demands. That is within the definite contemplation of Government. If we get the necessary machinery, the factory will be started very soon.

As the Chief Secretary has pointed out, the Travancore Sugars are not getting sufficient jaggery for the manufacture of sugar because Tinnevelly will not allow the export of jaggery from there. But some arrangements have been made between this Government and the Madras Government so that we may get some extra amount of jaggery from the Madras Presidency. I hope the Travancore Sugars have already begun production of sugar on that basis, on the extra jaggery which the Madras Government have been good enough to give us. But we cannot say anything definitely with regard to the next year. It may be a pessimistic forecast. From the very speedy happenings which have occurred as a result of the war, the quota of rice that we may get will be less. The quota of sugar will also probably be less. We will have to try and get ourselves accustomed to be content with what we get.

Motion No. 10.

MR. P. K. KURIAKOSE: I beg to move the following motion.

To reduce the allotment of Rs 1,34,016 for Division Cutcherries by Re. 1.

(To speak on registry of lands)

സർ, ഏലകൃഷിക്കു സൌകര്യമുള്ള സ്ഥലം നോക്കി പരീക്ഷണാർത്ഥം ൧൦൦൦൦ ഏക്കർ സ്ഥലം പള്ളിവാസൽ പകുതിയിൽ നിന്നും ജനങ്ങൾക്കു പതിച്ചു കൊടുക്കുന്നതിനു ഗവർമ്മെൻറിൽനിന്നും ദയവായി തീരുമാനിക്കുകയും അതനുസരിച്ചു പലരും അപേക്ഷ കൊടുക്കുകയും ഗവർമ്മെൻറിൽ നിന്നും ഉദ്യോഗസ്ഥന്മാർ തന്നെ ജനങ്ങളെ പ്രേരിപ്പിച്ചു സ്ഥലങ്ങൾ കൊടുത്തു കൃഷി ചെയ്യുന്നതിനു അവരോടാവശ്യപ്പെടുകയും അതനുസരിച്ചു പലരും കൃഷിക്കായി ഉദ്യമിക്കുകയും ചെയ്തു. ആദ്യകാലത്തു വനങ്ങളിൽ ചെന്നു നോക്കിയപ്പോൾ കാട്ടുമൃഗങ്ങളുടേയും മററും ഉപദ്രവം ഉള്ളതുകൊണ്ടു് പലരും പിൻമാറുകയാണു ചെയ്തതു്. പിന്നീടു പലരും ഉദ്യമിക്കുകയും സ്വന്തമായിട്ടുള്ള സ്ഥലങ്ങളും മററും വിററ് അവിടെയുള്ള സ്ഥലത്തിനു അപേക്ഷ കൊടുത്തു നിയമത്തിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള അഡ്വാൻസും കെട്ടിവച്ചതനുസരിച്ചു സ്ഥലങ്ങൾ അവർക്കു സർവെ ചെയ്തുകൊടുത്തു. ഇങ്ങനെ കൃഷിചെയ്തു തുടങ്ങിയപ്പോൾ അതു് ആദായകരമാണെന്നു കണ്ടതോടുകൂടി വേറെ പലരും ഈ കൃഷിയിൽ പ്രവേശിക്കാൻ തുടങ്ങി. ഇങ്ങനെ ആദായം കിട്ടിത്തുടങ്ങിയപ്പോൾ ഏലത്തിനു വില കൂടിയതി

[Mr. P. K. Kuriakose.]

നാൽ ആദ്യം ആദ്യം പ്രവേശിച്ചവർക്കു കൂടുതൽ ആദായം കിട്ടിത്തുടങ്ങി. ഇതു കണ്ടു വേറെ പലരും പിന്നാലെ പോകുകയും നാലുംകൂടാതെ അപേക്ഷ കൊടുത്തു അഡ്വാൻസും കെട്ടി ഏലകൃഷി ചെയ്തുതുടങ്ങുകയും ചെയ്തു. ഇപ്രകാരം ഈ സ്ഥലങ്ങളിൽ കൃഷിക്കു ഉപയുക്തമായ സ്ഥലങ്ങൾ എല്ലാം തന്നെ ആളുകൾ അപേക്ഷപ്രകാരം പ്രവേശിച്ച് കൃഷി ചെയ്വാൻ തുടങ്ങി. ഇതു കൂടുതൽ ആദായകരമാണെന്നു വന്നതോടുകൂടി കൂടുതൽ സ്ഥലങ്ങൾ ആൎക്കും പതിച്ചുകൊടുക്കുകയില്ലെന്നുള്ള ഒരു നിബന്ധന ആദ്യം ഉണ്ടായി. അതിനെ തുടൎന്നു പിന്നീടു ൧൦ ഏക്കറിൽ കൂടുതൽ ഭൂമി ഏലകൃഷിക്കായി ആൎക്കും പതിച്ചുകൊടുക്കുകയില്ലെന്നുള്ള നയമാണു ഗവൺമെന്റ് എടുത്തിരിക്കുന്നതു്. ഇതു സംബന്ധിച്ചു പ്രത്യേകം അറിയിക്കാനുള്ളതു് ഏലകൃഷിക്കായി പതിച്ചുകൊടുക്കുന്ന സ്ഥലങ്ങളിൽ നിൽക്കുന്ന വൃക്ഷങ്ങൾക്കു പതിച്ചുകിട്ടുന്നവൎക്കു യാതൊരു അവകാശവും ഇല്ലെന്നുള്ളതാണ്. ഈ കൃഷിക്കു തണൽ ഉണ്ടായിരിക്കണമെന്നുള്ളതു് അത്യാവശ്യമാണ്. വൃക്ഷങ്ങൾ ഇല്ലാത്ത സ്ഥലങ്ങളിൽ തന്നെയും ഉടമസ്ഥർ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ചു വനം എന്ന നിലയിൽതന്നെ ഇട്ടിരിക്കുകയാണു ചെയ്യുന്നതു്. അതിനാൽ സാധാരണ വനങ്ങൾ തെളിക്കുമ്പോൾ മഴയും മററും കുറഞ്ഞുപോകുമെന്നുള്ള ഭയത്തിനും അവിടെ അവകാശമില്ല. ഈ സ്ഥലങ്ങൾ കാടുപിടിച്ചു പുറമേനിന്നുള്ള കാഴ്ചയിൽ അതൊരു വനമായിട്ടുതന്നെയാണ് കിടക്കുന്നതു്. ഈ നിലയിൽ ഇരിക്കുന്നതുകൊണ്ടു ഭൂമിക്കുതന്നെ യാതൊരു മാററവും വരുന്നില്ല. തറവിലയായി ൧൦ രൂപാ വിലയത്ഥം കെട്ടിവെയ്ക്കണമെന്നുള്ള ഒരു നിയമം ഉണ്ടു്. ഈ തറവില ആറു തവണയായിട്ടോ മറേറാ കൊടുക്കണമെന്നുള്ള നിശ്ചയമാണു വച്ചിരിക്കുന്നതു്. അതിനും പുറമേ ൩ രൂപാ വച്ചുള്ള കരവും കിട്ടുന്നുണ്ടു്. അനുവാദം കൂടാതെ പ്രവേശിച്ചാൽ ഒരു പിഴയെന്നുള്ള നിലയിലും കൂടിയാണു ൩ രൂപാ കരം ചുമത്തിയിട്ടുള്ളതു്. അപേക്ഷ കൊടുത്തു അഡ്വാൻസുംകെട്ടി അനുവാദം കിട്ടുന്നതിനു മുമ്പാണു പ്രവേശനമെങ്കിൽ ൩ രൂപായും അനുവാദത്തിനു ശേഷമായാൽ ൫ കൊല്ലത്തേയ്ക്കു ൧½ (ഒന്നര) രൂപാ വച്ചും കരം കൊടുത്താൽ മതിയെന്നുമാണു നിശ്ചയമുള്ളതു്. എന്നല്ലാതെ അനുവാദം കിട്ടിയതിനുശേഷമേ പ്രവേശിക്കാൻ പാടുള്ളു എന്നു ഒരു വ്യവസ്ഥ നിയമത്തിൽ ഉണ്ടായിരുന്നില്ല. ഗവൺമെൻറു പ്രത്യേകം സർവെയറന്മാരെ അയച്ച് ഉടമസ്ഥന്മാരുടെ ചെലവിന്മേൽ തന്നെയാണ് ഭൂമി അളന്നു് ഏല്പിക്കുന്നതു്. ആ ഇനത്തിലും ഗവൺമെൻറിന് യാതൊരു നഷ്ടവും ഉണ്ടാകുന്നില്ല. ഇതിനെല്ലാം പുറമേ ഏലത്തിന്റെ തീരുവയിനത്തിലും ഒരു വലിയ തുക ഗവൺമെൻറിലേയ്ക്കു

കിട്ടിവരുന്നുണ്ട്. ഇങ്ങനെ ഈ കൃഷിയിൽനിന്നും ഗവണ്മെൻറിന് വലിയ ഒരാദായമാണു കിട്ടുന്നതു്. കൂടാതെ മരങ്ങൾ ഇല്ലാത്തയിടത്തു മരങ്ങൾ വച്ചു പിടിപ്പിക്കുന്നു. ഇങ്ങനെ പലവിധത്തിലും ഗവണ്മെൻറിന് ആദായകരമായ ഈ ഏലകൃഷിക്കായി സൌകര്യമുള്ള ഭൂമികൾ പതിച്ചു കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇനി എനിക്ക് ബോധിപ്പിക്കുവാനുള്ളതു ഭൂമി പതിച്ചു കിട്ടുമെന്നുള്ള പൂർണ്ണബോധത്തോടുകൂടി അപേക്ഷയും കൊടുത്തു അഡ്വാൻസും കെട്ടി ഏലകൃഷിക്കായി പ്രത്യേകം സർവെ ചെയ്തു കിട്ടിയ സ്ഥലത്തു പ്രവേശിച്ച് അധ്വാനിച്ചിട്ടുള്ളവർക്ക് ആ ഭൂമി പതിച്ചു കൊടുക്കണമെന്നുള്ളതാണ്. എന്നാൽ ഗവണ്മെൻറിന്റെ ഇപ്പോഴത്തെ നയം അനുസരിച്ചു പതിച്ചുകൊടുക്കാൻ നിവൃത്തിയില്ലാത്തപക്ഷം ഏ ഒ കൊല്ലത്തെ കാലാവധിവച്ചു ഈ സ്ഥലങ്ങൾ കുത്തകപ്പാട്ടമായിട്ടെങ്കിലും അവർക്കുതന്നെ കൊടുക്കണമെന്നാണു എന്റെ അഭിപ്രായം. ഈ കൃഷി ഒരു തവണ ചെയ്താൽ ഏ ഒ കൊല്ലത്തേയ്ക്കു നിലനിൽക്കും എന്നുള്ളതുകൊണ്ടാണ് ഏ ഒ കൊല്ലം എന്നു പ്രസ്താവിക്കാൻ കാരണമായിട്ടുള്ളതു്. ഇപ്പോൾ ഓരോ കൊല്ലത്തേയ്ക്കു കുത്തകപ്പാട്ടമായി ലേലം ചെയ്തുകൊടുക്കുകയാണു ചെയ്യുന്നതു്. ഗവണ്മെൻറിനെ വിശ്വസിച്ചു വസ്തുവിൽ പ്രവേശിച്ചു അധ്വാനിച്ചിട്ടുള്ളവർക്ക് ആ സ്ഥലത്തുള്ള ആദായം മററുള്ളവർക്കു ലഭിക്കത്തക്കവണ്ണം ഇങ്ങനെ ലേലം ചെയ്തുകൊടുക്കുന്നതു വളരെ കഷ്ടവും നഷ്ടവും ആണെന്നുള്ളതുകൊണ്ടാണ് ഏ ഒ കൊല്ലത്തെ കാലാവധിയിൽ കുത്തകപ്പാട്ടമായെങ്കിലും അവർക്കുതന്നെ കൊടുക്കണമെന്നു ഞാൻ അപേക്ഷിക്കുന്നതു്.

MR. P. K. KUNJU: നിയമത്തിനു വിരുദ്ധമായി വസ്തുവിൽ പ്രവേശിച്ച് കൃഷി ചെയ്യുന്നതു് ന്യായമാണെന്നാണോ ബഹുമാനപ്പെട്ട മെമ്പറുടെ അഭിപ്രായം?

MR. P. K. KURIAKOSE: അനുവാദമില്ലാതെ വസ്തുവിൽ പ്രവേശിക്കാൻ പാടില്ലെന്നു നിയമത്തിൽ പ്രസ്താവിച്ചിട്ടില്ല. അപ്രകാരം പ്രവേശിച്ചാൽ പിഴകൂടി ഉൾപ്പെടുത്തി ന രൂപാ വച്ചുള്ള കരം അടയ്ക്കണമെന്നാണ് വ്യവസ്ഥ.

MR. P. K. KUNJU: ഇപ്പോൾ പ്രവേശിച്ചിരിക്കുന്നവരെല്ലാം അനുവാദത്തോടുകൂടിയാണോ പ്രവേശിച്ചിട്ടുള്ളതു്?

MR. P. K. KURIAKOSE : അവക്കു സർവെ ചെയ്തു കൊടുത്തിരിക്കുന്നതനുസരിച്ചാണ് ഇപ്പോഴും അവർ പ്രവേശിച്ചിരിക്കുന്നത്.

MR. P. O. THOMAS : Sir, I support the motion of Mr. P. K. Kuriakose regarding the assignment of cardamom lands. Large tracts of such lands were occupied by the people of the State. It cannot be that those acts were done behind the back of the Government and when they were allowed to encroach even on large tracts of land and when they were allowed to spend much money and labour on such tracts, at least the modest request made by the honourable member that those lands may be allowed to be in the possession of those persons who worked on those lands for at least 15 years may be conceded by the Government in fairness and equity. Encroachments......

PRESIDENT : Was there not a prohibition against encroachments even from the beginning?

MR. P. O. THOMAS : I am not aware of that, Sir.

MR. P. K. KURIAKOSE : There was no such order.

PRESIDENT : I remember to have seen such an order.

MR. P. O. THOMAS : My point is only this. There are many people who were engaged upon such large tracts of land and worked there for many years and that was not behind the back of the Government.

PRESIDENT : I distinctly remember and I think the Government Benches will make it out that even from the beginning it was stated that encroachments were not allowed but that if encroachments had been made a certain procedure would be prescribed. What really happened was that persons started with say, a hundred acres, and then encroached on 20 acres in the first year, 25 acres in the second year and so on, with the result that within the next three or four years, four or five times the extent of the original area was found to have been occupied by the person. And so arose the necessity for some rule being applied in such cases. The original order may be read, so that it might stop unnecessary discussion. I think Mr. Tampi will read out the order of prohibition.

MR. P. O. THOMAS : I will refer to another point.

PRESIDENT : You may deal with it later. The point that you raised earlier may be got cleared presently.

MR. G. NARAYANAN TAMPI : I will read the final order.

" Since the issue of the Cardamom Rules dated 30th September, 1935, many Travancoreans have taken to cardamom planting. In view of the limited extent of cardamom lands and on account of the increasing demand for their assignment, Government deemed it necessary to ensure a fair distribution of the available area among as many applicants as possible. Government therefore ordered in G. O. dated 11-10-1940 read above that more than 60 acres of cardamom lands

should not be assigned in favour of a single applicant. They further made it clear in the G. O. dated 10th June 1942 read above that the registry of cardamom lands was not to be regarded as a matter of right of course and that the assignment of such lands was purely a matter of discretion. It was also laid down that the registry would be subject to the condition that it would be terminated if without the previous sanction of the Government the holding or part of it was alienated, the lands so dealt with being liable to resumption by Government without payment of compensation for improvements. Messrs. Thariathu Kunji Thommen, A. K. Kumara Vaidyan and K. P. Kochukora Tharakan, (members of the Legislature), and certain other cardamom cultivators of Pallivasal pakuthi have submitted a petition before Government in regard to the registry of cardamom lands.

PRESIDENT: That was not what I referred to.

Order, order. As early as 19th July, 1935, under the Puduval Rules which must be taken to include this occupation, it was definitely laid down that 'all Government lands, available for assignment shall unless otherwise directed by the rules be assigned by Us. Unauthorised occupation of all Government lands is objectionable and is strictly prohibited. After the date of issue of these rules such unauthorised occupation will not entitle the occupant to get the land registered in his name without auction."

That was the order passed in 1935. The original idea was that as far as possible cardamom lands should not be given to non-Travancoreans A large extent of cardamom lands was found to be held by non-Travancoreans after the issue of that order. They were among the biggest encroachers. They proceeded on the basis that having encroached they got an equity and this Government laid down that the longer a person encroached or the more he encroached the less equity he would get because until detection he had enjoyed great profits. Therefore, the larger landholder he was, the more he encroached but that the more defiantly he encroached, the more strictly would he be evicted.

MR. P. O. THOMAS: The order read that discretion was vested in the Government.

MR. G. NARAYANAN TAMPI: I noted that discretion was vested in the Government, and now what I said was that this discretion may be exercised in favour of the Travancore occupants of these lands.

PRESIDENT: The idea of Government is not to exercise discretion in favour of large landholders; but not to allow people to get more than 60 acres. People who have got more than 60 acres will not get an inch more of land.

MR. P. O. THOMAS: I mean that proper redress may be given to those bona fide......

PRESIDENT: There may be bona fide people who have entered into lands which are distinctly not theirs. The more wealthy or the more influential are the encroachers, the less bona fides is imputed to them.

MR. P. O. THOMAS: If that is the policy of Government, I appeal to Government to revise that policy. In the industrialisation scheme of Government, Government are bound to acquire more lands for the industrial companies.

MR. K. G. KUNJUKRISHNA PILLAI: It does not come under the point under discussion.

PRESIDENT: It is not intended to allow any industrial establishment on cardamom lands.

MR. P. O. THOMAS: I thought I could finish my point. I make particular reference to the policy of Government in acquiring lands......

PRESIDENT: That might come under Total Grant. We are now dealing with local grievances. I will give you time. I want to read this portion: The order is dated 19-4-1941 "No plea of length of time, for the encroachers who were in occupation or the absence of any better use of the land or the absence of objections by the Departments concerned should be accepted by the Crown for any concession to the unauthorised occupant." It was because it was found that Peishkars, Assistant Peishkars, Tahsildars and Proverthicars were in favour of these encroachments and always reported that the encroachments were unobjectionable whenever large landholders were concerned, that Government had to lay this down.

Government have laid down this policy and I would like to have the verdict of this House whether they approve of this policy or not, because the policy, to a certain extent, is a change from the older policy. There is no use concealing from the House the fact that the older policy (before 1935) was that if a person encroached upon a land, that land was somehow in equity assignable to him. No doubt there might have been reasons when the land was practically unused; when the population was small; when people could not be persuaded to go to those localities. But now every person is anxious to extend cultivation and Government came to the conclusion that the old rule has no right to exist especially when lands have to be reserved for returned soldiers and people of that kind and small landholders. The honourable House will enable the Government to judge whether on the whole that change of policy meets with the wishes of the people of the State.

MR. K. K. CHELLAPPAN PILLAI: May I know what is meant by a small landholder?

PRESIDENT: The landholder of 60 acres is bigger than the one with 30 acres. The idea is that no person who has got 60 acres will get an inch more of land.

MR. P. K. KURIAKOSE: For those who have already got large areas......

PRESIDENT: There will be auctions and it will be decided on the result of the auctions.

MR. K. T. MICHAEL: The land policy of the Government has been evolving through varied phases for the past several years. At the time of the last Settlement, I have heard it said that lands were registered in names of people who did not want registry. Later people were invited by Government to take possession of lands that were available for registry and possession created a claim to get registry. In 1935, it has been just now pointed out by the Dewan, the policy was definitely enunciated that no encroachment should be allowed, and any encroachment would disentitle persons from getting registry of such lands in their names. If I remember it aright, the rule before 1935 as regards the registry of cardamom lands was that application should be made, the application fee should be remitted, an agreement entered into with the Government and only then the applicant would be entitled to take possession of the land. At the same time there was also an alternative rule which entitled persons in a way to make encroachments, but it was declared that they would be liable to penal assessment. It was under such circumstances that many people encroached upon lands in Pallivasal site. So, there was a sort of offer extended by the Government which influenced the people to take possession of the land without making applications because they were prepared to pay the penal assessment. Now, lands occupied under those circumstances have been cultivated by the planters at great expense, and men in possession of such lands also, if I am not mistaken, are liable to be evicted. They occupied the lands on account of the offer from Government. That was the position.

PRESIDENT: I do not think the honourable member is correct. Until 1935, that state of affairs had some truth. I have verified the so called offer of Government with persons who had encroached and before 1935 they got what they encroached upon. It was only afterwards that the rule was enforced with some modifications.

RAJYASEVAPRAVINA G. PARAMESWARAN PILLAI: Sir, a period of time was fixed within which applicants should give a declaration about their *bona fide* occupation. The honourable members must be aware that there were several cases where Government had allowed registries in cases of *bona fide* occupations. There were also cases where mahazars were prepared on the pretext that the lands were under occupation. Such cases were decided on merits.

MR. K. T. MICHAEL: : Sir, I am inclined to think that the fact may be the other way about. The encroachers improved their holdings before 1935 but mahazars were prepared describing the improvements to be of a subsequent date. That is the position. I urge on Government that aspect of the problem requires investigation.

PRESIDENT: Even now, I get a number of petitions from various individuals saying that their encroachments were before 1935. They also produce cogent evidence, opinions from the previous revenue authorities and other things.

MR. K. T. MICHAEL: Sir, as regards non-cardamom lands, I know instances where lands have been occupied under the old rules by ryots and improvements effected thereon. Orders were also passed for registry of such lands in favour of the occupants. But due to economic depression prevailing then, they were not able to pay the money and so registries were cancelled subsequently. I am of opinion that such cases are very hard and Government should treat them with sympathy.

PRESIDENT: So far as the rich persons are concerned, you cannot say that money was not paid due to economic depression.

MR. K. T. MICHAEL: I refer to hardships of the poor people. If improvements have been really effected such cases should not be severely and strictly viewed. As they have spent large amounts on improvements, so long as they are prepared to pay the money for registry Government should in justice view the matter sympathetically, particularly because Government do not require such lands to be included in the reserve forest or conserved for Government purposes. There is no reason why those in enjoyment should not be allowed to do so granting them registry. With these words, I support the motion.

MR. K. BALAKRISHNA MENON: Sir, I concur with the policy of Government in evicting the rich men who have made encroachments upon the cardamom lands. My honourable friend was saying that encroachments were made only after a particular time. It is a fact that cardamom cultivation in Pallivasal pakuthy began from the year 1935 and during the succeeding years. The people who encroached on hundreds of acres thought that they could somehow influence Government and effect registries in their favour. There came a time when people applied for smaller assignments. The surveyors who went for survey of the lands could not do anything in the matter because there was no lands for registry on account of encroachments of adjoining lands by rich persons. In view of these conditions, I humbly submit that if the poor people of Travancore are to get their share in cardamom cultivation, it is only fair on the part of Government to evict the rich land holders who have made the encroachments in hundreds of acres. Encroached lands should be taken back and parcelled out in small holdings to poor persons. Of course, the rich will put the plea that large sums of money were spent towards improvements and all the rest of it. For such people my answer is that during the years 1940, 1941, during the boom period of price in cardamon they have realised fully their money spent in cultivating them. With these words I oppose the motion.

MR. P. K. KUNJU: സർ, ഉപക്ഷേപത്തെ അർഹിക്കുന്ന കാര്യഗൗരവത്തോടുകൂടി ഞാൻ എതിർക്കുന്നു. ഭൂമി ആർക്കും പതിച്ചുകൊടുക്കുകയില്ലെന്നുള്ള തീരുമാനം ചെയ്തതിനു ഗവമ്മെൻറിനെ അഭിനന്ദിക്കുന്നു. അതു രാജ്യത്തിൻെറ ശ്രേയസ്സിനേയും പൊതു സമാധാനത്തേയും തുല്യതയേയും പരിരക്ഷിക്കുന്നതാണ്. മഹാരാജാവുതിരുമനസ്സിലേക്കു ഏകമായും തിരുമനസ്സിലെ പ്രജകൾക്കു മൊത്തമായും അവകാശപ്പെടുന്ന

ഈ രാജ്യത്തിന്റെ ഒരു വിഭാഗം സ്വാധീനശക്തിയും പണക്കൊഴുപ്പും ധനാർജ്ജനത്തിനുള്ള അമിതാഗ്രഹവും ഉള്ള ചിലർ കൈവശപ്പെടുത്തി അധ്വാനംചെയ്തു് അനുഭവമെടുത്തുവരുന്നുണ്ടെന്നുള്ളതു് അവിതർക്കിതമാണു്. നൂറും ഇരുനൂറും അഞ്ഞൂറും ആയിരവും രണ്ടായിരവും ഏക്കർ വിസ്തീർണ്ണമുള്ള ഭൂമി മുൻപ്രസ്താവിച്ച മാതിരി ചിലരുടെ കൈയ്യിൽ ഉണ്ടെന്നുള്ളതു് വെറും പരമാർത്ഥം മാത്രമാണു്. അനർഹമായി, നിലവിലിരിക്കുന്ന നിയമത്തിനു വിരുദ്ധമായി, യാതൊരവകാശവും ഇല്ലാത്ത സ്ഥലത്തു പ്രവേശിച്ചു കൃഷിചെയ്തു പണമുണ്ടാക്കിയതു മാത്രമല്ല, ആ സ്ഥലത്തിന്റെ ഉടമസ്ഥാവകാശംകൂടി ഇപ്പോൾ തീറായി സർക്കാരിൽനിന്നും ലഭിക്കണമെന്നു് പറയുന്നതു്—ആവശ്യപ്പെടുന്നതു് ഒരിക്കലും സ്വീകാര്യമല്ല, നീതീകരിക്കാവുന്നതുമല്ല, പ്രത്യുത ഇങ്ങനെ ഉള്ളവർക്കു സ്ഥലം പതിച്ചുകൊടുക്കുകയില്ലെന്നുള്ള ഗവമ്മെന്റിന്റെ തീരുമാനം തത്വത്തെയും ന്യായത്തെയും ആശ്രയിച്ചുള്ളതാണു്. ശക്തമായ ഒരു ഗവണ്മെന്റു ഈ കയ്യേററ അവകാശക്കാരുടെ പ്രവൃത്തിയെ സാധൂകരിക്കുന്ന പക്ഷം അനുകരണീയമല്ലാത്ത ഒരു മാതൃകയാണു നൽകാൻ ഇടവരുന്നതു്—ഒരു ഗവമ്മെന്റിന്റെ ബലഹീനതയാണു് കുറിച്ചു നോക്കാനിടയുള്ളതു്. പതിനഞ്ചുവർഷത്തെ കുത്തകപ്പാട്ടത്തിനെങ്കിലും കൊടുക്കണമെന്നാണു അവസാനമായി ആഗ്രഹിക്കുന്നതു്. ഈ യുദ്ധപരിതസ്ഥിതിയിൽ നമ്മുടെ ഉൽപ്പന്നങ്ങൾക്കു് ധാരാളം വിലയുള്ളതു നിമിത്തം നിരവധി പണം—ലക്ഷക്കണക്കിനാദായം—കഴിഞ്ഞ ചുരുങ്ങിയ കാലത്തിനുള്ളിൽ കരസ്ഥമാക്കിയിട്ടുള്ളവർ അവർക്കു ഉടമസ്ഥാവകാശം ഇല്ലാത്ത ഭൂമിയിൽനിന്നു കരമോ പാട്ടമോ പോലും കൊടുക്കേണ്ട ആവശ്യമില്ലാത്ത സ്ഥലത്തുനിന്നും സ്വന്തമെന്നോണം കൈവശം വച്ചനുഭവിച്ചു് അമിതമായ ലാഭം ഉണ്ടാക്കിയതിനു ശേഷം ഇനിയും പാട്ടത്തിന്റെ പേരിൽ, അതിലും വിശേഷിച്ചു് ദീർഘകാലമായ ൧൫ കൊല്ലത്തേക്കു, കൊടുക്കണമെന്നു് പറയുന്നുണ്ടെങ്കിൽ അതു നിഷേധിക്കേണ്ടതാണു്. ഇത്രയും കാലം സർക്കാർ ധനത്തിന്റെ ലാഭവും, ഭാഗ്യവും അനുഭവിച്ച അവരെപ്പോലെ തന്നെ ഈ രാജ്യത്തെ മററു അവകാശികളായ പ്രജാലക്ഷങ്ങൾ നോക്കിയിരിക്കുന്നുവെന്നു ധരിക്കേണ്ടതാണു്. ഈ രാജ്യത്തെ ഒരു പ്രജയുടെ ശരാശരി ൩൦ സെൻറാണു് കണക്കാക്കിയാൽ കാണുന്നതു്. രാജ്യത്തിന്റെ അഭിമാനം നിലനിർത്തുന്നതിനു, യുദ്ധസംരംഭത്തിലുള്ള പങ്കു വഹിക്കാൻ സമരമുഖത്തു അണിനിരന്നു നിൽക്കുന്ന വീരയോധാക്കൾ, യുദ്ധാനന്തരം മടങ്ങിവന്നാൽ അവർക്കു കിടക്കുന്നതിനും അധ്വാനിക്കുന്നതിനും

[Mr. P. K. Kunju.]

ഉള്ള സ്ഥലം കൊടുക്കാനുള്ള ധാർമ്മികമായ ചുമതല നമ്മുടെ ഗവണ്മെൻറിനുള്ളതാണ്. അതിനുള്ള സ്ഥലം ഇവിടെ ഉണ്ടായിരിക്കണമല്ലോ.

ഇപ്പോഴത്തെ ഗവണ്മെൻറിൻെറ നയം—സ്ഥലം പതിച്ചുകൊടുക്കുകയില്ലെന്നുള്ളതു്—ഒരു പ്രകാരത്തിലും ചോദ്യം ചെയ്യാൻ നിവൃത്തിയില്ലാത്തവണ്ണം സംശയരഹിതമാണ്. വിദേശിയായ ഭരണമേധാവി, വല്ല വിദേശിയരുടെ പക്കൽനിന്നും അപേക്ഷ സ്വീകരിച്ചു സ്ഥലം പതിച്ചുകൊടുക്കാൻ അനുഗ്രഹിക്കുകയോ, ഇന്നാട്ടുകാരുടെ അപേക്ഷയെ പക്ഷപാതബുദ്ധ്യാ സ്വീകരിക്കുകയൊ നിരാകരിക്കുകയോ ചെയ്തിരുന്നുവെങ്കിൽ ഗവണ്മെൻറിൻെറ ഇന്നത്തെ ഭരണമേധാവിയുടെ തീരുമാനത്തെ ചോദ്യം ചെയ്യാമായിരുന്നു.

രാജ്യത്തിൻെറ പൊതുരക്ഷയ്ക്കായി സകല ജനങ്ങളുടേയും ഏകയോഗക്ഷേമത്തിനായി, തത്വത്തിൻെറയും നീതിയുടേയും പേരിൽ ഉത്തരവാദഭരണത്തിനായി സോൽസാഹം പ്രവർത്തിക്കുന്നുവെന്നു പറയപ്പെടുന്ന കക്ഷിയിലെ ഒരംഗം നിലവിലിരിക്കുന്ന പ്രശ്നത്തെ പിൻതാങ്ങി കയ്യേററം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലം പതിച്ചു കൊടുക്കണമെന്നു സംസാരിച്ചതിൽ ഞാൻ ലജ്ജിക്കുന്നു.

MR. K. R. NARAYANAN : സർ, ഞാൻ ഈ ഉപക്ഷേപത്തെ എതിർക്കുന്നു. കാരണം, കുറെ വ്യക്തികളുടെ കൈവശംമാത്രം ഭൂമി ധാരാളം വച്ചുകൊണ്ടിരിക്കയും അതേ സമയത്തിൽ രാജ്യത്തിനകത്തു മററനേകം പേർ ഭൂമി അല്പംപോലും ഇല്ലാതെ വിഷമിക്കയും ചെയ്യുന്നു. കുറെ ആളുകളുടെ കൈവശത്തുമാത്രം സ്വത്തു വളർന്നുവരുന്നതു്, അതില്ലാത്ത മററാളുകളുടെ വിപ്ലവത്തിനു കാരണമായിരിക്കും. സർ, തിരുവിതാംകൂറിൽ ശരാശരി ആളൊന്നിന് മൂന്നു സെൻറു ഭൂമിയെ ഉള്ളൂ എന്നു പറയുന്നു. എന്നാൽ അങ്ങിനെയിരിക്കെ, ഈ മൂന്നു സെൻറിൽ നിന്നും ഒരു സെൻറു എടുത്തു വേറൊരാൾക്കു കൊടുത്തു [illegible] ആക്കുന്ന നയവും നല്ലതല്ല. ആയിരവും രണ്ടായിരവും ഏക്കർ സ്ഥലം കൈവശംവച്ചു കൃഷിപോലും ചെയ്യാതെ തരിശായി ഇട്ടിരിക്കുന്ന കുറെ ഭൂസ്വത്തുകാർ നമ്മുടെ നാട്ടിലുണ്ട്. യുദ്ധത്തിൻെറ പ്രത്യാഘാതം നിമിത്തം നാട്ടിലുള്ള ജനങ്ങൾ നാനാതരത്തിൽ വിഷമിക്കുന്ന ഈ അവസരത്തിൽ അനേകം ഏക്കർ തരിശുഭൂമികളും മററും കൈവശം ഇരിപ്പുള്ളതിനെ കൃഷി ചെയ്യാൻ തയാറായിട്ടുള്ള സാധുജനങ്ങൾക്കു കൈവശപ്പെടുത്തി കൊടുക്കാ

നുള്ള മനോഭാവമില്ലാതെ, രാജ്യക്ഷേമമൈകകാംക്ഷികളാണെന്ന് അഭി നയിക്കുന്നത് വെറും നക്രബാഷ്പം മാത്രമാകുന്നു. രാജ്യക്ഷേമം പുലർത്തണമെന്ന ഉദ്ദേശമുള്ള മഹാന്മാർ ഇറങ്ങി മുന്നോട്ടുവരട്ടെ. സർ, ഇത്രയും പറഞ്ഞതുകൊണ്ട് ഞാൻ കമ്മ്യൂണിസം പരത്തുകയല്ലാ ചെയ്യുന്നത്. അവകാശമില്ലാത്ത ഭൂമികൾ ഏക്കറുകണക്കിന് കുറെ ആളുകൾ വച്ചു പുലർത്തുന്നുണ്ട്. അങ്ങിനെയാണെങ്കിൽ തീർച്ചയായും അവർ മററുള്ളവരെ ചൂഷണം ചെയ്യുകയല്ലയോ എന്നാണ് ഞാൻ ചോദിക്കുന്നത്. സർ, വണ്ടൻമേട് മുതൽ കുമളിവരെ ഏകദേശം ൧൨ മൈൽവരെ ഭൂമി പതിച്ചു കൃഷി ചെയ്യാതെ ഇട്ടിരിക്കുന്ന ഒരു മഹാനെ എനിക്കറിയാം.

MR. K. T. MICHAEL : അദ്ദേഹത്തിന്റെ പേര് എന്താണെന്നു പറയുവാൻ ദയവുണ്ടാകുമോ?

MR. K. R. NARAYANAN : കാഞ്ഞിരപ്പള്ളി സ്വദേശിയായ ഒരു മാന്യനാണ്. ഇതുപോലെ എന്റെ സ്നേഹിതൻ ദേവികുളം മുതൽ നേര്യമംഗലംവരെ ഒരു ചെറിയ അന്വേഷണം നടത്തിയാൽ അനവധി ഏക്കർ സ്ഥലങ്ങൾ ഓരോരുത്തരും പതിപ്പിച്ച് തരിശാക്കി ഇട്ടിരിക്കുന്നതുകാണാം.

PRESIDENT : Order, order. The honourable member must yield his place first of all and then one after another can put his question.

MR. P. O. THOMAS : On a point of order, Sir. The honourable member is not entitled to speak on the acts or negligency on the part of land-owners.

PRESIDENT : It is not a point of order. It is open to the honourable member to say that because indiscriminately Government have been giving registries to people who do not know how to cultivate those lands, or do not care to cultivate those lands, these lands are suffering.

MR. K. R. NARAYANAN : അവകാശികളില്ലാത്ത ഭൂമികൾ ആരു കൈവശം വച്ചുകൊണ്ടിരിക്കുന്നു എന്നു ആദ്യമായി അന്വേഷിക്കണം. അത് നിയമത്തോടുകൂടിയായാലും കൊള്ളാം അല്ലെങ്കിലും കൊള്ളാം, അങ്ങനെയുള്ള ഭൂമിയും വളരെ കൂടുതൽ കൈവശം വച്ചുകൊണ്ടിരിക്കുന്ന ഭൂമിയും എല്ലാംകൂടി പാവങ്ങൾക്ക് സമമായി വീതിച്ചുകൊടുക്കണം. ഇതാണ് പാവങ്ങളുടെ ബുദ്ധിമുട്ട പരിഹരിക്കാനായി ഒരുങ്ങിയിട്ടുള്ള ഒരു ഗവൺമെൻറ് ആദ്യമായി ചെയ്യേണ്ടതു്. വണ്ടൻമേട്, കാവിലങ്ങാട്ട് മുതലായ സ്ഥലങ്ങളിൽ കുറെപ്പേർവളരെയധികം ഭൂമികൾ പതിച്ചെടുത്തു കൈവശംവച്ചുകൊണ്ടിരിക്കുന്നതായി എനിക്കറിയാം. അതു മി. മൈക്കലിനും അറിയാവുന്ന ഒരു സംഗതിയാണു. ൧൨ മൈൽസ്ഥലത്തു് ഇരുവശങ്ങളിലുമുള്ള ഭൂമികൾ പതിച്ചെടുത്തു് യാതൊരു കൃഷിയും ചെയ്യാതെ ഇട്ടിരിക്കുന്നതാണ് ഇതിനെക്കാൾ കഷ്ടമായിരിക്കുന്നതു്.

MR. K. T. MICHAEL : ആരൊക്കെ എത്ര ഏക്കർ ഭൂമി പതിച്ചെടുത്തിട്ടുണ്ടെന്നുള്ള വിവരം അറിയാമോ?

MR. K. R. NARAYANAN : ക്ലിപ്തമായിട്ടു പറയുവാൻ സാധിക്കുകയില്ലെങ്കിലും ഒരാൾ എഴുപതേക്കർ ഭൂമി അയാളുടെ പേരിൽ പതിച്ചെടുത്തിട്ടുള്ളതായി എനിക്കു സൂക്ഷ്മമായി അറിയാൻ സാധിച്ചിട്ടുണ്ട്. ഇതു കാഞ്ഞിരപ്പള്ളിയിലാണ്. നേര്യമംഗലത്തിനടുത്ത് കുറേപ്പേർ ഭൂമി പതിപ്പിച്ചു കിട്ടാൻ അപേക്ഷിച്ചിട്ട് അതു കൊടുത്തില്ല എന്നു ബഹുമാനപ്പെട്ട മെംബർ മി. കുര്യാക്കോസ് പറഞ്ഞു.

MR. P. K. KURIAKOSE : സ്ഥലം കിട്ടാത്തതുകൊണ്ടാണ് കൃഷി ചെയ്യാതിരുന്നിട്ടുള്ളതെന്നാണ് ഞാൻ പറഞ്ഞത്.

MR. K. R. NARAYANAN : സർ, ഇതിന്റെ അർത്ഥം കൃഷിചെയ്യാതെ ഇട്ടിരിക്കുന്ന സ്ഥലങ്ങൾ ആ ഭാഗങ്ങളിൽ ധാരാളമുണ്ടെന്നല്ലേവരുന്നത്? ദേവികുളം മുതൽ നേര്യമംഗലംവരെ സ്ഥലങ്ങളിൽ ഈപ്രകാരം കൃഷി ചെയ്യാതിട്ടിരിക്കുന്ന ഭൂമികൾ വളരെയുണ്ട്. എന്നുമാത്രമല്ല, കൂടുതൽ ഭൂമി കൈവശം വച്ചനുഭവിച്ചുകൊണ്ടിരിക്കുന്നവരുടെ പക്കൽ നിന്നും ആ ഭൂമികൾ പാവപ്പെട്ടവർക്കു പതിച്ചുകൊടുക്കണമെന്നു എന്റെ സ്നേഹിതൻ മി. പി. ജെ. കുഞ്ഞ് പറഞ്ഞപ്പോൾ മറ്റൊരു മാന്യമെമ്പർ അദ്ദേഹത്തിനു എത്ര ഏക്കർഭൂമി ഉണ്ടെന്നു ചോദിക്കാനൊരുമ്പെട്ടു. ദേവികുളത്തു കുറെ സ്ഥലം അവകാശികളില്ലാതെ കിടക്കുന്നതായി ഞാനറിഞ്ഞു. അതു എങ്ങനെയെങ്കിലും പേരിൽ പതിച്ചെടുക്കാൻ ധനവാനായ ഒരാൾ ശ്രമം നടത്തിവരികയാണ്. എന്തിന്റെ പേരിലായാലും ശരി ഇങ്ങനെ പാവങ്ങളുടെ വായിൽ മണ്ണിട്ടിട്ടു ഉള്ള ഭൂമിയെല്ലാം തനിക്കും സ്വന്തക്കാർക്കും ആയി വീതിച്ചെടുക്കുക എന്നുള്ളതു വലിയ അക്രമമാണ്. എന്റെ കാര്യം പറയുകയാണെങ്കിൽ എന്റെപേരിലും ഭാര്യയുടെപേരിലും കുഞ്ഞുങ്ങളുടെപേരിലും ഉള്ള ഭൂമി എല്ലാം ഞാൻ തരാം, ഭൂമി സമമായി വീതിക്കുന്ന ഒരു നടപടി ഗവൺമെന്റ് തുടങ്ങുമെങ്കിൽ ഇങ്ങനെ മറ്റു മെമ്പറന്മാരും തയാറാകുകയാണെങ്കിൽ അതു ഒരു മഹാമനസ്കതയായിരിക്കും. ഈ അഭിപ്രായത്തോടുകൂടി മി. കുര്യാക്കോസിന്റെ ഉപക്ഷേപത്തെ ശക്തിയായി എതിർത്തുകൊള്ളുന്നു.

MR. P. K. KURIAKOSE : ൨൦ ഏക്കറിൽ കുറവായി ഭൂമിയുള്ളവർ ഇനിയും അപേക്ഷിച്ചിട്ടുണ്ടെങ്കിലോ?

MR. K. R. NARAYANAN : ഭൂമി സമമായി വീതിച്ചുകൊടുക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്.

MR. PULIYOOR T. P. VELAYUDHAN PILLAI : സർ, ഈ സഭയുടെ ആലോചനയ്ക്കു വിഷയമായിരിക്കുന്ന ഉപക്ഷേപത്തെ സംബന്ധിച്ച് ഒന്നുരണ്ടു വാക്ക് സംസാരിക്കാമെന്നു വിചാരിക്കുന്നു. ഗവൺമെൻറു ഇപ്പോൾ സ്വീകരിച്ചിരിക്കുന്ന ലാൻഡ് പോളിസി അല്ലെങ്കിൽ ഭൂമിപതിപ്പു നയം സർവ്വവിധേനയും ആദരണീയമാകുന്നെന്നു പ്രഥമത പ്രസ്താവിച്ചുകൊള്ളുന്നു. എന്നാൽ ഭൂമി സ്ഥിരമായും സ്വതന്ത്രമായും പതിച്ചുകൊടുക്കുന്നതു പാടില്ലെന്നിരുന്നാൽതന്നെയും പല ചരിത്രസ്ഥിതികളേയും കാരണങ്ങളേയും ആസ്പദമാക്കി യഥായോഗ്യം ഭൂമി പാട്ടത്തിനു കൊടുക്കുന്ന നയം എല്ലാംകൊണ്ടും ആദരണീയമായിട്ടുള്ളതാണ്. അപ്രകാരം പാട്ടത്തിനുകൊടുക്കുന്ന പക്ഷം ഭൂമിയിൽ ദേഹണ്ഡംചെയ്തു അതിൽനിന്നും കിട്ടുന്ന വിഭവങ്ങൾകൊണ്ടു ഇപ്പോഴത്തെ ഏററവും വിഷമപ്രശ്നമായ ഭക്ഷ്യസാധനങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആദായം ഉണ്ടാക്കുന്നതിനും കാരണമായിത്തീരുന്നതാണ്. അതേഅവസരത്തിൽതന്നെ ഭൂമിയിൻമേലുള്ള പരിപൂർണ്ണാവകാശം അപ്രകാരം ദേഹണ്ഡംചെയ്യുന്ന ആൾക്കു സിദ്ധിക്കുന്നതുമല്ല. മറെറാരുകാരണം, തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും രാജ്യം കഴിയുന്നവിധം സമ്പൽസമൃദ്ധമാക്കുന്നതിനും ഈ വിധത്തിലുള്ള ഒരു നയം സ്വീകരിക്കേണ്ടതായിട്ടിരിക്കുന്നു. ഈ ഘട്ടത്തിൽ ഗവൺമെൻറു പ്രധാനമായ ഒന്നുരണ്ടു കാര്യങ്ങൾ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. സർ, ചരിത്രസംബന്ധമായ കാരണങ്ങളാലോ പാരമ്പര്യംകൊണ്ടോ മററു പലവിധത്തിലുള്ള കാരണങ്ങളാലോ ചില സമുദായക്കാർക്ക് ഭൂമികൾ പതിച്ചുവാങ്ങിക്കുന്നതിനും വനങ്ങളിലും മററും പ്രവേശിച്ച് വസ്തുക്കൾ പതിപ്പിച്ചു വാങ്ങി കൃഷിചെയ്തു ആദായം എടുക്കുന്നതിനും സൌകര്യമുണ്ടായിരുന്നില്ലെന്നുള്ള വസ്തുത ഇവിടെ വിസ്മരിക്കാൻ പാടില്ലാത്തതാണ്. ആ കാലങ്ങളിൽ ഉദ്യോഗലാഭത്തിലുള്ള ഭ്രമം നിമിത്തം ഓരോ കുടുംബത്തിലെയും യുവാക്കന്മാർ ഭൂമി സമ്പാദിക്കുന്നതിനൊ, ദേഹണ്ഡംചെയ്യുന്നതിനൊ ശ്രമിക്കാതെ കേവലം അനാസ്ഥയോടും അലസതയോടും കൂടി കഴിച്ചുകൂട്ടിവന്നിരുന്നിരുന്നു. എന്നാൽ ഇക്കാലത്ത് എല്ലാ കാര്യങ്ങളിലും സാമുദായികവാദം......

MR. M. L. JANARDANAN PILLAI : I move that the question be now put.

PRESIDENT : Order, order; but not in the middle of a speech. I am surprised that the honourable member with his experience of the procedure of the House, has raised to move for closure in the middle of the speech.

MR. PULIYOOR T. P. VELAYUDHAN PILLAI : സാമുദായികവാദവും, ജനസംഖ്യാനുപാതവാദവും അനുസരിച്ചുള്ള അവകാശം സ്ഥാനത്തും അസ്ഥാനത്തും പുറപ്പെടുവിച്ചു പല സമുദായക്കാരും മുറവിളി കൂട്ടിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടമാണിതെന്നുള്ളതു സർവ്വവിദിതമാണല്ലോ. അടുത്തകാലത്തുണ്ടായിട്ടുള്ള സാമുദായിക നിയമങ്ങൾമൂലം വിവിധസമുദായങ്ങളുടെ ഇടയിൽ കൂട്ടുകുടുംബ വ്യവസ്ഥ അവസാനിച്ചുപോകുന്നതിനും അതുനിമിത്തം പ്രധാന സമുദായങ്ങളിൽ ഉൾപ്പെട്ട ഓരോ വ്യക്തിയും അവന്റെ ജീവിത മാർഗ്ഗത്തിനായി വസ്തുവിൽ കൃഷിചെയ്തു ആദായമുണ്ടാക്കുന്നതിനു നിർബ്ബന്ധിതരായിത്തീർന്നിട്ടുണ്ട്. ഈ വിഷമഘട്ടത്തിലാണു ഭൂമി പതിപ്പിച്ചുവാങ്ങേണ്ടതിന്റെ അത്യാവശ്യകത ആ സമുദായങ്ങളിൽപെട്ടവർക്ക് ബോദ്ധ്യപ്പെട്ടുതുടങ്ങിയതു്. അപ്പോഴേക്കു ഇതര സമുദായക്കാർ [illegible] വളരെ വിസ്തീർണ്ണമുള്ള ഭൂമികൾ പതിപ്പിച്ചു വാങ്ങിക്കഴിയുകയും ചെയ്തു. ദായവ്യവസ്ഥയാൽ കൂട്ടുകുടുംബവ്യവസ്ഥ ശിഥിലീകരിച്ചതു നിമിത്തം നിരാലംബരായി ഭവിച്ചിട്ടുള്ള ആളുകൾ തങ്ങൾക്കു കൂടി ഭൂമി പതിച്ചു കിട്ടണമെന്നു ആവശ്യപ്പെട്ടപ്പോഴാണു ഗവർമ്മെന്റിന്റെ ഭൂമിപതിവുനയം മാറുന്നതിനു ഇടയായതു്. ഇത്രയും ഞാൻ പ്രസ്താവിക്കുന്നതു ദീർഘകാലത്തേക്കു പാട്ടവ്യവസ്ഥയിന്മേൽ കൊടുക്കുന്ന വിഷയത്തിൽ ഭൂമിപതിച്ചു വാങ്ങുന്നതിനു ഇതുവരെ പല പരിതസ്ഥിതികളാൽ സാധിക്കാതെ വന്നിട്ടുള്ള സമുദായങ്ങളിലെ അംഗങ്ങൾക്ക് മററു വകുപ്പുകളിൽ പുറപ്പെടുവിക്കുന്ന ജനസംഖ്യാനുപാതവാദത്തെ ആസ്പദമാക്കിയൊ അല്ലാതെയൊ, മുൻഗണന നൽകുന്നതിനു പ്രത്യേകം ശ്രദ്ധിക്കണമെന്നു ഞാൻ അപേക്ഷിക്കുന്നു. വിശിഷ്യാ നിർധനന്മാരായ ആളുകളുടെ പേരിൽ സർക്കാരിൽനിന്നും പാട്ടവ്യവസ്ഥയിന്മേൽ കൊടുക്കുന്ന വസ്തുക്കൾ ഭൂമിവളരെ പതിച്ചു വാങ്ങിയിട്ടുള്ള സമുദായത്തിലെ ധനവാന്മാർക്കു കൈമാററം ചെയ്തുപോകാതിരിക്കുന്നതിനും ശ്രദ്ധിക്കേണ്ടതാണു്.

PRESIDENT: Order, Order. The question before the House is that the motion be now put.

The motion was put and carried.

The motion of Mr. P. K. Kuriakose was put and lost.

MR. M. L. JANARDHANAN PILLAI: I demand a poll.

Results.

AYES.

1. P. K. Kuriakose.
2. P. O. Thomas.

NOES.

1. Rajyasevapravina G. Parameswaran Pillai.
2. Mr. K. G. Kunjukrishna Pillai.
3. Mr. S. Narayana Aiyar.
4. Mr. G. Narayanan Tampi.
5. Mr. C. KumaraDas.
6. Mr. K. Madhava Kurup.
7. Mr. S. John.
8. Rao Bahadur T. V. Venkiteswara Iyer.
9. Mr. C. P. Gopala Panicker.
10. Mr. E. G. Salter.
11. Rajyasevanirata S. Chattanatha Karayalar.
12. Rajyasevanirata K. G. Parameswaran Pillai.
13. Mr. V. K. Velayudhan.
14. Mr. PuliyoorT. P. Velayudhan Pillai.
15. Mr. V. K. Velappan Nair.
16. Mr. A. K. Bhaskar.
17. Mr. R. Madhavan Nair.
18. Mr. V. Madhavan.
19. Mr. E. K. Madhavan.
20. Mr. M. K. Chandrasekhara Bhattathiri.
21. Mr. K. M. Paul.
22. Mr. Chazhikattu Joseph.
23. Mr. K. Balakrishna Menon.
24. Mr. N. D. Parameswaran Namboothiri.
25. Mr. V. Sreedharan Pillai.
26. Mr. C. S. Lekshmana Aiyar.
27. Mr. M. R. Ramakrishna Pillai.
28. Mr. V. S. Krishna Pillai.
29. Mr. K. Varghese Ithac.
30. Mr. P. M. Varghese.
31. Mr. V. I. Idicula.
32. Mr. S. Sankaranarayanan Tampi.
33. Mr. A. P. Udayabhanu.
34. Mr. T. K. Narayana Pillai.
35. Mr. Varkala K. Madhavan.
36. Mr. K. A. Mahomed.
37. Mr. M. K. Mahomed.
38. Mr. G. Parameswaran Pillai.
39. Mr. A. R. Sulaiman Sait.
40. Mr. P. K. Kunju.
41. Mr. S. Muthukaruppa Pillai.
42. Mr. C. K. Sankara Pillai.
43. Mr. P. S. Mahomed.
44. Mr. K. R. Narayanan.
45. Mr. M. L. Janardhanan Pillai.
46. Mr. T. T. Kesavan Sastri.
47. Mr. P. K. Kumaran.
48. Mr. K. C. Karunakaran.
49. Sry. T. Narayani Amma.
50. Mr. P. Yesudian.
51. Mr. S. Thiraviam Nadar.
52. Mr. P. R. Atchuthan.
53. Mr. P. C. Adichan.

NEUTRALS.

1. Mr. D. Thomas.
2. Mr. J. T. Moraes.
3. Mr. J. E. A. Pereira.

The motion was lost.

The House adjourned at 6-30 P. M.

S. VAIDYANATHA AIYAR,
Secretary to the Sri Mulam Assembly.